പഞ്ചായത്ത് രാജ്

പഞ്ചായത്ത് വകുപ്പ്
പ്രസിദ്ധീകരണം

പുസ്തകം 59 ലക്കം 6 സെപ്റ്റംബർ 2019

തീരദേശത്തെ കെട്ടിടനിർമ്മാണം ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

കേരളം സംരംഭക സൗഹൃദമാകാൻ ഈസ് ഓഫ് ഡൂയിങ് ബിസിനസ്സ്

പ്രാദേശിക ഭരണ വഴികളിലൂടെ

മാറുന്ന കാലാവസ്ഥ

വെല്ലുവിളി ഏറ്റെടുത്ത പഞ്ചായത്തുകൾ

നമ്മുടെ ലക്ഷ്യം മാലിന്യമുക്ത കേരളം

പകർച്ചവ്യാധികളെ
അകറ്റി നിർത്തുക
പരിസര ശുചിത്വ
പ്രവർത്തനങ്ങൾക്ക്
മുൻകൈ എടുക്കുക

പഞ്ചായത്ത്‌രാജ്
സെപ്റ്റംബർ 2019

അകത്ത്

മാറുന്ന കാലാവസ്ഥ
വെല്ലുവിളി ഏറ്റെടുത്ത പഞ്ചായത്തുകൾ
ഡോ. ജോയ് ഇളമൺ 5

തീരദേശത്തെ
കെട്ടിടനിർമ്മാണം
കെ. എസ്. ഗിരിജ 10

കേരളം സംരംഭക സൗഹൃദമാകാൻ
ഈസ് ഓഫ് ഡൂയിങ് ബിസിനസ്സ് 14

പ്രാദേശിക ഭരണ വഴികളിലൂടെ
എം. വിജയകുമാരൻ നായർ പൂജപ്പുര 16

മാലിന്യസംസ്കരണത്തിന്
ഗ്രാമജ്യോതിയുമായി ഉവ്വൂർ 20

വാരപ്പെട്ടിയിൽ
മരം ഒരു വരം
നിർമ്മല മോഹനൻ 22

ദിശ - സമഗ്ര വിദ്യാഭ്യാസ പരിപാടി
പഠന ഗുണനിലവാരമുയർത്തുന്നതിനുള്ള
വടവുകോട് മാതൃക
പി.കെ. വേലായുധൻ 24

ചേലേമ്പ്രയിൽ പ്രഥമശുശ്രൂഷാ സാക്ഷരതയ്ക്ക്
മിഷൻ ഫസ്റ്റ് എയിഡ്
സി. രാജേഷ് 26

മാലിന്യ സംസ്കരണം
അടിമാലി മാതൃക 28

ചൂർണ്ണിക്കരയിൽ വിളകൾക്ക്
ആരോഗ്യകേന്ദ്രം
മാലതി കെ.വി. 30

ഗുണമേന്മയുള്ള ആരോഗ്യസേവനം
ചെമ്മരുതി മാതൃക 35

വട്ടവട പഠിപ്പിക്കുന്ന
പഞ്ചായത്ത് പാഠങ്ങൾ
കെ.വി. കുര്യാക്കോസ് 38

പി.വി.സി ഫ്ലക്സ് നിരോധിച്ചു 42

പംക്തികൾ

കില ന്യൂസ് 32
വാർത്തകൾ വിശേഷങ്ങൾ 34
എന്ന് വായനക്കാർ 42

സെപ്റ്റംബർ 2019
പുസ്തകം 59 ലക്കം 6
വാർഷികവരിസംഖ്യ ₹ 120
www.lsgkerala.gov.in
www.dop.lsgkerala.gov.in

പഞ്ചായത്ത്‌രാജ്
പഞ്ചായത്ത് വകുപ്പ് പ്രസിദ്ധീകരണം

ഉപദേശക സമിതി

ചെയർമാൻ
എ.സി.മൊയ്തീൻ
തദ്ദേശസ്വയംഭരണവകുപ്പ് മന്ത്രി

അംഗങ്ങൾ
ടി.കെ. ജോസ് ഐ.എ.എസ്
അഡീഷണൽ ചീഫ് സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്
ടി.വി. സുബാഷ്
ഡയറക്ടർ, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
കെ. തുളസിഭായ് പത്മനാഭൻ
പ്രസിഡന്റ്, കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ
എം. രാധാകൃഷ്ണൻ
സെക്രട്ടറി, പ്രസ് ക്ലബ്, തിരുവനന്തപുരം
ജി. ഹരികൃഷ്ണൻ
പബ്ലിസിറ്റി ഓഫീസർ, പഞ്ചായത്ത് വകുപ്പ്

കൺവീനർ
ഡോ. ബി.എസ്. തിരുമേനി ഐ.എ.എസ്
പഞ്ചായത്ത് ഡയറക്ടർ

എഡിറ്റർ
ഡോ. ബി.എസ്. തിരുമേനി ഐ.എ.എസ്
Email: directorofpanchayat@gmail.com
ഫോൺ: 0471 2323286

അസിസ്റ്റന്റ് എഡിറ്റർ
ജി. ഹരികൃഷ്ണൻ
Email: prmdp2018@gmail.com
ഫോൺ: 0471 2786303
മൊബൈൽ: 9496047036, 7907344705

കവർ ഡിസൈൻ & ലേ ഔട്ട്
നാരായണ ഭട്ടതിരി
പ്രിന്റെയ്ഡ്സ് ലേസർ മീഡിയ

മേൽവിലാസം
എഡിറ്റർ, പഞ്ചായത്ത് രാജ് മാസിക
പഞ്ചായത്ത് ഡയറക്ടറേറ്റ്, മ്യൂസിയം പി.ഒ.
തിരുവനന്തപുരം 695033

ലേഖകരുടെ അഭിപ്രായം സർക്കാരിന്റേതായിരിക്കണമെന്നില്ല. അവയുടെ പൂർണ്ണമായ ഉത്തരവാദിത്തം ലേഖകർക്ക് മാത്രമായിരിക്കും. പരസ്യങ്ങളുടെ ഉള്ളടക്കത്തിലും പഞ്ചായത്ത് രാജിന് ഉത്തരവാദിത്തമില്ല.

എഡിറ്റോറിയൽ

വെല്ലുവിളികളെ സാധ്യതകളാക്കുക

പോയ വർഷം കേരളത്തെ ഞെട്ടിച്ച മഹാപ്രളയത്തെ നമ്മുടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നേരിട്ട രീതി ചരിത്രത്തിന്റെ ഭാഗമായി കഴിഞ്ഞു. ഇതുപോലുള്ള മഹാദുരന്തങ്ങൾ നൂറ്റാണ്ടിൽ ഒരിക്കലോ പതിറ്റാണ്ടുകളുടെ ഇടവേളകളിലോ മാത്രം സംഭവിക്കുന്നതാണെന്ന നമ്മുടെ ധാരണ തിരുത്തിക്കൊണ്ടാണ് കഴിഞ്ഞ മാസം ഏതാനും ജില്ലകളിൽ കഴിഞ്ഞ വർഷത്തേതിനു സമാനമായ മണ്ണിടിച്ചിലും ദുരന്തങ്ങളും ഉണ്ടായത്. സമാനമായ സമചിത്തതയോടെ പുതിയ സാഹചര്യവും നമ്മൾ നേരിടുകയാണ്. മഹാപ്രളയത്തിലും പദ്ധതി പ്രവർത്തനത്തിൽ പിന്നാക്കം പോവാതെ നേട്ടങ്ങൾ കൈവരിച്ച നമ്മുടെ പ്രാദേശിക സർക്കാരുകൾക്ക് ഇതും അതിജീവിക്കാൻ കഴിയും.

നിലവിലുള്ള ഭരണസമിതികൾക്ക് പദ്ധതികൾ പൂർണ്ണമായും നടപ്പിൽ വരുത്താൻ കഴിയുന്ന അവസാന പദ്ധതി വർഷമാണിത്. അതുകൊണ്ടുതന്നെ പദ്ധതി നിർവ്വഹണത്തിൽ പുതിയ റെക്കോർഡിടാൻ ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനവും മനസ്സുവയ്ക്കണം. മാറിയ സാഹചര്യങ്ങൾ വിലയിരുത്തി പ്രവർത്തന തന്ത്രം മെനയണം. 6875.77 കോടി രൂപയാണ് സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഈ വർഷത്തെ മൊത്തം വികസന ഫണ്ട്. അതിൽ 1550.84 കോടിയാണ് ഇതിനകം ചെലവഴിക്കാനായത്. 22.56 ശതമാനം. പട്ടികജാതി ഫണ്ടിന്റെ (എസ് സി പി) വിനിയോഗം 20 ശതമാനത്തിൽ താഴെ (18.45%) യാണ്. പട്ടികവർഗ്ഗ ഫണ്ടിന്റെ വിനിയോഗവും ശരാശരിയിൽ താഴെയാണ്. പോയവർഷത്തെ പദ്ധതി നേട്ടങ്ങളുമായി ഈ വർഷത്തെ നിർവ്വഹണ പുരോഗതി സ്ഥിതിവിശേഷം താരതമ്യം ചെയ്യാനും കുറവുകൾ നികത്താനുള്ള മാർഗ്ഗങ്ങൾ ആരായാനും ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനവും തയ്യാറാവണം. ഡെപ്പോസിറ്റ് വർക്കുകളുടെ കാര്യത്തിൽ നിർവ്വഹണോദ്യോഗസ്ഥർ കൂടുതൽ ജാഗ്രത കാണിക്കണം. ഓരോ പ്രവൃത്തിക്കും കൃത്യവും ശാസ്ത്രീയവുമായ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടെന്ന് ഉറപ്പു വരുത്തണം. നടപടിക്രമങ്ങൾ പൂർത്തിയാക്കി കഴിവതും നേരത്തേ തുക കൈമാറുകയും തുടർ പ്രവർത്തനങ്ങളുടെ പുരോഗതി നിരീക്ഷിക്കുകയും വേണം. തടസ്സങ്ങൾ ശ്രദ്ധയിൽപ്പെടുത്തിയാൽ ജില്ലാ കളക്ടർമാരുടെ നേതൃത്വത്തിൽ പരിഹാരമുണ്ടാവും. അതിനാവശ്യമായ നിർദ്ദേശങ്ങൾ സംസ്ഥാന സർക്കാർ ലഭ്യമാക്കിയിട്ടുണ്ട്.

മഹാപ്രളയത്തിന്റെ സാഹചര്യത്തിൽ പോലും പോയവർഷത്തെ പദ്ധതിതുകയിൽ സർക്കാർ വെട്ടിക്കുറവ് വരുത്തിയില്ല. ഈ വർഷവും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള തുകയിൽ കുറവ് വരുത്താൻ ഉദ്ദേശിക്കുന്നില്ലെന്ന് ധനകാര്യ മന്ത്രി വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ, സ്വാഭാവികമായി ഉണ്ടാകാവുന്ന കാലതാമസത്തെ കുറിച്ച് നിർവ്വഹണോദ്യോഗസ്ഥർ ബോധവാൻമാരായിരിക്കണം. പാർട്ട് ബില്ലുകൾ അനുവദിക്കാവുന്ന വലിയ പ്രവൃത്തികളുടെ കാര്യത്തിൽ അതിനു മടിക്കേണ്ടതില്ല. ട്രഷറിയിൽ ക്യൂ സമ്പ്രദായമാണെന്ന് പ്രത്യേകം പറയേണ്ടതില്ലല്ലോ. ആദ്യം ഹാജരാക്കുന്ന ബില്ലുകൾക്കേ ആദ്യം തുക ലഭിക്കൂ.

മികവെന്നാൽ നിരന്തരമായ സ്വയംനവീകരണമാണ്. അതിന് ഇടവേളകളില്ല. ഓരോ വർഷവും പുതിയതാണ്. അത് പുതിയ സാധ്യതകൾ തുറക്കും. ഒപ്പം പുതിയ വെല്ലുവിളികൾ സമ്മാനിക്കുകയും ചെയ്യും. അതിനെ നേരിട്ട് നേട്ടങ്ങൾ കൊയ്യാൻ പ്രാദേശിക സർക്കാരുകൾക്ക് കഴിയണം. വെല്ലുവിളികളെ നമുക്ക് സാധ്യതകളാക്കി മാറ്റാം. പുതിയ പദ്ധതി വർഷം മികവിന്റെ വർഷമാക്കാൻ നമുക്ക് ഒറ്റക്കെട്ടായി പ്രവർത്തിക്കാം.

ഡോ. ബി.എസ്. തിരുമേനി ഐ.എ.എസ്.

"അറിവിന്റെയും ശാസ്ത്രത്തിന്റെയും അടിത്തറയിൽ മാത്രമേ സുഖവും സന്തോഷവുമുള്ള ജീവിതം സാധ്യമാകൂ."
ഡോ. എസ്. രാധാകൃഷ്ണൻ

കവർ സ്റ്റോറി

മാറുന്ന കാലാവസ്ഥ വെല്ലുവിളി ഏറ്റെടുത്ത പഞ്ചായത്തുകൾ

ഡോ. ജോയ് ഇളമൺ

കാലാവസ്ഥാ വ്യതിയാനത്തിന്റെ പരിണിത ഫലങ്ങളിൽപ്പെട്ടതുതന്നെയാണ് വെള്ളപ്പൊക്കവും വരൾച്ചയും ഉരുൾപ്പൊട്ടലുമടക്കമുള്ള വിവിധ ദുരന്തങ്ങൾ. മനുഷ്യന്റെ സമസ്ത മേഖലകളിലും ഇന്ന് കാലാവസ്ഥാ വ്യതിയാനം നേരിട്ട് പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു. അതുകൊണ്ടുതന്നെ ജനങ്ങളുടെ പ്രശ്നങ്ങളിൽ നേരിട്ട് ഇടപെടുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഉത്തരവാദിത്തം കൂടുതലാണ്.

ചുഴലിക്കാറ്റുകൾ, വരൾച്ച, ഉഷ്ണക്കാറ്റും താപതരംഗവും, അതിവൃഷ്ടി, വെള്ളപ്പൊക്കം, പ്രളയം, ഉരുൾ പൊട്ടൽ, കാലങ്ങളും ഋതുക്കളും തെറ്റിയ മഴ, ഓരുവെള്ളം കയറിയ കിണറുകളും ജലാശയങ്ങളും, ഒരേ ജില്ലകളിൽ ഒരേ വർഷം തന്നെ വളർച്ചയും വെള്ളപ്പൊക്കവും... കഴിഞ്ഞ കുറെ വർഷങ്ങളായി കേരളത്തിലെ വിവിധ പ്രദേശങ്ങൾ നേരിട്ട ദുരന്തങ്ങളിൽ ചിലതാണിവ. ഈ അടുത്ത കാലത്തായി ഇത്തരം ദുരന്തങ്ങളുടെ എണ്ണം കൂടി വരുന്നതും ആഘാതം വലുതാകുന്നതും ശ്രദ്ധേയമാണ്. ഇവയെല്ലാം കാലാവസ്ഥാ വ്യതിയാനത്തിന്റെയും ആഗോളതാപനത്തിന്റെയുമെല്ലാം മുഖ്യഘടകങ്ങളായി കണക്കാക്കപ്പെടുന്നു. അതായത് കാലാവസ്ഥാവ്യതിയാനത്തിന്റെ ആഘാതങ്ങൾ നമ്മൾ നേരിട്ട് അനുഭവിച്ചു തുടങ്ങിയിരിക്കുന്നു എന്നർത്ഥം.

ഇക്കഴിഞ്ഞ കാലങ്ങളിലുണ്ടായിട്ടുള്ള വിവിധ ദുരന്തങ്ങൾ കാലാവസ്ഥാ വ്യതിയാനവും പരിസ്ഥിതിയും സംബന്ധിച്ച ചർച്ചയ്ക്ക് തുടക്കം കുറിച്ചിട്ടുണ്ട്. കാലാവസ്ഥാവ്യതിയാനം ഈ നൂറ്റാണ്ട് നേരിടുന്ന ഏറ്റവും വലിയ വെല്ലുവിളിയാണെന്നും മനുഷ്യന്റെ ഇടപെടലും പ്രകൃത്യാലുള്ള മാറ്റങ്ങളും ഈ വ്യതിയാനത്തിനു കാരണമാണെന്നും ഇന്ന് പരക്കെ അംഗീകരിക്കപ്പെട്ടിട്ടുണ്ട്. ഇതിന്റെ ഭാഗമായി ആദ്യം സൂചിപ്പിച്ച ദുരന്തങ്ങൾക്കുമപ്പുറം താപനില, ആർദ്രത, കാറ്റിന്റെ ഗതി, മഴലഭ്യത എന്നിവയിലെല്ലാം മാറ്റങ്ങൾ ഉണ്ടായിവരുന്നുണ്ട്. ഇവ ജീവിതത്തിന്റെ സമസ്ത മേഖലകളെയും പ്രത്യക്ഷമായും പരോക്ഷമായും ബാധിക്കുന്നുമുണ്ട്.

കാലാവസ്ഥാ വ്യതിയാനം ഒരു

> ആഗോള വെല്ലുവിളിയായി കാലാവസ്ഥാവ്യതിയാനം ലോകത്തിന് മുമ്പിൽ നില്ക്കുകയാണ്. ഈ വെല്ലുവിളികളെ നേരിടാൻ കൂടിയാണ് കേരള സർക്കാർ നവകേരള കർമ്മപരിപാടി ആവിഷ്കരിച്ചിരിക്കുന്നത്

ആഗോള പ്രതിഭാസമാണ്. സ്വാഭാവികമായുള്ള മാറ്റങ്ങളെക്കാൾ മനുഷ്യ നിർമ്മിതമായ പ്രശ്നങ്ങളാണ് ഈ വ്യതിയാനത്തിന്റെ വേഗവും ശക്തിയും വർദ്ധിപ്പിച്ചത്. അതിന്റെ തുടർച്ചയായി ഉണ്ടാകുന്ന ദുരന്തങ്ങളുടെ സ്ഥിതിയും വ്യത്യസ്തമല്ല. ആഗോളതലത്തിലുണ്ടാകുന്ന അത്തരം ദുരന്തങ്ങൾക്കൊപ്പം പ്രാദേശികമായി പ്രകൃതിയിലുള്ള പല തരം ഇടപെടലുകൾ ദുരന്തങ്ങളുടെ സാധ്യത വർദ്ധിപ്പിക്കുകയും ആഘാതങ്ങൾ കൂട്ടുകയും ചെയ്യുന്നു. ഈ സാഹചര്യത്തിൽ ആഗോള കാലാവസ്ഥാ വ്യതിയാനം ലഘൂകരിക്കാവുന്ന പ്രാദേശിക പ്രവർത്തനങ്ങൾ ഏറ്റെടുക്കേണ്ടതിനൊപ്പം ഇതിനകം സംഭവിച്ച വ്യതിയാനത്തിന് അനുസൃതമായി പ്രവർത്തനങ്ങൾ ആവിഷ്കരിക്കാനും കഴിയണം. ദുരന്തങ്ങളെ തടയുവാനും ആഘാതങ്ങൾ ലഘൂകരിക്കുവാനാവശ്യമായ തയ്യാറെടുപ്പുകൾ നടത്തുവാനും തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾക്കാവണം.

കാലാവസ്ഥാ വ്യതിയാനത്തിന്റെ പരിണിത ഫലങ്ങളിൽപ്പെട്ടതുതന്നെയാണ് വെള്ളപ്പൊക്കവും വരൾച്ചയും ഉരുൾപ്പൊട്ടലുമടക്കമുള്ള വിവിധ ദുരന്തങ്ങൾ. മനുഷ്യന്റെ സമസ്ത മേഖലകളിലും ഇന്ന് കാലാവസ്ഥാ വ്യതിയാനം നേരിട്ട് പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു. ദുരന്തങ്ങൾ മാത്രമല്ല, വിവിധ വികസന പ്രവർത്തനങ്ങളും തൊഴിലും ആരോഗ്യവും കൃഷിയുമെല്ലാം ഇതിന്റെ പരിധിയിൽ വരും. ഇത് വളരെ ദൂരവ്യാപകമായ പ്രത്യാഘാതങ്ങളാണ് നല്കാൻ പോകുന്നത്. അതിനാൽ തന്നെ ജനങ്ങളുടെ പ്രശ്നങ്ങളിൽ നേരിട്ട് ഇടപെടുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഉത്തരവാദിത്തം കൂടുതലാണ്.

കാലാവസ്ഥാ വ്യതിയാനം ലഘൂകരിക്കാനും (Mitigation) നേരിടാനുള്ള പ്രവർത്തനങ്ങൾ ആവിഷ്കരിക്കാനും (Adaptation) നമുക്ക് കഴിയണം. അത്തരത്തിലുള്ള വിവിധ പ്രവർത്തനങ്ങളെ സംയോജിപ്പിച്ചുകൊണ്ടുള്ള പ്രവർത്തനങ്ങൾക്കാണ് കാലാവസ്ഥാനുസൃത വികസനമെന്ന് (Climate Resilient Development) പറയപ്പെടുന്നത്. ദുരന്തനിവാരണ ലഘൂകരണ മാനേജ്മെന്റ് പദ്ധതി ആവിഷ്കരിക്കുമ്പോൾ തന്നെ ദീർഘവീക്ഷണത്തോടുകൂടിയുള്ള കാലാവസ്ഥാനുസൃത വികസന ആസൂത്രണം ആരംഭിക്കേണ്ടതാണ്. ആഗോള വെല്ലുവിളിയായി കാലാവസ്ഥാ വ്യതിയാനം ലോകത്തിന് മുമ്പിൽ നില്ക്കുകയാണ്. ഈ വെല്ലുവിളികളെ നേരിടാൻ കൂടിയാണ് കേരള സർക്കാർ നവകേരള കർമ്മപരിപാടി ആവിഷ്കരിച്ചിരിക്കുന്നത്. ഹരിതകേരള ദൗത്യത്തിന്റെയും ആർദ്രം ദൗത്യത്തിന്റെയും പ്രവർത്തനങ്ങളിൽ ഇതിനായുള്ള ഇടപെടലുകളുടെ ആവശ്യകതയും സാധ്യതകളും കാണാൻ കഴിയും.

കേരളത്തിൽ ആലപ്പുഴ, ഇടുക്കി, വയനാട്, പാലക്കാട് എന്നീ ജില്ലകളിൽ കാലാവസ്ഥാ വ്യതിയാനത്തിന്റെ ആഘാത സാധ്യതകൾ കൂടുതലായി കണക്കാക്കിയിരിക്കുന്നു. എന്നാൽ 2018 ആഗസ്റ്റ് മാസത്തിൽ ഉണ്ടായ മഹാപ്രളയത്തിന്റെ പശ്ചാത്തലത്തിൽ ഇന്ന് കേരളത്തിന്റെ എല്ലാ ജില്ലകളും അതിപ്രാധാന്യ ആഘാത സാധ്യത കൂടിയ പ്രദേശങ്ങളായി മാറി. നമ്മുടെ സംസ്ഥാനത്ത് ഇതിനകം തന്നെ ഒരു സ്റ്റേറ്റ് ആക്ഷൻപ്ലാൻ ഓൺ ക്ലൈമറ്റ് ചേഞ്ച് തയ്യാറാക്കിയിട്ടുണ്ട്. (പുതിയ സാഹചര്യത്തിൽ പുനഃപരിശോധന ആവശ്യമായേക്കാം). ഡയറക്ടറേറ്റ് ഓഫ് എൺവിറോൺമെന്റ് ആന്റ് ക്ലൈമറ്റ് ചേഞ്ച് ആണ് ഇതിന്റെ നോഡൽ സ്ഥാപനം.

കേരളത്തിന്റെ പ്രാദേശിക പ്രത്യേകതകൾ കണക്കിലെടുത്ത് പ്രകൃതിയെ സംര

പലപ്പോഴും തദ്ദേശഭരണ സംവിധാനവും റവന്യൂ വിഭാഗവും ഇതര ഏജൻസികളും തമ്മിലുള്ള ബന്ധങ്ങളും ചുമതലകളും സംബന്ധിച്ച വ്യക്തതക്കുറവ് കാര്യങ്ങളെ ഏകോപിപ്പിച്ച് മുന്നോട്ടു പോകുന്നതിൽ തടസ്സമാകാറുണ്ട്.

ക്ഷിക്കുന്നതിനും പ്രകൃതിയുടെ സന്തുലനാവസ്ഥ നശിപ്പിക്കുന്നതിനെ ചെറുക്കുന്നതിനും പരിസ്ഥിതി ആഘാതങ്ങൾ നിയന്ത്രിക്കുന്നതിനും പ്രാദേശിക ഭരണകൂടങ്ങൾക്കുള്ള ബാധ്യത ഏറെയാണ്. ജനങ്ങളുടെ ഭൗതികവും സാംസ്കാരികവും കായികവും കലാപരവുമായ പ്രശ്നങ്ങളിൽ നേരിട്ട് ഇടപെടുന്ന പ്രാദേശിക ഭരണ സ്ഥാപനങ്ങൾ സുസ്ഥിരമായ വികസനത്തെക്കുറിച്ച് ഗൗരവമായി ചിന്തിക്കുകയും അതിനുവേണ്ട ഇടപെടലുകൾ നടത്തുകയും വേണം. അതിനനുസൃതമായ ഒരു നയം ഇന്ന് മാറിയ പശ്ചാത്തലത്തിൽ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും നടപ്പിൽ വരുത്തണം.

വേണം ഒരു പ്രാദേശിക കർമ്മപദ്ധതി

കാലാവസ്ഥാ വ്യതിയാനം കൊണ്ടുള്ള ഓരോ പ്രദേശത്തിന്റെയും പ്രശ്നങ്ങൾ ഏറ്റവും കൂടുതൽ അറിയുന്നത് അതത് പ്രദേശത്തെ തദ്ദേശ സ്ഥാപനങ്ങൾക്കാണ്. പ്രാദേശിക തലത്തിൽ വ്യതിയാനത്തിന്റെ അവസ്ഥ വിശകലനം ചെയ്യുവാനും അനന്തരഫലങ്ങൾ പ്രാദേശികമായി നേരിടുവാനുമുള്ള കർമ്മപരിപാടികൾ തദ്ദേശ സ്ഥാപനങ്ങൾ ആവിഷ്ക്കരിക്കേണ്ടതുണ്ട്. ഇത് ദുരന്ത നിവാരണ ലഘൂകരണ മാനേജ്മെന്റ് പരിപാടിയുമായി സംയോജിപ്പിക്കണം. അങ്ങനെ തയ്യാറാക്കുന്ന പ്രാദേശിക കർമ്മപദ്ധതിയിലൂടെ (LAPCC - Local Action Plan on Climate Change) കാലാവസ്ഥാനുസൃത തദ്ദേശഭരണ സ്ഥാപനങ്ങളായി (കാലാവസ്ഥാ സൗഹൃദ) വികസിപ്പിച്ചെടുക്കാനുള്ള വിപുലമായ പരിപാടിക്ക് നവകേരള കർമ്മപദ്ധതിയുടെയും റീബിൽഡ് കേരള ഇനീഷ്യേറ്റീവിന്റെയും ഭാഗമായി നമുക്ക് തുടക്കം കുറിക്കാനാകും.

ഓരോ പഞ്ചായത്തിലും ലോക്കൽ ആക്ഷൻ പ്ലാൻ ഓൺ ക്ലൈമറ്റ് ചേഞ്ച് (എൽ.എ.പി.സി.സി.) എന്ന പ്രാദേശിക കർമ്മപദ്ധതി എന്ന ആശയം കില വികസിപ്പിച്ചിരുന്നു. പരിസ്ഥിതി, ജൈവവൈവിധ്യം, ജനജീവിതം എന്നീ മേഖലകളിൽ ഉണ്ടാകുന്ന പ്രത്യാഘാതങ്ങൾ മനസ്സിലാക്കുകയും അതിനെ എങ്ങനെ പ്രാദേശികമായി നേരിടാം എന്ന് ചിന്തിക്കുകയും അത് പ്രാദേശിക കർമ്മപദ്ധതിയാക്കി മാറ്റുകയും ചെയ്യുക എന്നതാണ് ഈ ആശയം ലക്ഷ്യമിടുന്നത്. ദുരന്തങ്ങളുടെ ആഘാതവും വ്യാപ്തിയും വർദ്ധിച്ചതോടെ ദുരന്തങ്ങളെ നേരിടുന്നതും ഈ കർമ്മ പദ്ധതിയുടെ മുഖ്യഭാഗമാണ്.

ആഗോളതലത്തിൽ തന്നെ കാലാവസ്ഥയെ പ്രതികൂലമായി ബാധിച്ചത് താപനില, ആർദ്രത, കാറ്റിന്റെ ഗതി, മഴയുടെ ലഭ്യത എന്നീ നാല് മുഖ്യഘടകങ്ങളാണ്. ഈ നാല് ഘടകങ്ങളുടെ മാറ്റം കഴിഞ്ഞ മുപ്പത് വർഷത്തിൽ ഓരോ തദ്ദേശസ്വയംഭരണ പ്രദേശങ്ങളിൽ എത്രത്തോളം ആണെന്നും ഇതിന് ഏറ്റവും ആക്കം കൂട്ടിയ കാരണങ്ങൾ എന്തെല്ലാമെന്ന് തിരിച്ചറിയുകയും അത് കുറച്ചുകൊണ്ടുവരികയോ, ഇല്ലാതാക്കുകയോ ചെയ്യുക വഴി ഓരോ പ്രാദേശിക ഭരണസ്ഥാപനങ്ങൾക്കും ഇന്ന് ലോകത്തിന് ഭീഷണിയായി മാറിയ ഈ പ്രശ്നം പരിഹരിക്കുന്നതിന് നിർണ്ണായകമായ സംഭാവന നല്കാൻ കഴിയും. കേരളത്തിലെ പ്രാദേശിക ഭരണ സംവിധാനങ്ങൾക്ക് ഇത്തരത്തിലുള്ള ഒരു മാതൃകയാണ് വയനാട് ജില്ലയിലെ മീനങ്ങാടി ഗ്രാമപഞ്ചായത്ത്. ആഗോളനയത്തിന്റെ ചുവടുപിടിച്ച് 2020 ഓടെ 'കാർബൺ ന്യൂട്രൽ പഞ്ചായത്ത്' എന്ന് പ്രതിജ്ഞയെടുക്കുകയും അത് നടപ്പിലാ

ക്കാൻ വേണ്ട ഇച്ഛാശക്തി കാട്ടുകയും ചെയ്ത ഈ പ്രാദേശിക ഭരണകൂടം ഇന്ന് ലോകത്തിന് തന്നെ മാതൃകയാണ്.

കാലാവസ്ഥാ വ്യതിയാനത്തിൽ ഉണ്ടാകുന്ന മാറ്റം കുറയ്ക്കുന്നതിനു വേണ്ടി പ്രാദേശിക ഭരണസംവിധാനത്തിൽ 'ജൈവ വൈവിധ്യ മാനേജ്മെന്റ്, കാലാവസ്ഥാ വ്യതിയാനം, പരിസ്ഥിതി സംരക്ഷണം, ദുരന്തനിവാരണം' എന്ന ഒരു പുതിയ വർക്കിംഗ് ഗ്രൂപ്പിനുകൂടി രൂപം നല്കിയിട്ടുണ്ട്. ഈ വർക്കിംഗ് ഗ്രൂപ്പിന്റെ പ്രധാന ലക്ഷ്യങ്ങളിൽ ഒന്ന് കാലാവസ്ഥാ വ്യതിയാനം മൂലം ഉണ്ടാകുന്ന പ്രശ്നങ്ങൾ ലഘൂകരിക്കുകയോ അനുരൂപണം ചെയ്യുകയോ ആണ്. അതിനായി ആദ്യം തന്നെ പഞ്ചായത്തിൽ എത്രത്തോളം കാലാവസ്ഥയിൽ മാറ്റം സംഭവിച്ചു, എന്തെല്ലാം മേഖലകളെ ബാധിച്ചു എന്നറിയുകയാണ്. അതിന്റെ ഭാഗമായി പ്രാദേശിക തലത്തിൽ ഒരു കർമ്മപദ്ധതി ഉണ്ടാകേണ്ടത് അത്യാവശ്യമാണ്.

കില ഇതു സംബന്ധിച്ച ആശയവും രീതിശാസ്ത്രവും വികസിപ്പിച്ചെടുക്കുകയും കുറെയധികം തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ഇതിനകം തന്നെ വിവിധ ഘട്ട പരിശീലനങ്ങൾ സംഘടിപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഡയറക്ടറേറ്റ് ഓഫ് എൺവിറോൺമെന്റ് ആന്റ് ക്ലൈമറ്റ് ചേഞ്ചിന്റെയും കൊച്ചി ശാസ്ത്ര-സാങ്കേതിക സർവ്വകലാശാലയുടെയും കാലാവസ്ഥാ വ്യതിയാന കേന്ദ്രത്തിന്റെയും മറ്റും സഹകരണത്തിലാണ് ഈ പരിപാടി സംഘടിപ്പിച്ച് വന്നിരുന്നത്. അതിന്റെ ഭാഗമായി പരിശീലന മൊഡ്യൂളുകളും മറ്റ് പുസ്തകങ്ങളും തയ്യാറാക്കി. പരിശീലനങ്ങളുടെ തുടർച്ചയായി ചില പഞ്ചായത്തുകളും ഇതിനകം തന്നെ കാലാവസ്ഥാ വ്യതിയാനം സംബന്ധിച്ച പ്രാദേശിക കർമ്മ പരിപാടിയുടെ കരട് തയ്യാറാക്കിയിട്ടുണ്ട്.

ദുരന്തങ്ങളെന്ന വെല്ലുവിളി

ആദ്യം സൂചിപ്പിച്ചത് പോലെ പല ദുരന്തങ്ങളും ഈ സാഹചര്യത്തിൽ നമ്മെ അലട്ടുകയാണ്. അവ ഒറ്റപ്പെട്ട സംഭവങ്ങളല്ല എന്നും നമുക്കിന്നു വ്യക്തമാണ്. ഏതൊരു ദുരന്തവേളയിലും ഏറ്റവും അടുത്തുള്ള സ്ഥാപനങ്ങളും ഏജൻസികളുമാണ് ആദ്യമേ എത്തേണ്ടത്. അവർക്കേ അതിനു കഴിയൂ. അതിന് അവർക്കുള്ള കാര്യശേഷിയാണ് ദുരന്തത്തെ നേരിടുന്നതിൽ സുപ്രധാനമെന്നുള്ള പൊതുതത്വം നമ്മുടെ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ഏറെ ബാധകമാണ്. ഒരു പരിധിവരെ ദുരന്തവേളയിൽ അവർ അത് തെളിയിക്കുകയും ചെയ്തു. ഇതിനാവശ്യമായ സംവിധാനങ്ങളോ കാര്യശേഷി വികസനമോ ഇല്ലാതിരുന്ന വേളയിൽ പോലും. എന്നാൽ എല്ലാതരം ദുരന്തങ്ങളും ഒഴിവാക്കുവാനോ ലഘൂകരിക്കുവാനോ അവയെ തരണം ചെയ്യുവാനോ ഉള്ള നടപടികൾക്ക് പ്രാദേശിക തലങ്ങളിൽ തയ്യാറെടുക്കേണ്ടതുണ്ട്. അത്തരം കാര്യങ്ങളിൽ വിവിധ തലത്തിലുള്ള പ്രവർത്തനങ്ങളും ഏകോപനവും ആവശ്യമാണ്. കേരളത്തെ സംബന്ധിച്ചിടത്തോളം പ്രാദേശിക തലത്തിൽ ഇത്തരം പ്രവർത്തനങ്ങൾ സംഘടിപ്പിക്കുവാനും ഏകോപിപ്പിക്കുവാനും തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് തീർച്ചയായും കഴിയും. എന്നാൽ ഇതു സംബന്ധിച്ച് കൂടുതൽ വ്യക്തത വരുത്തേണ്ടതും തദ്ദേശഭരണ സ്ഥാപനങ്ങളുടെ സാധ്യത ഉപയോഗിച്ച് പ്രവർത്തനങ്ങൾ ആവിഷ്കരിക്കേണ്ടതുമാണ്.

പലപ്പോഴും തദ്ദേശഭരണ സംവിധാനവും റവന്യൂ വിഭാഗവും ഇതര ഏജൻസികളും തമ്മിലുള്ള ബന്ധങ്ങളും ചുമതലകളും സംബന്ധിച്ച വ്യക്തതക്കുറവ് കാര്യങ്ങളെ ഏകോപിപ്പിച്ച് മുന്നോട്ടു പോകുന്നതിൽ തടസ്സമാകാറുണ്ട്. ദേശീയ നിയമങ്ങളുടെയും ചട്ടങ്ങളുടെയും മാർഗ്ഗരേഖകളുടെയും അടിസ്ഥാനത്തിലാണ് ദുരന്ത നിവാരണ സംവിധാനങ്ങൾ ചിട്ടപ്പെടുത്തിയിരിക്കുന്നത്. എന്നാൽ ഇതിനിന്നു മാറ്റം വന്നു തുടങ്ങിയിട്ടുണ്ട്. കേരളത്തിന്റെ പ്രത്യേക സാഹചര്യത്തിൽ തദ്ദേശഭരണ സ്ഥാപനങ്ങളും റവന്യൂ വിഭാഗവും ഒന്നിച്ചു പ്രവർത്തിക്കുവാനുതകുന്ന നടപടികളാണ് ഈ വർഷം സർക്കാർ എടുത്തത്. ജില്ലാ തലത്തിൽ ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയുടെ നേതൃത്വത്തിലാണ് ഇത്തരം കാര്യങ്ങൾ സംഘടിപ്പിക്കുന്നത്. ജില്ലാ കളക്ടർ ചെയർമാനും ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് കോ-ചെയർമാനുമായുള്ള അതോറിറ്റിയാണിത്. പ്രാദേശിക തലത്തിൽ ഇത്തരം ഒരു സമിതി ഇനിയും നിലവിൽ വന്നിട്ടില്ല. വിവിധ വകുപ്പുകളെയും ഏജൻസികളെയും ഉദ്യോഗസ്ഥരെയും സന്നദ്ധ പ്രവർത്തകരെയും ഏകോപിപ്പിച്ചുകൊണ്ടുള്ള പ്രവർത്തന പരിപാടിക്ക് തദ്ദേശ സ്ഥാപനങ്ങൾ നേതൃത്വം നല്കണം. ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയുടെ മാർഗ്ഗനിർദ്ദേശങ്ങൾക്കനുസരിച്ചും ജില്ലാദുരന്ത നിവാരണ പദ്ധതിയുടെ ചുവടുപിടിച്ചും പ്രാദേശിക തലത്തിൽ ദുരന്ത നിവാരണ ലഘൂകരണ മാനേജ്മെന്റ് പ്ലാൻ തയ്യാറാക്കാവുന്നതാണ്.

വില്ലേജ് തലത്തിലാണോ പഞ്ചായത്ത് തലത്തിലാണോ അത്തരമൊരു പ്ലാൻ വേണ്ടതെന്ന തർക്കം പലപ്പോഴും ഉയർന്നുവരാറുണ്ട്. ദുരന്ത നിവാരണ ലഘൂകരണ പ്രവർത്തനങ്ങൾ വികസന പ്രക്രിയയുടെ ഭാഗമായി തന്നെ കൈകാര്യം ചെയ്യേണ്ടതിനാലും കേരളത്തിൽ തദ്ദേശഭരണ സ്ഥാപന അടിസ്ഥാനത്തിൽ പഞ്ചവത്സര-വാർഷിക പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നതിനാലും തദ്ദേശഭരണ സ്ഥാപന അടിസ്ഥാനത്തിൽ ദുരന്ത നിവാരണ ലഘൂകരണ മാനേജ്മെന്റ് പദ്ധതി

തയ്യാറാക്കുന്നത് ഉചിതമാകും. ഇത് സംബന്ധിച്ചും സർക്കാർ പുതിയ മാർഗ്ഗനിർദ്ദേശങ്ങൾ തയ്യാറാക്കി വരികയാണ്. ഇതിനകം തന്നെ വാർഷിക പദ്ധതി രൂപീകരണത്തിനായി "പരിസ്ഥിതി, ജൈവവൈവിധ്യം, കാലാവസ്ഥാ വ്യതിയാനം, ദുരന്ത നിവാരണം" എന്ന പേരിൽ എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളിലും വർക്കിംഗ് ഗ്രൂപ്പുകൾ രൂപീകരിക്കുവാൻ നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ദുരന്തവേളയിലും തുടർന്നുള്ള ചില പ്രവർത്തനങ്ങളിലും വില്ലേജ് അതിരുകളുടെ അടിസ്ഥാനത്തിൽ പ്രവർത്തനങ്ങൾ ആവശ്യം വരുമെന്നതിനാൽ വില്ലേജ്തല പ്ലാനും വേണ്ടിവരും. ഇവ രണ്ടും സംയോജിപ്പിച്ചുകൊണ്ടുള്ള ഒരു പ്രവർത്തനപരിപാടിക്ക് നമുക്ക് രൂപം നൽകാനാവണം. ഇതിന്റെ അടിസ്ഥാനത്തിൽ അതിബൃഹത്തായ ഒരു പ്രവർത്തന പരിപാടിക്ക് അടിയന്തരമായി രൂപം നൽകണം. കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയും സംസ്ഥാന ആസൂത്രണ ബോർഡും കിലയും പരിശീലനങ്ങൾ സംബന്ധിച്ച് ചില പ്രാഥമിക ചർച്ചകൾ നടത്തുകയുണ്ടായിട്ടുണ്ട്.

സ്ഥലപരാസൂത്രണവും ഭൂഉപയോഗവും

കാലാവസ്ഥാ വ്യതിയാന പ്രാദേശിക കർമ്മ പദ്ധതിയാണെങ്കിലും ദുരന്തനിവാരണ ലഘൂകരണ മാനേജ്മെന്റ് പ്ലാൻ ആണെങ്കിലും ദീർഘവീക്ഷണത്തോടെയുള്ള സ്ഥലപരാസൂത്രണം അടിസ്ഥാനമാക്കിയാലെ ഇനി നമുക്ക് മുന്നോട്ടു പോകാനാകൂ. പ്രാദേശിക മാസ്റ്റർപ്ലാനുകളുടെ ആവശ്യകത ഇവിടെയാണ് ഉയരുന്നത്. അത്തരം മാസ്റ്റർപ്ലാനുകൾ ഓരോ തദ്ദേശഭരണ സ്ഥാപനത്തിനും അനിവാര്യമാണ്. പലപ്പോഴും മാസ്റ്റർപ്ലാനുകളെ സംശയത്തോടെയാണ് ജനങ്ങൾ വീക്ഷിക്കാറുള്ളത്.

നഗരങ്ങളിലെ അനുഭവങ്ങളാണ് ഈ സംശയത്തിന് കാരണം. നിയന്ത്രണങ്ങൾക്ക് മാത്രമായുള്ള രേഖയായാണ് ഇവയെ പ്രയോഗത്തിൽ കാണുക. എന്നാൽ കേവലം നിയന്ത്രണ ഉപാധി എന്നതിനപ്പുറം ഓരോ പ്രദേശത്തിന്റെയും പ്രശ്നങ്ങളുടെയും സാധ്യതകൾക്കനുസരിച്ച് ഭൂവിനിയോഗവും വികസനവും ആസൂത്രണം ചെയ്യുന്ന വികസനോന്മുഖമായ മാസ്റ്റർപ്ലാനുകളാണ് തദ്ദേശഭരണ സ്ഥാപനങ്ങൾ തയ്യാറാക്കേണ്ടത്. കാലാവസ്ഥാ വ്യതിയാനവും ദുരന്ത സാധ്യതകളും കണ്ടുകൊണ്ട് എങ്ങനെ ജനജീവിതം മെച്ചപ്പെടുത്താമെന്നും വ്യത്യസ്ത സാങ്കേതിക വിദ്യകൾ ഉപയോഗിച്ചുകൊണ്ട് എങ്ങനെ മുന്നോട്ടു പോകാമെന്നും ചിന്തിക്കേണ്ടിയിരിക്കുന്നു. നവ കേരള കർമ്മ പദ്ധതിയും റീബിൽഡ് കേരള ഇനിഷ്യേറ്റീവും ലക്ഷ്യമിടുന്നതും അതാണ്.

പ്രാദേശിക തലത്തിൽ ഇതിനാവശ്യമായ സാങ്കേതിക വൈദഗ്ദ്ധ്യം വിവിധ ഏജൻസികളിൽ നിന്നും ലഭ്യമാക്കണം. ജനപങ്കാളിത്തത്തോടെ സാങ്കേതിക വൈദഗ്ദ്ധ്യം ഉപയോഗിച്ചുള്ള ശാസ്ത്രീയമായ മാസ്റ്റർപ്ലാനുകൾ രൂപീകരിക്കുവാൻ ഇനി വൈകിക്കൂടാ.

മേൽ സൂചിപ്പിച്ച ആശയങ്ങളും രീതിശാസ്ത്രവും ഇനിയും മെച്ചപ്പെടുത്തി വികസിപ്പിക്കേണ്ടതുണ്ട്. സ്ഥലപരാസൂത്രണ തിലൂന്നിയ മാസ്റ്റർപ്ലാനുകൾ ഭൂ ഉപയോഗ ആസൂത്രണവും ദുരന്തനിവാരണ ലഘൂകരണ മാനേജ്മെന്റ് പ്ലാനുമായും വാർഷിക പദ്ധതിയുമായും സംയോജിപ്പിക്കുന്ന രീതിയും വികസിപ്പിക്കുന്നതോടുകൂടി മാത്രമേ കാലാവസ്ഥാനുസൃത തദ്ദേശഭരണ സ്ഥാപനങ്ങളുടെ (Climate Resilient Local Government) ലക്ഷ്യം പൂർത്തിയാവൂ. ഇതുമായി ബന്ധപ്പെടേണ്ട നിരവധി വകുപ്പുകൾ, ഏജൻസികൾ, ശാസ്ത്ര-സാങ്കേതിക സ്ഥാപനങ്ങൾ എന്നിവയെല്ലാം സംയോജിപ്പിച്ചുകൊണ്ടുള്ള വിപുലമായ പരിപാടിക്ക് നമുക്ക് തുടക്കം കുറിക്കാനാകും. അതിനായി എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളും കാലാവസ്ഥാനുസൃത വികസനത്തിന്റെ (Climate Resilient Local Governments) പാതയിലേക്ക് മുന്നേറുക വഴി നവകേരള സൃഷ്ടിയിൽ ഒരു നാഴികക്കല്ല് കൂടിയാകുമത്.

ലേഖകൻ കില ഡയറക്ടറാണ്.

തീരദേശത്തെ കെട്ടിടനിർമ്മാണം

തീരദേശ നിയന്ത്രണ നിയമവുമായി ബന്ധപ്പെട്ട് ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

■ കെ. എസ്. ഗിരിജ

ജനസംഖ്യ, പാരിസ്ഥിതിക സെൻസിറ്റിവിറ്റി, കടലിൽ നിന്നുള്ള ദൂരം മുതലായവയുടെ അടിസ്ഥാനത്തിൽ വിവിധ തരത്തിലുള്ള നിയന്ത്രണങ്ങൾ തീരദേശ നിയന്ത്രണ മേഖലയിൽ ബാധകമാണ്.

തീരദേശ സംരക്ഷണം ഉറപ്പാക്കുന്നതിനും തീരദേശത്തിന്റെ സുസ്ഥിര വികസനം കൈവരിക്കുന്നതിനും അനിയന്ത്രിതമായ വികസനത്തിൽ നിന്നും ഈ മേഖലയെ സംരക്ഷിക്കുന്നതിനും വേണ്ടിയാണ് പരിസ്ഥിതി സംരക്ഷണ നിയമത്തിന്റെ പരിധിയിലുൾപ്പെടുത്തി കേന്ദ്രസർക്കാർ 1991-ൽ തീരദേശ നിയന്ത്രണ നിയമം (CRZ Notification) വിജ്ഞാപനം ചെയ്തത്. തുടർന്ന് 2011-ലും 2019-ലും പുതിയ നിയമങ്ങൾ വിജ്ഞാപനം ചെയ്യുകയുണ്ടായി. CRZ നിയമങ്ങൾ നിർമ്മിക്കുന്നത് കേന്ദ്രപരിസ്ഥിതി മന്ത്രാലയം ആണെങ്കിലും അതു നടപ്പിലാക്കേണ്ടത് തീരദേശ മാനേജ്മെന്റ് അതോറിറ്റികളെ ഉപയോഗിച്ച് സംസ്ഥാന സർക്കാരുകളാണ്. കേന്ദ്രനിയമങ്ങൾക്ക് അനുസൃതമായി ഓരോ സംസ്ഥാനവും അവരവരുടെ തീരദേശ പരിപാലന പ്ലാനുകൾ ആവിഷ്കരിക്കേണ്ടതുണ്ട്. ജനസംഖ്യ, പാരിസ്ഥിതിക സെൻസിറ്റിവിറ്റി, കടലിൽ നിന്നുള്ള ദൂരം മുതലായവയുടെ അടിസ്ഥാനത്തിൽ വിവിധ തരത്തിലുള്ള നിയന്ത്രണങ്ങൾ ഈ തീരദേശ നിയന്ത്രണ മേഖലയിൽ

ബാധകമാണ്.

തീരദേശമേഖലയും പരിസ്ഥിതിയും തനതായ രീതിയിൽ സംരക്ഷിക്കുക, തീര നിരകളെ സംരക്ഷിച്ച നിലനിർത്തുക, തീരദേശ മത്സ്യത്തൊഴിലാളി വിഭാഗം, മറ്റു പ്രാദേശിക സമൂഹം എന്നിവരുടെ ഉപജീവനമാർഗ്ഗം ഉറപ്പാക്കുക, തീരദേശങ്ങളിലെ പ്രകൃതിക്ഷോഭങ്ങളെ കണക്കിലെടുത്ത് ശാസ്ത്രീയതത്വങ്ങൾക്കനുസൃതമായി വികസന പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുക തുടങ്ങിയവയാണ് ഈ നിയമം കൊണ്ട് ലക്ഷ്യമാക്കുന്നത്. വർദ്ധിച്ച ജനസാന്ദ്രതയാൽ വീർപ്പുമുട്ടുന്ന തീരപ്രദേശത്ത് പാർപ്പിടങ്ങൾക്കു വേണ്ടിയും തൊഴിൽ സംരംഭങ്ങൾക്കു വേണ്ടിയും ധാരാളം നിർമ്മാണ പ്രവർത്തനങ്ങൾ അനിയന്ത്രിതമായും അനധികൃതമായും നടന്നു വരുന്നു. സമുദ്രത്തിന് സമീപമുള്ള ദുർബലമായ ജൈവവ്യവസ്ഥകൾ സംരക്ഷിക്കാനായി തീരദേശത്തുള്ള നിർമ്മാണ പ്രവർത്തനങ്ങളും സമുദ്രത്തിനോട് ചേർന്നുള്ള മാനുഷികവും വ്യാവസായികവുമായിട്ടുള്ള പ്രവർത്തനങ്ങളും CRZ നിയമങ്ങൾ പരിപാലിക്കുന്നു.

കടൽ, കായൽ, നദീമുഖം എന്നിവയുടെ തീരത്തോടു ചേർന്നു കിടക്കുന്ന ഗ്രാമ പഞ്ചായത്തുകൾ, മുനിസിപ്പാലിറ്റികൾ, കോർപ്പറേഷനുകൾ എന്നിവയുടെ തീരപ്രദേശങ്ങൾ തീരദേശ നിയന്ത്രണ നിയമത്തിന്റെ പരിധിയിൽപ്പെടുന്നു. 2019-ലെ തീരദേശ നിയന്ത്രണ വിജ്ഞാപനം പ്രകാരം കേരളത്തിലെ തീരദേശ പ്രദേശങ്ങളെ CRZ-I (CRZ-IA&CRZ-IB),CRZ-II,CRZ-III,(CRZ-IIIA &CRZ-IIIB),CRZ-IV,(CRZ-IVA,CRZ-IVB)എന്നിങ്ങനെ 4 മേഖലകളായി തിരിച്ചിട്ടുണ്ട്. ഓരോ മേഖലയിലും തീരനിയന്ത്രണ നിയമം വ്യത്യസ്തമായാണ് നടപ്പാക്കുന്നത്. എല്ലാ മേഖലയിലും പൊതുവായി നിരോധിച്ചിട്ടുള്ള പ്രവൃത്തികളുമുണ്ട്. തീരദേശപ്രദേശത്ത് നിർമ്മാണപ്രവർത്തനങ്ങൾ തുടങ്ങുന്നതിനു മുമ്പ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് നിർദ്ദിഷ്ട പ്രവൃത്തികൾ തീരദ്ദേശ നിയന്ത്രണത്തിനു വിധേയമാണെന്ന് ഉറപ്പാക്കേണ്ടതാണ്.

തീരദേശ നിയന്ത്രണ നിയമത്തിനു കീഴിൽ കെട്ടിടനിർമ്മാണത്തിന് ജില്ലാതല സമിതിയുടെ പരിഗണനയ്ക്ക് സമർപ്പിക്കുമ്പോൾ ശ്രദ്ധിക്കേണ്ട പ്രധാന കാര്യങ്ങൾ താഴെ വിവരിക്കുന്നു.

CRZ നിയമങ്ങൾ നിർമ്മിക്കുന്നത് കേന്ദ്രപരിസ്ഥിതി മന്ത്രാലയം ആണെങ്കിലും അതു നടപ്പിലാക്കേണ്ടത് തീരദേശ മാനേജ്മെന്റ് അതോറിറ്റികളെ ഉപയോഗിച്ച് സംസ്ഥാന സർക്കാരുകളാണ്. കേന്ദ്രനിയമങ്ങൾക്ക് അനുസൃതമായി ഓരോ സംസ്ഥാനവും അവരവരുടെ തീരദേശ പരിപാലന പ്ലാനുകൾ ആവിഷ്കരിക്കേണ്ടതുണ്ട്.

- വാസഗൃഹങ്ങൾക്ക് അനുമതി നൽകുവാൻ മാത്രമേ ജില്ലാതല സമിതിക്ക് അധികാരമുള്ളൂ. മറ്റ് ഉപയോഗ ഗണത്തിലുള്ള നിർമ്മാണങ്ങൾക്ക് KCZMA യിൽനിന്നും അനുമതി വാങ്ങേണ്ടതാണ്.
- കടൽത്തീരത്ത്, വേലിയേറ്റ രേഖയിൽ നിന്നും 200 മീറ്ററിനുള്ളിൽ പരമാവധി 100 ച.മീറ്റർ വരെ വിസ്തീർണ്ണമുള്ള വാസഗൃഹങ്ങൾക്ക് മാത്രമേ അനുമതി നൽകുവാൻ കഴിയുകയുള്ളൂ.
- 200 മീറ്ററിനും 500 മീറ്ററിനും ഇടയിൽ പരമാവധി 250 ച.മീറ്റർ വരെ വിസ്തീർണ്ണമുള്ള വാസഗൃഹങ്ങൾക്ക് മാത്രമേ അനുമതി നൽകുവാൻ കഴിയുകയുള്ളൂ.
- വിശദാംശങ്ങൾ ഇതോടൊപ്പമുള്ള ടേബിളിൽ ചേർത്തിട്ടുണ്ട്.
- അപേക്ഷ പൂർണ്ണമായും പൂരിപ്പിച്ചിരിക്കണം.
- അപേക്ഷകന്റെ ഒപ്പ്, പേര്, മേൽവിലാസം, സർവ്വെ നമ്പർ, സ്ഥല വിസ്തീർണ്ണം, കെട്ടിടത്തിന്റെ ഉപയോഗം, വിസ്തീർണ്ണം, വേലിയേറ്റ രേഖയിൽ നിന്നും കെട്ടിടത്തിലേക്കുള്ള കൃത്യമായ ദൂരം, തീരം ഏത് വിഭാഗത്തിൽപ്പെടുന്നു എന്നിവ അപേക്ഷയിൽ അപേക്ഷകൻ/ അപേക്ഷക വ്യക്തമായി രേഖപ്പെടുത്തിയിട്ടുണ്ടെന്ന് സെക്രട്ടറി പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതാണ്.
- അപേക്ഷകൻ മൽസ്യബന്ധന സമൂഹത്തിൽപ്പെട്ടതാണോ അല്ലെങ്കിൽ പരമ്പരാഗത തദ്ദേശ വാസിയാണോ എന്ന് വ്യക്തമായി രേഖപ്പെടുത്തേണ്ടതാണ്. ആണെങ്കിൽ അത് തെളിയിക്കുന്ന സ്വയംഭരണ സ്ഥാപനം സാക്ഷ്യപ്പെടുത്തിയ രേഖയും നൽകണം.
- വേലിയേറ്റ രേഖയിൽ നിന്നും കെട്ടിടത്തിലേക്കുള്ള കൃത്യമായ ദൂരം, നിർമ്മാണ സ്ഥലം ഏത് വിഭാഗത്തിൽപ്പെടുന്നു (CRZ-I,II,III,IV), നദി/ തോടിന്റെ വീതി, നദി/തോട്ടിൽ നിന്നും കെട്ടിടത്തിലേക്കുള്ള കൃത്യമായ ദൂരം, അനുമതി സംബന്ധിച്ച് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ ശുപാർശ / വിയോജന കുറിപ്പ് -അതിന്റെ വിശദാംശങ്ങൾ, പ്രത്യേക അഭിപ്രായം ഉണ്ടെങ്കിൽ അവ, സെക്രട്ടറിയുടെ ഒപ്പ്, ഓഫീസ് സീൽ എന്നിവ

തീരദേശ നിയന്ത്രണ നിയമം-ജില്ലാതല സമിതിയുടെ പരിധിയിൽ വരുന്നവ (വാസഗൃഹങ്ങൾ മാത്രം)
ഗ്രാമ പഞ്ചായത്ത് തലം (മേഖലകൾ CRZ-III)

കടൽത്തീരം

ദൂരപരിധി	അനുവദിക്കപ്പെടാവുന്ന വിഭാഗങ്ങൾ	പരമാവധി നിർമ്മാണ വിസ്തീർണ്ണം	നിർമ്മാണ രീതി	എഫ്. എ. ആർ	കെട്ടിടത്തിന്റെ ഉയരം
HTL-ൽ നിന്നും 100 മീറ്ററിനുള്ളിൽ	പരമ്പരാഗത മത്സ്യത്തൊഴിലാളി അല്ലെങ്കിൽ തദ്ദേശവാസി	1996 ന് മുൻപ് നിലവിലുണ്ടായിരുന്ന കെട്ടിടത്തിന്റെ വിസ്തീർണ്ണത്തിൽ അധികരിക്കാത്ത നിർമ്മാണങ്ങൾക്ക് (പരമാവധി 100 ച.മീ)	നിലവിലുള്ള കെട്ടിടത്തിന്റെ പുനർനിർമ്മാണം, പുനരുദ്ധാരണം	1.5	9 മീറ്റർ അല്ലെങ്കിൽ G+1
HTL മുതൽ 100 മീറ്ററിനുള്ളിൽ പുതിയ നിർമ്മാണങ്ങൾ അനുവദനീയമല്ല					
100 മീറ്റർ മുതൽ 200 മീറ്റർ വരെ	പരമ്പരാഗത മത്സ്യത്തൊഴിലാളി അല്ലെങ്കിൽ തദ്ദേശവാസി	100 ച.മീ.	നിലവിലുള്ള കെട്ടിടത്തിന്റെ പുനർനിർമ്മാണം, പുനരുദ്ധാരണം, പുതിയ നിർമ്മാണം	1.5	9 മീറ്റർ അല്ലെങ്കിൽ G+1
200 മീറ്റർ മുതൽ 500 മീറ്റർ വരെ	എല്ലാവിഭാഗങ്ങൾക്കും	250 ച.മീ.	നിലവിലുള്ള കെട്ടിടത്തിന്റെ പുനർനിർമ്മാണം, പുനരുദ്ധാരണം, പുതിയ നിർമ്മാണം	1.5	9 മീറ്റർ അല്ലെങ്കിൽ G+1
കായൽ/ തോട്/നദി					
കായൽക്കരയിൽനിന്നും 100 മീറ്ററിനുള്ളിൽ അല്ലെങ്കിൽ തോട്, നദി എന്നിവയാണെങ്കിൽ 100മീറ്ററോഇവയുടെ വീതിയോ ഏതാണോ കുറവ് പരിധിയിൽ വരുന്നവ	പരമ്പരാഗത മത്സ്യത്തൊഴിലാളി അല്ലെങ്കിൽ തദ്ദേശവാസി	1996 ന് മുൻപ് നിലവിലുണ്ടായിരുന്ന കെട്ടിടത്തിന്റെ വിസ്തീർണ്ണത്തിൽ അധികരിക്കാത്ത നിർമ്മാണങ്ങൾക്ക്(പരമാവധി 100 ച.മീ.)	നിലവിലുള്ള കെട്ടിടത്തിന്റെ പുനർനിർമ്മാണം, അല്ലെങ്കിൽ പുനരുദ്ധാരണം	1.5	9 മീറ്റർ അല്ലെങ്കിൽ G+1
കായൽക്കരയിൽനിന്നും 100 മീറ്ററിനുള്ളിൽ പുതിയ നിർമ്മാണങ്ങൾ അനുവദനീയമല്ല					
കായൽത്തുരുത്ത് (ദ്വീപ്)					
ദ്വീപിന്റെ കരയിൽനിന്നും 50 മീറ്ററിനുള്ളിൽ	പരമ്പരാഗത മത്സ്യത്തൊഴിലാളി അല്ലെങ്കിൽ തദ്ദേശവാസി	1996 ന് മുൻപ് നിലവിലുണ്ടായിരുന്ന കെട്ടിടത്തിന്റെ വിസ്തീർണ്ണത്തിൽ അധികരിക്കാത്ത നിർമ്മാണങ്ങൾക്ക് (പരമാവധി 100 ച.മീ.)	നിലവിലുള്ള കെട്ടിടത്തിന്റെ പുനർനിർമ്മാണം, അല്ലെങ്കിൽ പുനരുദ്ധാരണം	1.5	9 മീറ്റർ അല്ലെങ്കിൽ G+1
ദ്വീപിന്റെ കരയിൽനിന്നും 50 മീറ്ററിനുള്ളിൽ പുതിയ നിർമ്മാണങ്ങൾ അനുവദനീയമല്ല					

തദ്ദേശസ്വയംഭരണ സ്ഥാപനത്തിലെ ഓഫീസ് ആവശ്യത്തിന് എന്നുള്ള ഭാഗത്ത് സെക്രട്ടറി രേഖപ്പെടുത്തേണ്ടതാണ്.

- തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ജില്ലാ തല സമിതിയുടെ പരിഗണനയ്ക്ക് അപേക്ഷ അയയ്ക്കുമ്പോൾ നിശ്ചിത മാതൃകയിലുള്ള പൂരിപ്പിച്ച ഫോർമാറ്റിന്റെ ഹാർഡ് കോപ്പിയും സോഫ്റ്റ് കോപ്പിയും (വേർഡ്/എക്സൽ) അയച്ചു തരുവാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.
- ഓരോ അപേക്ഷയ്ക്കും പ്രത്യേകം ഫോർമാറ്റ് വയ്ക്കേണ്ടതില്ല. എല്ലാ അപേക്ഷകൾക്കുംകൂടി ഒരു ഫോർമാറ്റ് മതിയാകുന്നതാണ്. അപേക്ഷകൾ ക്രമനമ്പർ അനുസരിച്ച് രേഖപ്പെടുത്തിയാൽ മതിയാകും.
- ലോക്കൽ ബോഡിയുടെ പേര്, അപേക്ഷകന്റെ / അപേക്ഷകയുടെ പേരും മേൽവിലാസവും അപേക്ഷകൻ/ അപേക്ഷക മൽസ്യ ബന്ധന സമൂഹത്തിൽപ്പെട്ടതാണോ അല്ലെങ്കിൽ പരമ്പരാഗത തദ്ദേശ വാസിയാണോ,

നഗരസഭാ തലം– CRZ-II

കടൽത്തീരം

ദൂരപരിധി	പരമാവധി നിർമ്മാണ വിസ്തീർണ്ണം
HTL-ൽ നിന്നും 500 മീറ്ററിനുള്ളിൽ	1996-ന മുൻപുള്ള അംഗീകൃത കെട്ടിടമോ, റോഡോ ഉണ്ടെങ്കിൽ അതിന്റെ നേർ രേഖയിൽനിന്നും കരഭാഗത്തേക്ക്, പരമാവധി 100 ച.മീറ്റർ വിസ്തീർണ്ണത്തിൽ വാസഗൃഹങ്ങളുടെ പുനർനിർമ്മാണം, പുനരുദ്ധാരണം, പുതിയ നിർമ്മാണം എന്നിവ FAR 1.5 അല്ലെങ്കിൽ FSI 33% ൽ നിജപ്പെടുത്തി അനുവദിക്കാവുന്നതാണ്.
കായൽ/ തോട്/നദി	
കായൽക്കരയിൽനിന്നും 100 മീറ്ററിനുള്ളിൽ. തോട്,നദി എന്നിവയാണെങ്കിൽ 100 മീറ്ററോ/ ഇവയുടെ വീതിയോ ഏതാണോ കുറവ്	1996-ന മുൻപുള്ള അംഗീകൃത കെട്ടിടമോ, റോഡോ ഉണ്ടെങ്കിൽ അതിന്റെ നേർ രേഖയിൽനിന്നും കരഭാഗത്തേക്ക്, പരമാവധി 100 ച.മീറ്റർ വിസ്തീർണ്ണത്തിൽ വാസഗൃഹങ്ങളുടെ പുനർനിർമ്മാണം, പുനരുദ്ധാരണം, പുതിയ നിർമ്മാണം എന്നിവ FAR 1.5 അല്ലെങ്കിൽ FSI 33% ൽ നിജപ്പെടുത്തി അനുവദിക്കാവുന്നതാണ്.
കായൽത്തുരുത്ത് (ദ്വീപ്)	
ദ്വീപിന്റെ കരയിൽനിന്നും 50 മീറ്ററിനുള്ളിൽ	1996-ന മുൻപുള്ള അംഗീകൃത കെട്ടിടമോ, റോഡോ ഉണ്ടെങ്കിൽ അതിന്റെ നേർ രേഖയിൽനിന്നും കരഭാഗത്തേക്ക്, പരമാവധി 100 ച.മീറ്റർ വിസ്തീർണ്ണത്തിൽ വാസഗൃഹങ്ങളുടെ പുനർനിർമ്മാണം, പുനരുദ്ധാരണം, പുതിയ നിർമ്മാണം എന്നിവ FAR 1.5 അല്ലെങ്കിൽ FSI 33% ൽ നിജപ്പെടുത്തി അനുവദിക്കാവുന്നതാണ്.

കുറിപ്പ്: CRZ മേഖലയിൽ കെട്ടിടത്തിന്റെ ഉപയോഗം (occupancy) മാറ്റുവാൻ ജില്ലാതല കമ്മിറ്റിക്ക് അധികാരമില്ല.

സർവ്വെ നമ്പർ, സ്ഥല വിസ്തീർണ്ണം, കെട്ടിടത്തിന്റെ ഉപയോഗം, കെട്ടിടത്തിന്റെ വിസ്തീർണ്ണം, വേലിയേറ്റ രേഖയിൽ നിന്നും കെട്ടിടത്തിലേക്കുള്ള കൃത്യമായ ദൂരം, തീരം ഏത് വിഭാഗത്തിൽപ്പെടുന്നു, കെട്ടിടത്തിന്റെ ഉയരം, FAR, പുതിയ നിർമ്മാണമാണോ, കെട്ടിടം പുനർനിർമ്മിക്കുന്നതിനാണോ അല്ലെങ്കിൽ ക്രമവൽക്കരിക്കുന്നതിനാണോ എന്നും, നദി/ തോട് എന്നിവയാണെങ്കിൽ അവയുടെ വീതി, നിലവിൽ കെട്ടിടമുണ്ടായിരുന്നുവെങ്കിൽ ആ കെട്ടിടത്തിന്റെ കാലപ്പഴക്കം, വിസ്തീർണ്ണം (റിമാർക്സ് കോളത്തിൽ) മുതലായവ ഫോർമാറ്റിൽ വ്യക്തമായി രേഖപ്പെടുത്തേണ്ടതാണ്.

- ഫോർമാറ്റിന്റെ എല്ലാ പേജിലും സെക്രട്ടറി ഒപ്പ് വച്ച് ഓഫീസ് സീൽ പതിക്കേണ്ടതാണ്.
- കെട്ടിടത്തിന്റെ പ്ലാൻ, കൂടാതെ വേലിയേറ്റ രേഖയിൽ നിന്നും കെട്ടിടത്തിലേക്കുള്ള ദൂരം, FAR, കെട്ടിടത്തിന്റെ ഉയരം, അപേക്ഷകന്റെ ഒപ്പ്, പേര്, മേൽവിലാസം, സർവ്വെ നമ്പർ, സ്ഥല വിസ്തീർണ്ണം, കെട്ടിടത്തിന്റെ ഉപയോഗം, കെട്ടിടത്തിന്റെ വിസ്തീർണ്ണം, നിലവിൽ കെട്ടിടമുണ്ടായിരുന്നുവെങ്കിൽ ആ കെട്ടിടത്തിന്റെ കാലപ്പഴക്കം, വിസ്തീർണ്ണം, തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ പേര് മുതലായവ ഉൾപ്പെടുത്തിക്കൊണ്ടുള്ള സൈറ്റ് പ്ലാൻ എന്നിവ സെക്രട്ടറി കൗണ്ടർ സൈൻ ചെയ്ത് അപേക്ഷയോടൊപ്പം വയ്ക്കേണ്ടതാണ്.

കടൽ, കായൽ, നദീമുഖം എന്നിവയുടെ തീരത്തോടു ചേർന്നു കിടക്കുന്ന ഗ്രാമ പഞ്ചായത്തുകൾ, മുനിസിപ്പാലിറ്റികൾ, കോർപ്പറേഷനുകൾ എന്നിവയുടെ തീരപ്രദേശങ്ങൾ തീരദേശ നിയന്ത്രണ നിയമത്തിന്റെ പരിധിയിൽപ്പെടുന്നു.

ലേഖിക മുഖ്യനഗരാസൂത്രികയാണ്.

സദ്ഭരണം

കേരളം സംരംഭക സൗഹൃദമാകാൻ ഈസ് ഓഫ് ഡൂയിങ് ബിസിനസ്സ്

കേരള നിക്ഷേപം പ്രോൽസാഹിപ്പിക്കലും സുഗമമാക്കലും ആക്ട് (2018) എന്ന നിയമത്തിലൂടെ, വിവിധ വകുപ്പുകളിലെ 7 നിയമങ്ങളാണ് ഭേദഗതി ചെയ്തിരിക്കുന്നത്. വിവിധ വകുപ്പുകളുടെ 10 ചട്ടങ്ങളും ഭേദഗതി വരുത്തിയിട്ടുണ്ട്.

കേരളത്തെ ഒരു വ്യവസായ സൗഹൃദ സംസ്ഥാനമാക്കി മാറ്റുന്നതിന്റെ ഭാഗമായി സർക്കാർ നടപ്പിലാക്കിവരുന്ന ഒരു പ്രധാന പദ്ധതിയാണ് ഈസ് ഓഫ് ഡൂയിങ് ബിസിനസ്സ്. വ്യവസായ വളർച്ചയിൽ കേരളത്തെ മറ്റ് മുൻനിര സംസ്ഥാനങ്ങളോടൊപ്പം എത്തിക്കുകയെന്നത് ഇതിന്റെ പ്രധാന ലക്ഷ്യമാണ്. സംസ്ഥാനങ്ങളെ വ്യവസായ നിക്ഷേപ സാധ്യതയുടെ അടിസ്ഥാനത്തിൽ റാങ്ക് ചെയ്യുന്ന കേന്ദ്ര ഗവൺമെന്റിന്റെ ഡിപ്പാർട്ട്മെന്റ് ഫോർ പ്രൊമോഷൻ ഓഫ് ഇൻഡസ്ട്രി ആന്റ് ഇൻറ്റേണൽ ട്രേഡിന്റെ (ഡി.പി.ഐ.ഐ .റ്റി) ചുവട്പിടിച്ചാണ് ഈസ് ഓഫ് ഡൂയിങ് ബിസിനസ്സ് നടപ്പിലാക്കുന്നത്. നിലവിലെ നിയമങ്ങൾ ലഘൂകരിക്കുകയും യുക്തിപരമായി നവീകരിക്കുകയും ചെയ്യുക, ക്ലിയറൻസ് സംബന്ധമായ ഭരണനിർവ്വഹണം കൂടുതൽ ഫലപ്രദവും പ്രയോജനകരവുമാക്കുക, സുതാര്യതയും ജനസൗഹൃദ സമീപനവും ഉറപ്പുവരുത്തുക എന്നിവയ്ക്കാണ് പദ്ധതി ഊന്നൽ നൽകുന്നത്. വിവിധ വകുപ്പുകളുടെ ചട്ടങ്ങളും നിയമങ്ങളും ലഘൂകരിക്കാനും കേരളത്തിൽ വാണിജ്യ വ്യവസായങ്ങൾ സുഗമമായി നടത്തുവാനുള്ള അന്തരീക്ഷം സൃഷ്ടിക്കാനും കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കാനും പദ്ധതി ലക്ഷ്യമിടുന്നു.

എഴ നിയമങ്ങളിലും പത്ത് ചട്ടങ്ങളിലും ഭേദഗതി

സംസ്ഥാന സർക്കാർ വ്യവസായ സംരംഭങ്ങളുടെ സുഗമമായ നടത്തിപ്പിനായി വിവിധ വകുപ്പുകളുടെ കീഴിൽ നിലവിലുള്ള ഏഴ നിയമങ്ങൾ ഭേദഗതി വരുത്തിക്കൊണ്ട് കേരള ഇൻവെസ്റ്റ്മെന്റ് പ്രമോഷൻ ആന്റ് ഫെസിലിറ്റേഷൻ ആക്ട് 2018 എന്ന പേരിൽ പുതിയ നിയമം പുറപ്പെടുവിച്ചിട്ടുണ്ട്. ഈ നിയമത്തിൽ വ്യവസായം തുടങ്ങുവാൻ അനുമതി നൽകുന്നതുമായി ബന്ധപ്പെട്ട കാലഹരണപ്പെട്ട നിയമങ്ങളിലാണ് ഭേദഗതി വരുത്തിയിരിക്കുന്നത്. കൂടാതെ, വിവിധ വകുപ്പുകൾ നിലവിലുള്ള 10 ചട്ടങ്ങളും ഭേദഗതി ചെയ്തിട്ടുണ്ട്.

വ്യവസായം തുടങ്ങുന്നതിന് വിവിധ വകുപ്പുകളിൽ നിന്നും ലഭിക്കുന്ന അനുമതികളുടെ ഏകജാലക ഓൺലൈൻ സംവിധാനം, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും നൽകുന്ന കെട്ടിട പ്ലാനുകളുടെ ഓൺലൈൻ അനുമതികൾ, വിവിധ വകുപ്പുകൾ തമ്മിലുള്ള സംയുക്ത പരിശോധനാരീതി, സ്പോട്ട് രജിസ്ട്രേഷൻ, വിവിധ വകുപ്പുകളിൽ നിന്നുള്ള സമയബന്ധിതമായ അനുമതികൾ നൽകുന്നത്, സെൽഫ് സർട്ടിഫിക്കേഷൻ (സ്വയം സാക്ഷ്യപ്പെടുത്തൽ), ഡീംഡ് അപ്രൂവൽ, വൈദ്യുതി കണക്ഷൻ, ട്രേഡ് ലൈസൻസ് എന്നിവ എളുപ്പത്തിൽ ലഭ്യമാക്കുന്നതിനുള്ള വ്യവസ്ഥകളാണ് പുതിയ നിയമത്തിന്റെ അനുകൂല ഘടകങ്ങൾ.

ഈസ് ഓഫ് ഡൂയിങ് പദ്ധതിയുടെ ഭാഗമായി വിവിധ വകുപ്പുകളിൽ നിന്നും ഏജൻസികളിൽ നിന്നും ഉള്ള ഉദ്യോഗസ്ഥർ, വിവിധ വാണിജ്യ വ്യവസായ സ്ഥാപനങ്ങളുടെ പ്രതിനിധികൾ, നിക്ഷേപകർ എന്നിവർക്കായി കെ.എസ്.ഐ.ഡി.

സി.യുടെ നേതൃത്വത്തിൽ 150 ഓളം പരിശീലന ക്ലാസുകളും ബോധവൽക്കരണ സെമിനാറുകളും നടത്തിയിട്ടുണ്ട്. കേരള നിക്ഷേപം പ്രോൽസാഹിപ്പിക്കലും സുഗമമാക്കലും ആക്ട് (2018) എന്ന നിയമത്തിലൂടെ, വിവിധ വകുപ്പുകളിലെ 7 നിയമങ്ങളാണ് ഭേദഗതി ചെയ്തിരിക്കുന്നത്. വിവിധ വകുപ്പുകളുടെ 10 ചട്ടങ്ങളും ഭേദഗതി വരുത്തിയിട്ടുണ്ട്.

പ്രധാനപ്പെട്ട ഭേദഗതികളിൽ ചിലത് താഴെ പറയുന്നു.

- ജില്ലാ മെഡിക്കൽ ഓഫീസറിൽ നിന്നുള്ള നിരാക്ഷേപ പത്രം (എൻ.ഒ.. സി), ആശുപത്രികൾ, ക്ലിനിക്കുകൾ, ലാബുകൾ, ഫാർമ സ്ഥാപനങ്ങൾ എന്നിവയ്ക്ക് മാത്രമായി ലഘൂകരിച്ചു.
- ലൈസൻസ് പെർമിറ്റ് നൽകുന്നതിനോ നിരാകരിക്കുന്നതിനോ കൃത്യമായ കാലാവധി പ്രഖ്യാപിച്ചു 30 ദിവസം കഴിയാതെ വന്നാൽ കൽപ്പിത (deemed) ലൈസൻസ് സ്വമേധയാ ലഭ്യമാകും.
- നോക്കുകൂലി സമ്പ്രദായം ഇല്ലാതാക്കി. തൊഴിലുടമയ്ക്ക് കയറ്റിറക്ക് ജോലിക്കായി രജിസ്റ്റർ ചെയ്ത ഹെഡ് ലോഡ് വർക്കേഴ്സിനെ ഉപയോഗിക്കാം. സാങ്കേതിക വൈദഗ്ധ്യം ആവശ്യമുള്ള ജോലിക്ക് മെഷിനറിയോ, സാങ്കേതികവൈദഗ്ധ്യമുള്ള വ്യക്തികളെയോ തൊഴിലുടമയ്ക്ക് ഉപയോഗിക്കാം. .
- ഒരു പ്രത്യേക നിലവാരം വരെ സ്വയം സാക്ഷ്യപ്പെടുത്തിയ അപേക്ഷകൾക്ക് അനുമതി ലഭിക്കും. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, മലിനീകരണ നിയന്ത്രണബോർഡ്, ഫയർ ആന്റ് റസ്ക്യൂ എന്നിവിടങ്ങളിൽ ഇത് ബാധകമായിരിക്കും. എന്നാൽ തെറ്റായ വിവരങ്ങൾ നൽകിയാൽ അഞ്ച് ലക്ഷം രൂപ വരെ പിഴ നൽകേണ്ടിവരും.
- സ്റ്റോപ്പ് മെമ്മോ സമ്പ്രദായം ഇല്ലാതാക്കി - ഏതെങ്കിലും ഒരു സ്ഥാപനത്തിന്റെ പ്രവർത്തനഫലമായി ശല്യമുണ്ടാകുന്നു എന്ന് പരാതി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ലഭിച്ചാൽ ഇക്കാര്യത്തിൽ സാങ്കേതിക വിഭാഗത്തിന്റെ റിപ്പോർട്ട് തേടേണ്ടതുണ്ട്. പ്രശ്നം കണ്ടെത്തിയാൽ അത് പരിഹരിക്കാൻ സ്ഥാപനത്തിന് സമയം നൽകണം. സാങ്കേതിക വകുപ്പിന്റെ നിയമം അനുസരിച്ച് അത് പരിഹരിച്ചില്ലെങ്കിൽ മാത്രമേ സ്ഥാപനം നിർത്തി വയ്ക്കാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഉത്തരവ് നൽകാൻ കഴിയൂ.
- ലൈസൻസുകളുടെ കാലാവധി അഞ്ച് വർഷമാക്കി.
- ഏകജാലക ക്ലിയറൻസ് ബോർഡുകൾക്ക് composite ക്ലിയറൻസുകൾ നൽകുവാനുള്ള അധികാരമുണ്ടായിരിക്കും.പ്രസ്തുത composite ക്ലിയറൻസുകൾ എല്ലാ വകുപ്പുകൾക്കും ബാധകമാകും.
- വൈദ്യുതി കണക്ഷൻ എടുക്കുന്നതിന് തിരിച്ചറിയൽ രേഖയും, നിയമപരമായ വസ്തുവിൻമേലുള്ള അധികാരരേഖയും സമർപ്പിച്ചാൽ മതിയാകും. .
- കെട്ടിടനിർമ്മാണ ആവശ്യത്തിന് കൂടുതൽ ഭൂമി ഉപയോഗപ്പെടുത്തുന്ന വിധത്തിൽ കവറേജ് ഏരിയയും ഫ്ലോർ ഏരിയയും തമ്മിലുള്ള അനുപാതം വർദ്ധിപ്പിച്ചു.
- അപകടകരമായ (hazardous) വിഭാഗത്തിൽ വരുന്ന വ്യവസായ സ്ഥാപനങ്ങളെ ഫാക്ടറീസ് ആക്ടിന്റെ പരിധിയിൽ കൊണ്ടുവന്നു. റോഡിന്റെ വീതി, ചുറ്റും വിടേണ്ട ഏരിയ എന്നിവയിൽ ഇതനുസരിച്ചുള്ള ഇളവുകൾ ലഭിക്കും.
- അഞ്ച് തൊഴിൽ നിയമങ്ങളിൽ സ്പോട്ട് രജിസ്ട്രേഷൻ സമ്പ്രദായം കൊണ്ടുവന്നു.
- വകുപ്പുകൾ തമ്മിലുള്ള സംയുക്ത പരിശോധനാരീതി ആവിഷ്കരിച്ചു. പരിശോധനകൾ റിസ്കിന്റെ തോതനുസരിച്ച് മാത്രം മതി.
- പ്രൊഫഷണൽ നികുതിദാതാക്കളുടെ രജിസ്ട്രേഷൻ നടപടികൾ ലഘൂകരിച്ചു.
- ചീഫ് ടൗൺ പ്ലാനിങ് ഓഫീസറെ അപ്പീൽ അധികാരിയാക്കി മാറ്റി. കെട്ടിടനിർമ്മാണ അനുമതികൾ അപ്പോൾ താഴെത്തട്ടിൽ നിന്ന് ലഭിക്കും.

വിവരങ്ങൾക്ക് കടപ്പാട്:
കെഎസ്ഐഡിസി

ഭേദഗതി ചെയ്ത നിയമങ്ങൾ

- കേരള പഞ്ചായത്ത് രാജ് ആക്ട് 1994
- കേരള മുൻസിപ്പാലിറ്റി ആക്ട് 1994
- കേരള ലിഫ്റ്റ് ആന്റ് എസ്കലേറ്റേഴ്സ് ആക്ട് 2013
- കേരള ഗ്രൗണ്ട് വാട്ടർ ആക്ട് 2002
- കേരള ഹെഡ് ലോഡ് വർക്കേഴ്സ് ആക്ട് 1978
- കേരള ഷോപ്സ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ട്
- കേരള സ്റ്റേറ്റ് സിംഗിൾ വിൻഡോ ക്ലിയറൻസ് ബോർഡ്സ് ആന്റ് ഇൻഡസ്ട്രിയൽ ടൗൺഷിപ് ഏരിയ ഡെവലപ്മെന്റ് ആക്ട് 1999

ഭേദഗതി ചെയ്ത ചട്ടങ്ങൾ

- ദി കേരളപഞ്ചായത്ത് രാജ് (ഇഷ്യൂ ഓഫ് ലൈസൻസ് ടു ഡെയ്ഞ്ചറസ് ആൻഡ് ഒഫൻസീവ് ട്രേഡ്സ് ആൻഡ് ഫാക്ടറീസ്) റൂൾസ് 1996.
- ദി കേരള പഞ്ചായത്ത് രാജ് (പ്രൊഫഷൻ ടാക്സ്) റൂൾസ് 1996.
- ദി കേരള മുൻസിപ്പാലിറ്റി (രജിസ്ട്രേഷൻ ഓഫ് പ്രൈവറ്റ് ഹോസ്പിറ്റൽസ് ആൻഡ് പാരാമെഡിക്കൽ ഇൻസ്റ്റിറ്റ്യൂഷൻസ്) റൂൾസ് 1997.
- ദി കേരള പഞ്ചായത്ത് രാജ് ബിൽഡിങ് റൂൾസ് 2011
- ദി കേരള മുൻസിപ്പാലിറ്റി ബിൽഡിങ് റൂൾസ് 1999
- ദി കേരള ഫാക്ടറീസ് റൂൾസ് 1957
- ദി കേരള ഇന്റർസ്റ്റേറ്റ് മൈഗ്രന്റ് വർക്കേഴ്സ് (റെഗുലേഷൻ ഓഫ് എംപ്ലോയ്മെന്റ് ആൻഡ് കണ്ടീഷൻ ഓഫ് സർവ്വീസ്) റൂൾസ് 1983.
- ദി കേരള കോൺട്രാക്റ്റ് ലേബർ (റെഗുലേഷൻ ആൻഡ് അബോളിഷൻ) റൂൾസ് 1974.
- ദി ബിൽഡിങ് ആൻഡ് കൺസ്ട്രക്ഷൻ വർക്കേഴ്സ് (റെഗുലേഷൻ ഓഫ് എംപ്ലോയ്മെന്റ് ആൻഡ് കണ്ടീഷൻ ഓഫ് സർവ്വീസ്) റൂൾസ് 1998.
- ദി കേരള മോട്ടോർ വർക്കേഴ്സ് റൂൾസ് 1962.



പ്രാദേശിക ഭരണ വഴികളിലൂടെ

■ എം. വിജയകുമാരൻ നായർ പൂജപ്പുര

ബ്രിട്ടീഷ് ഭരണകാലത്ത് 1882-ൽ റിപ്പൺ പ്രഭുവിന്റെ ഒരു ഉത്തരവിലൂടെയാണ് ആധുനിക പഞ്ചായത്ത് ഭരണസംവിധാനം ഇന്ത്യയിൽ ഉടലെടുത്തത്. ഈ ഭരണ നടപടികളുടെ ഭാഗമായാണ് ഇന്നത്തെ താലൂക്ക്, വില്ലേജ് ആഫീസുകൾക്ക് തുടക്കം കുറിച്ചത്.

മനുഷ്യൻ ഭൂമിയിൽ കൂട്ടായി ജീവിക്കാൻ തുടങ്ങിയതു മുതൽ പ്രാദേശിക ഭരണത്തിന്റെ വിവിധ രൂപങ്ങൾ നിലവിൽ വന്നു. ഇന്ത്യയിലും വളരെ പുരാതന കാലത്തേ ഗ്രാമഭരണം നിലനിന്നിരുന്നു. വിവിധ ഗ്രോത്രങ്ങളിലും ജാതികളിലും ഉൾപ്പെട്ട ജനവിഭാഗങ്ങൾക്ക് നേതൃത്വം നൽകിയിരുന്ന മൂപ്പന്മാരുടെ സംഘമായിരുന്നു ഗ്രാമഭരണം നിർവഹിച്ചിരുന്നത്. ചക്രവർത്തിമാരും രാജാക്കന്മാരും വളരെ പ്രതാപശാലികളായിരുന്ന കാലത്തും ഗ്രാമഭരണം ഇതേ രീതിയിൽ തുടർന്നുപോന്നു. ബ്രിട്ടീഷ് ഭരണകാലത്തിന്റെ പകുതിവരെ ഇതുതന്നെ ആയിരുന്നു ഗ്രാമങ്ങളിലെ ഭരണസമ്പ്രദായം.

ഇന്ത്യാ ഗവൺമെന്റ് ആക്ട്

ബ്രിട്ടീഷ് ഭരണകാലത്ത് 1882-ൽ റിപ്പൺ പ്രഭുവിന്റെ ഒരു ഉത്തരവിലൂടെയാണ് ആധുനിക പഞ്ചായത്ത് ഭരണസംവിധാനം ഇന്ത്യയിൽ ഉടലെടുത്തത്. ഈ ഭരണ നടപടികളുടെ ഭാഗമായാണ് ഇന്നത്തെ താലൂക്ക്, വില്ലേജ് ആഫീസുകൾക്ക് തുടക്കം കുറിച്ചത്. ഇംഗ്ലണ്ടിൽ നില

നിന്നിരുന്ന പ്രാദേശിക ഭരണസംവിധാനം ശക്തിപ്പെടുത്തുന്നതിനു നടത്തിയ ഭരണ പരിഷ്കാരങ്ങൾ ഇന്ത്യയിലും നടപ്പാക്കാൻ ബ്രിട്ടീഷ് ഭരണാധികാരികൾ തയ്യാറായി. 1919-ലെ ഇന്ത്യാ ഗവൺമെന്റ് ആക്ടിനെ തുടർന്നാണ് ഇന്ത്യയിൽ പഞ്ചായത്ത്, മുനിസിപ്പൽ നിയമങ്ങൾ ആദ്യമായി പ്രാബല്യത്തിൽ വന്നത്. നമ്മുടെ രാജ്യത്ത് വ്യവസ്ഥാപിത പഞ്ചായത്തുകളും മുനിസിപ്പാലിറ്റികളും ഡിസ്ട്രിക്റ്റ് ബോർഡുകളും നിലവിൽ വന്നത് പ്രസ്തുത നിയമ നിർമ്മാണങ്ങളിലൂടെയാണ്.

രാജ്യത്താദ്യമായി പഞ്ചായത്ത്‌രാജ് സംവിധാനം നിലവിൽവന്ന 1959 ഒക്ടോബർ 2 ന് രാജസ്ഥാനിലെ നാഗൗറിൽ നടന്ന സമ്മേളനം.

ഒരു ഗ്രാമം ഒരു റിപ്പബ്ലിക്

സ്വാതന്ത്ര്യ സമര കാലഘട്ടത്തിൽ തന്നെ പഞ്ചായത്ത് സ്ഥാപനങ്ങളെ ശക്തിപ്പെടുത്തണമെന്ന വാദം ഉയർന്നു വന്നിരുന്നു. ഗ്രാമസ്വരാജ് ഗാന്ധിജിയുടെ ഒരു സ്വപ്നമായിരുന്നു. ഓരോ ഗ്രാമവും ഓരോ റിപ്പബ്ലിക് ആയി തീരണമെന്ന് അദ്ദേഹം ആഗ്രഹിച്ചു. എന്നാൽ പ്രധാനമന്ത്രിയായിരുന്ന പണ്ഡിറ്റ് ജവഹർലാൽ നെഹ്റു കേന്ദ്രീകൃത ഭരണ, ആസൂത്രണ പ്രക്രിയയ്ക്കാണ് പ്രാമുഖ്യം നൽകിയത്. ഭരണഘടനാ ശില്പിയായിരുന്ന ഡോ. ബി.ആർ. അംബേദ്ക്കർ പഞ്ചായത്ത് രാജ് വ്യവസ്ഥയ്ക്ക് ഭരണഘടനയിൽ അർഹമായ സ്ഥാനം നൽകാൻ തയ്യാറായതുമില്ല.

ബൽവന്ത റായ് മേത്ത കമ്മിറ്റി റിപ്പോർട്ട്

1951-ൽ ഇന്ത്യയിൽ പഞ്ചവത്സര പദ്ധതിക്ക് തുടക്കം കുറിച്ചു. അതിന്റെ ഭാഗമായി സാമൂഹ്യവികസന ബ്ലോക്കുകൾ നിലവിൽ വന്നു. എന്നാൽ അഴിമതിയും അധികാര ദുർവിനിയോഗവും കാരണം ജനക്ഷേമത്തിനായി ആരംഭിച്ച പദ്ധതികൾ പലതും ലക്ഷ്യം കാണാതെ പോയി. ഈ സാഹചര്യത്തിലാണ് ബൽവന്ത് റായ് മേത്ത ചെയർമാനായി ഒരു ഉന്നതതല കമ്മിറ്റി രൂപീകരിച്ചത്. 1957-ൽ മേത്ത കമ്മിറ്റി റിപ്പോർട്ട് കേന്ദ്ര ഗവൺമെന്റിന് കൈമാറി. ഗ്രാമ, ബ്ലോക്ക്, ജില്ലാ തലങ്ങളിൽ പഞ്ചായത്തുകൾ രൂപീകരിക്കണം എന്നുള്ളതായിരുന്നു കമ്മിറ്റിയുടെ പ്രധാന ശുപാർശ.

ബൽവന്ത് റായ് മേത്ത കമ്മിറ്റിയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ രാജ്യത്ത് ആദ്യമായി രാജസ്ഥാനിൽ പുതിയ ഭരണസംവിധാനം നിലവിൽ വന്നു. 1959-ലെ ഗാന്ധിജയന്തി ദിനത്തിൽ പ്രധാനമന്ത്രി ജവഹർലാൽ നെഹ്റുവാണ് ഇത് ഉത്ഘാടനം ചെയ്തത്. ഇതിന്റെ ഭാഗമായി കേരളത്തിലും 1960-ൽ പുതിയ പഞ്ചായത്ത് നിയമം നിലവിൽ വന്നു. എന്നാൽ ഇന്ത്യയിൽ പ്രാദേശിക ഭരണ സംവിധാനം ദുർബലമായി തന്നെ തുടർന്നു. 1977-ൽ മൊറാർജി ദേശായി സർക്കാർ അശോക് മേത്ത ചെയർമാനായി ഒരു കമ്മറ്റിയെ നിയോഗിച്ചു. ഇ.എം.എസ് കൂടി അംഗമായ പ്രസ്തുത കമ്മറ്റി 1978-ൽ റിപ്പോർട്ട് സമർപ്പിച്ചു. കമ്മിറ്റി ദ്വിതല പഞ്ചായത്തുകളാണ് ശുപാർശ ചെയ്തത്.

ബൽവന്ത് റായ് മേത്ത കമ്മിറ്റിയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ രാജ്യത്ത് ആദ്യമായി രാജസ്ഥാനിൽ പുതിയ ഭരണ സംവിധാനം നിലവിൽ വന്നു. 1959-ലെ ഗാന്ധിജയന്തി ദിനത്തിൽ പ്രധാനമന്ത്രി ജവഹർലാൽ നെഹ്റുവാണ് ഇത് ഉത്ഘാടനം ചെയ്തത്.

ബൽവന്ത് റായ് മേത്ത

ജില്ലാ ഗവൺമെന്റ്

കേരളത്തിൽ 1957-ൽ മുഖ്യമന്ത്രി ഇ.എം.എസ് നമ്പൂതിരിപ്പാട് അദ്ധ്യക്ഷനായി രൂപീകരിച്ച ഭരണ പരിഷ്കാര കമ്മിറ്റിയുടെ ശുപാർശകൾ സുപ്രധാനമായിരുന്നു. ജില്ലാതലത്തിൽ ഒരു ജില്ലാ ഗവൺമെന്റ് എന്ന ആശയം കമ്മിറ്റി മുന്നോട്ട് വച്ചു.

ഇതിന്റെ അടിസ്ഥാനത്തിൽ 1958 ഡിസംബർ 9-ന് കേരള പഞ്ചായത്ത് ബില്ലും 1959 ഏപ്രിൽ 16 ന് കേരള ഡിസ്ട്രിക്ട് കൗൺസിൽ ബില്ലും മുഖ്യമന്ത്രി നിയമസഭയിൽ അവതരിപ്പിച്ചു. ഗവൺമെന്റിനെ പിരിച്ചു വിട്ടതിനാൽ ഇത് നിയമമായില്ല. 1960-61 കാലയളവിൽ പട്ടം താണുപിള്ള സർക്കാരാണ് പഞ്ചായത്ത് നിയമവും മുനിസിപ്പൽ നിയമവും പാസ്സാക്കിയത്.

ബൽവന്ത്‌റായ് മേത്ത കമ്മിറ്റി റിപ്പോർട്ടിന്റെ ചുവടുപിടിച്ച് ബ്ലോക്ക് തലത്തിൽ തെരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികളടങ്ങിയ പഞ്ചായത്ത് യൂണിയൻ കൗൺസി

ലുകളും ജില്ലാതലത്തിൽ കളക്ടർ ചെയർമാനായി ജില്ലാ പരിഷത്ത് എന്ന പേരിൽ ഉപദേശക സമിതിയും രൂപീകരിക്കാവുന്ന വിധം 1964 ഫെബ്രുവരിയിൽ ആർ. ശങ്കർ മുഖ്യമന്ത്രിയായിരുന്നപ്പോൾ "കേരള പഞ്ചായത്ത് യൂണിയൻ കൗൺസിൽസ് ആന്റ് ജില്ലാ പരിഷത്ത് ബിൽ" എന്ന പേരിൽ ഒരു ബിൽ നിയമസഭയിൽ അവതരിപ്പിച്ചുവെങ്കിലും അതിനും നിയമമാകാൻ യോഗമുണ്ടായില്ല.

ദ്വിതല സങ്കല്പവും ത്രിതല യാഥാർത്ഥ്യവും

1967 മാർച്ചിൽ അധികാരത്തിൽ വന്ന ഇ.എം.എസിന്റെ നേതൃത്വത്തിലുള്ള സർക്കാർ, പഞ്ചായത്തുകളെ സംബന്ധിച്ച് ഒരു പുതിയ നിയമനിർമ്മാണം ഉദ്ദേശിച്ചുകൊണ്ട് ആ വർഷം ആഗസ്റ്റിൽ കേരള പഞ്ചായത്ത് രാജ് ബിൽ എന്ന പേരിൽ ഒരു ബിൽ നിയമസഭയിൽ അവതരിപ്പിച്ചു. ദ്വിതല പഞ്ചായത്തുകളാണ് (ഗ്രാമതലത്തിലും ജില്ലാതലത്തിലും) അതിൽ വിഭാവനം ചെയ്തിരുന്നത്. ഈ ബില്ലിനെപ്പറ്റി നിയമസഭാ സെലക്ട് കമ്മിറ്റി വിശദമായ പഠനം നടത്തുകയും ബില്ലിൽ വളരെയധികം മാറ്റങ്ങൾ നിർദ്ദേശിക്കുകയും ചെയ്തു. സെലക്ട് കമ്മിറ്റി റിപ്പോർട്ടു ചെയ്ത പ്രകാരമുള്ള ബിൽ 1969 മാർച്ച് 26-ാം തീയതി നിയമസഭയിൽ അവതരിപ്പിച്ചുവെങ്കിലും നിയമസഭ പിരിച്ചുവിട്ടതിനാൽ ഈ ബില്ലും നിയമമാക്കാൻ കഴിഞ്ഞില്ല.

പിന്നീട് അധികാരത്തിൽ വന്ന അച്യുതമേനോൻ ഗവൺമെന്റിന്റെ കാലത്ത് 1970 ഒക്ടോബറിൽ കേരള ജില്ലാ ഭരണ ബിൽ നിയമസഭയിൽ അവതരിപ്പിച്ചു. മുൻസർക്കാരിന്റെ കാലത്ത് സെലക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള ബില്ലിന്റെ ഏകദേശരൂപത്തിൽ തന്നെയായിരുന്നു ഈ ബില്ലും. പക്ഷെ സർക്കാർ അധികാരത്തിൽ നിന്നു പോയതുകൊണ്ട് ഈ ബില്ലും നിയമമായില്ല. ഇതേ ബിൽ 1978 ആഗസ്റ്റ് 1-ാം തീയതി എ.കെ.ആന്റണി മുഖ്യമന്ത്രിയായിരിക്കുമ്പോൾ നിയമസഭയിൽ അവതരിപ്പിക്കപ്പെട്ടു. സെലക്ട് കമ്മിറ്റിയുടെ പരിഗണന കഴിഞ്ഞ് 1979-ൽ ഇത് നിയമസഭ പാസ്സാക്കി. ഇതിന് രാഷ്ട്രപതിയുടെ അംഗീകാരം ലഭിച്ചത് ഇ.കെ.നായനാർ മുഖ്യമന്ത്രിയായിരുന്നപ്പോൾ 1980 മെയ് 18-ാം തീയതിയായിരുന്നു. എന്നാൽ പ്രസ്തുത നിയമമനുസരിച്ചുള്ള തെരഞ്ഞെടുപ്പു നടത്തി ജില്ലാ കൗൺസിലുകൾ രൂപീകരിക്കാൻ പിന്നെയും വർഷങ്ങളെടുത്തു. 1991 ആദ്യമാണ് ജില്ലാ കൗൺസിലുകൾ നിലവിൽ വന്നത്. ജില്ലാ കൗൺസിലുകൾ നിലവിൽ വന്ന് അധികകാലം കഴിയുന്നതിനു മുമ്പു തന്നെ അതിന്റെ പല അധികാരങ്ങളും പുതുതായി അധികാരത്തിൽ വന്ന സംസ്ഥാന സർക്കാർ പിൻവലിച്ചത് പുതിയ സംവിധാനത്തെ നിർജ്ജീവമാക്കി. പിന്നീട് 73-ാം ഭരണഘടനാ ഭേദഗതികളുടെ അടിസ്ഥാനത്തിൽ ഗ്രാമപ്രദേശങ്ങളെ മാത്രം ഉൾപ്പെടുത്തി ജില്ലാ പഞ്ചായത്തുകൾ രൂപീകരിക്കേണ്ടതുണ്ടായിരുന്നതുകൊണ്ട് 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം പ്രാബല്യത്തിൽ വന്നതിനോടൊപ്പം ജില്ലാ കൗൺസിലുകൾക്ക് അന്ത്യം സംഭവിച്ചു. 1994-ലെ പഞ്ചായത്ത് രാജ് ആക്ടിന്റെ അടിസ്ഥാനത്തിൽ നിലവിൽ വന്നവയാണ് ഇപ്പോൾ നിലവിലുള്ള ഗ്രാമപഞ്ചായത്തുകളും ബ്ലോക്ക് പഞ്ചായത്തുകളും ജില്ലാ പഞ്ചായത്തുകളും.



മഹാത്മാഗാന്ധി

കേരളത്തിൽ 1957-ൽ മുഖ്യമന്ത്രി ഇ.എം.എസ് നമ്പൂതിരിപ്പാട് അദ്ധ്യക്ഷനായി രൂപീകരിച്ച ഭരണ പരിഷ്കാര കമ്മിറ്റിയുടെ ശുപാർശകൾ സുപ്രധാനമായിരുന്നു. ജില്ലാതലത്തിൽ ഒരു ജില്ലാ ഗവൺമെന്റ് എന്ന ആശയം കമ്മിറ്റി മുന്നോട്ട് വച്ചു.

ഇ.എം.എസ്

ശക്തിയും ദൗർബല്യവും

പ്രധാനമന്ത്രിയായിരുന്ന രാജീവ് ഗാന്ധിയാണ് പഞ്ചായത്ത് ഭരണ പരിഷ്കാരങ്ങൾക്ക് തുടക്കം കുറിച്ചത്. ഇതിന്റെ അടിസ്ഥാനത്തിലാണ് പ്രസിദ്ധമായ 73, 74 ഭരണഘടനാഭേദഗതികൾ നിലവിൽ വന്നത്. ഇതോടുകൂടി 1987-ൽ എൽ. എം.സിംഗ് വി നിർദ്ദേശിച്ച പ്രകാരമുള്ള ഭരണഘടനാ സംരക്ഷണം പഞ്ചായത്തുകൾക്കും നഗരസഭകൾക്കും ലഭിച്ചു. ഗ്രാമസഭകൾക്ക് അധികാരം, തെരഞ്ഞെടുക്കപ്പെട്ട ഭരണ സമിതികൾ, പട്ടികജാതി-പട്ടികവർഗ്ഗ സംവരണം, വനിതാസംവരണം, സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ, 5 വർഷ ഭരണസമിതികൾ, സംസ്ഥാന ധനകാര്യ കമ്മീഷൻ, ജില്ലാ ആസൂത്രണ സമിതികൾ എന്നിവ 73, 74 ഭരണഘടനാ ഭേദഗതികളുടെ സവിശേഷതകളായിരുന്നു.

73, 74 ഭരണഘടനാ ഭേദഗതി നിർദ്ദേശ പ്രകാരം 1994-ൽ കേരള പഞ്ചായത്ത് രാജ് നിയമവും കേരള മുനിസിപ്പാലിറ്റീസ് നിയമവും കേരള നിയമസഭ പാസ്സാക്കി. എന്നാലും ധാരാളം പോരായ്മകൾ ഈ നിയമങ്ങൾക്കുണ്ടായിരുന്നു. ഉദാഹരണത്തിന്, തെരഞ്ഞെടുപ്പുകളുടെ ചുമതല സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷനിൽ നിക്ഷിപ്തമാക്കിയിരുന്നുവെങ്കിലും വാർഡു വിഭജനവും സംവരണ സ്ഥാനങ്ങളുടെ

നിർണ്ണയവും സർക്കാരിന്റെ ചുമതലയിൽ നിലനിർത്തി. ഗ്രാമസഭകൾക്ക് പറയത്തക്ക അധികാരങ്ങളൊന്നും നൽകിയിരുന്നില്ല. പഞ്ചായത്തു പ്രസിഡന്റിനെയും അംഗങ്ങളെയും സ്ഥാനങ്ങളിൽ നിന്ന് നീക്കം ചെയ്യാനും തെരഞ്ഞെടുപ്പിൽ മത്സരിക്കുന്നതിന് അഞ്ചു വർഷത്തേക്ക് അവരെ അയോഗ്യരാക്കുവാനും സർക്കാരിന് അധികാരമുണ്ടായിരുന്നു. ഉദ്യോഗസ്ഥന്മാരുടെ മേൽ തദ്ദേശസ്ഥാപനങ്ങൾക്ക് നൽകിയ നിയന്ത്രണാധികാരങ്ങൾക്ക് പരിമിതികളുണ്ടായിരുന്നു. തദ്ദേശസ്ഥാപനങ്ങളുടെ മേൽ സർക്കാരിനും സർക്കാർ ഉദ്യോഗസ്ഥന്മാർക്കും അനാവശ്യമായി പല നിയന്ത്രണാധികാരങ്ങളും നൽകപ്പെട്ടു. ഗ്രാമ-ബ്ലോക്ക്-ജില്ലാ പഞ്ചായത്തുകൾക്ക് ചുമതലകൾ വീതിച്ചുനൽകിയതിലും അപാകതകളുണ്ടായിരുന്നു. ഈ പോരായ്മകൾ പരിഹരിച്ച് അധികാര വികേന്ദ്രീകരണം പൂർണ്ണ അർത്ഥത്തിൽ നടപ്പിലാക്കാനാണ് 1996-ൽ അധികാരത്തിൽ വന്ന ഇ.കെ.നായനാർ സർക്കാർ എസ്.ബി.സെൻ ചെയർമാനായി ഒരു ഉന്നതതല അധികാരവികേന്ദ്രീകരണ കമ്മിറ്റിയെ നിയോഗിച്ചത്.

സെൻ കമ്മറ്റിയും നിയമഭേദഗതികളും

സെൻകമ്മിറ്റി വിശദമായ പഠനങ്ങൾക്കു ശേഷം ഇടക്കാല റിപ്പോർട്ട് ഉൾപ്പടെ അഞ്ചു റിപ്പോർട്ടുകൾ ഗവൺമെന്റിന് കൈമാറി. ഈ റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ 282 നിയമഭേദഗതികളാണ് 1994-ലെ കേരള പഞ്ചായത്ത് മുനിസിപ്പൽ നിയമങ്ങളിൽ വരുത്തിയത്. ഈ ഭേദഗതികളാണ് കേരളത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ പൂർണ്ണ സ്വതന്ത്ര സ്ഥാപനങ്ങളാക്കി മാറ്റിയത്. ഇതനുസരിച്ച് ഗ്രാമസഭകളും വാർഡുസഭകളും പ്രവർത്തനക്ഷമമാക്കി, അംഗസംഖ്യ ക്രമപ്പെടുത്തി, തിരഞ്ഞെടുപ്പ് കമ്മീഷന് പൂർണ്ണ അധികാരം, അംഗങ്ങളെ അയോഗ്യരാക്കാനുള്ള സർക്കാരിന്റെ അധികാരം റദ്ദാക്കി, തദ്ദേശഭരണ മേധാവികൾ പൂർണ്ണ സമയ കാര്യനിർവഹണാധികാരസ്ഥൻ, സ്റ്റാന്റിംഗ് കമ്മിറ്റികൾ പ്രവർത്തനക്ഷമം, പ്രമേയം റദ്ദാക്കാനുള്ള സർക്കാർ അധികാരം എടുത്തുകളഞ്ഞു, ഭരണസമിതികളെ പിരിച്ചുവിടാനുള്ള സർക്കാരിന്റെ അധികാരം ഇല്ലാതാക്കി, ഗ്രാന്റുകൾ നല്കുന്നതിൽ വ്യക്തമായ മാനദണ്ഡം, ഓംബുഡ്സ്മാൻ, അപ്പലൈറ്റ് ട്രൈബ്യൂണൽ, പൗരാവകാശരേഖ, ജില്ലാ ആസൂത്രണ സമിതി, സംസ്ഥാന വികസന കൗൺസിൽ തുടങ്ങിയവയെല്ലാം ഈ ഭേദഗതികളിലൂടെയാണ് നിലവിൽ വന്നത്. അറിയാനുള്ള അവകാശം ഇന്ത്യയിലാദ്യമായി തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നടപ്പിലാക്കിയതും സവിശേഷശ്രദ്ധ അർഹിക്കുന്നു. മാത്രവുമല്ല, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ചുമതലകളുമായി ബന്ധമുള്ള 35 നിയമങ്ങളിൽ മാറ്റം വരുത്തുന്ന 2000-ലെ കേരള ഡിസെൻട്രലൈസേഷൻ ഓഫ് പവ്വേഴ്സ് ബില്ലും നിയമസഭ പാസ്സാക്കി.

ഡോ.ബി.ആർ. അംബേദ്ക്കർ

സെൻകമ്മിറ്റി വിശദമായ പഠനങ്ങൾക്കു ശേഷം ഇടക്കാല റിപ്പോർട്ട് ഉൾപ്പടെ അഞ്ചു റിപ്പോർട്ടുകൾ ഗവൺമെന്റിന് കൈമാറി. ഈ റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ 282 നിയമഭേദഗതികളാണ് 1994-ലെ കേരള പഞ്ചായത്ത് മുനിസിപ്പൽ നിയമങ്ങളിൽ വരുത്തിയത്.


മൊറാർജി ദേശായി

ഏകീകൃത ചട്ടങ്ങളും ഫംഗ്ഷനൽ ഇന്റഗ്രേഷനും

മുകളിൽ സൂചിപ്പിച്ചതുപോലെ 1998-ലെ വിപ്ലവകരമായ നിയമ പരിഷ്കാരങ്ങളാണ് അധികാരവികേന്ദ്രീകരണ രംഗത്ത് കേരളത്തെ മുന്നിലെത്തിച്ചത്. വികേന്ദ്രീകൃതാസൂത്രണം എന്ന ആശയത്തെ ജനകീയമാക്കുന്നതിൽ ജനകീയാസൂത്രണ പ്രസ്ഥാനം നല്കിയ സംഭാവന ചരിത്രത്തിൽ ഇടം നേടുകയുണ്ടായി. രാഷ്ട്രീയ അധികാരത്തോടൊപ്പം ആസൂത്രണാധികാരവും സാമ്പത്തികാധികാരവും നിയമ പരിരക്ഷയും ലഭിച്ചതാണ് കേരളത്തിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ മുന്നിലെത്താൻ സഹായിച്ചത്.

രണ്ടു ദശകത്തെ പ്രവർത്തനാനുഭവത്തിന്റെ വെളിച്ചത്തിലാണ് തദ്ദേശഭരണവുമായി ബന്ധപ്പെട്ട വിവിധ വകുപ്പുകളെ സംയോജിപ്പിക്കാൻ ഗവൺമെന്റ് തീരുമാനിച്ചത്. ഭരണപരമായ വികേന്ദ്രീകരണവും ഏകോപനവും ലക്ഷ്യമാക്കിയുള്ള ഏകീകൃത ചട്ടങ്ങളുടെ കരടാണ് ലോക്കൽ ഗവൺമെന്റ് കമ്മീഷൻ ഗവൺമെന്റിന് സമർപ്പിച്ചിരിക്കുന്നത്. സെക്രട്ടേറിയറ്റ് തലത്തിൽ നടത്തിയ ഫംഗ്ഷണൽ ഇന്റഗ്രേഷന്റെ കൂടി അനുഭവത്തിന്റെ വെളിച്ചത്തിൽ ഏകീകൃത തദ്ദേശസ്വയംഭരണ വകുപ്പിനും ഒരു ഫംഗ്ഷണൽ ഇന്റഗ്രേഷൻ ആവശ്യമാണ്. അതോടുകൂടി അധികാര വികേന്ദ്രീകരണ രംഗത്ത് കേരളം ഒരു ചുവടുകൂടി മുന്നിലെത്തുമെന്നതിൽ സംശയമില്ല. □

ലേഖകൻ കേരള ലോക്കൽ ഗവൺമെന്റ് കമ്മീഷനിൽ കൺസൾട്ടന്റാണ്.

മാതൃക

മാലിന്യസംസ്കരണത്തിന് ഗ്രാമജ്യോതിയുമായി തുവ്വൂർ

■ ഇ.എ. രാജൻ

കേന്ദ്ര ഹരിത ട്രിബ്യൂണൽ തെരഞ്ഞെടുത്ത മലപ്പുറം ജില്ലയിലെ 3 മോഡൽ ഗ്രാമപഞ്ചായത്തുകളിൽ ഒന്നാണ് തുവ്വൂർ. പ്രധാനമായും ഗ്രാമജ്യോതി ഖരമാലിന്യ സംസ്കരണപദ്ധതിയാണ് ഇതിനാധാരമായത്.

ഖരമാലിന്യ സംസ്കരണത്തിന് ശാശ്വത പരിഹാരമൊരുക്കി തുവ്വൂർ ഗ്രാമപഞ്ചായത്ത്. പതിനേഴ് കുടുംബങ്ങളിലെ സ്ത്രീകൾക്ക് വരുമാനം ഉറപ്പാക്കി ഗ്രാമജ്യോതി എന്ന പേരിൽ സ്ഥിരമായൊരു മാലിന്യ സംസ്കരണ പദ്ധതിക്ക് രൂപം നല്കിയിരിക്കുകയാണ് പഞ്ചായത്ത്. വീടുകളിലും കടകളിലും നിന്നും യൂസർഫീ ഈടാക്കിയും സർക്കാർ സ്ഥാപനങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽനിന്നും സൗജന്യമായും ഖരമാലിന്യം ശേഖരിക്കുന്നതാണ് പദ്ധതി. വീടുകൾക്ക് 30 രൂപയും കടകൾക്ക് 50 മുതൽ 100 രൂപ വരെയുമാണ് യൂസർഫീ.

ശേഖരിക്കുന്ന മാലിന്യം പഞ്ചായത്തിന് സമീപം പ്രവർത്തിക്കുന്ന ഗ്രാമജ്യോതി കേന്ദ്രത്തിൽ എത്തിച്ച് വേർതിരിക്കുന്നു. ഈ പാഴ് വസ്തുക്കൾ വ്യാപാരികൾക്ക് കൈമാറി വരുമാനം നേടുകയും ചെയ്യുന്നുണ്ട്. യൂസർഫീയും പാഴ്‌വസ്തു വില്പനയിലൂടെ ലഭിക്കുന്ന തുകയും ഉപയോഗിച്ച് ഗ്രാമജ്യോതി വോളന്റിയർമാർക്ക് 340 രൂപ ദിവസവേതനവും നല്കുന്നു. 2018 ജനുവരി 1ന് ആരംഭിച്ച പദ്ധതിയുടെ ആദ്യ ഘട്ടം അവസാനിക്കുമ്പോൾ ക്യാരിബാഗുകൾ മാത്രം 8 ടൺ ശേഖരിക്കുകയും വിൽക്കുകയും ചെയ്തു. ഇതിനു പുറമെ കുപ്പികൾ,

ചില്ലുകൾ, ഇരുമ്പ്, മറ്റു പ്ലാസ്റ്റിക് വസ്തുക്കൾ എന്നിവയും വില്പന നടത്തുന്നുണ്ട്. മാലിന്യം ശേഖരിക്കുക, വാഹനങ്ങളിൽ കയറ്റുക, വേർതിരിക്കൽ, പാഴ്‌വസ്തു വില്പന തുടങ്ങി പദ്ധതിയുമായി ബന്ധപ്പെട്ട മുഴുവൻ പ്രവൃത്തികളും ഫീൽഡ് കോ -ഓഡിനേറ്ററുടെ നേതൃത്വത്തിൽ ഗ്രാമജ്യോതി കർമ്മ സേനാംഗങ്ങൾ തന്നെയാണ് ചെയ്യുന്നത്.

വർഷത്തിൽ നാല് പ്രാവശ്യമാണ് വീടുകളിൽ നിന്നും ഖരമാലിന്യങ്ങൾ ശേഖരിക്കുക. കടകളിൽ നിന്നും മാസത്തിൽ 2 തവണയും. വർഷത്തിൽ ഒരിക്കൽ പൊതുജന പങ്കാളിത്തത്തോടെ വാർഡുകളിലെ പ്രധാന റോഡുകളിൽ ഉപേക്ഷിക്കപ്പെട്ട മാലിന്യങ്ങൾ ശേഖരിക്കും. ശേഖരിക്കുന്ന 63 ഇനം വസ്തുക്കളിൽ 58 എണ്ണം വില്ക്കുന്നതോടൊപ്പം പഴയവസ്തുങ്ങൾ ആവശ്യക്കാർക്ക് നല്കുകയും ചെയ്യുന്നു. റീസൈക്കിൾ ചെയ്യാൻ പറ്റാത്ത ലെതർ ചെരുപ്പുകൾ, റെക്സിൻ ബാഗുകൾ, തെർമോകോൾ തുടങ്ങി അഞ്ചോളം സാധനങ്ങൾ കയറ്റി അയയ്ക്കുന്നതിന് കോയമ്പത്തൂരിലെ എ.സി.സി. സിമന്റ്സുമായി കരാരിലേർപ്പെട്ടിരിക്കുകയാണ് പഞ്ചായത്ത്. എൻഎസ്എസ്, എൻസിസി, വിദ്യാർത്ഥികൾ, തൊഴിലുറപ്പ് തൊഴിലാളികൾ എന്നിവരുടെ സാമൂഹ്യ പ്രതിബദ്ധതാ പ്രവർത്തനങ്ങളെയും യുവജനക്ലബ്ബുകളെയും പദ്ധതിയുമായി ബന്ധപ്പെടുത്തി സമൂഹത്തിൽ മാലിന്യസംസ്കരണത്തെക്കുറിച്ച് അവബോധം സൃഷ്ടിക്കുന്നതിന് ബോധവൽക്കരണപരിപാടികളും സംഘടിപ്പിക്കുന്നുണ്ട്.

സംഘടനാസംവിധാനം

ദൈനംദിന തീരുമാനങ്ങളെടുക്കുന്നതിന് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ചെയർമാനായുള്ള ഒരു സ്റ്റിയറിങ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. കുടുംബശ്രീ ചെയർപേഴ്സൺ, പ്രൊജക്ട് കോർഡിനേറ്റർ, ഗ്രാമ പഞ്ചായത്ത് സെക്രട്ടറി, മുഴുവൻ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺമാർ, തൊഴിലാളികളിൽ നിന്ന് തെരഞ്ഞെടുത്ത രണ്ട് പേർ എന്നിവർ കമ്മിറ്റി അംഗങ്ങളാണ്. മുഴുവൻ ഭരണസമിതി അംഗങ്ങളും ഉദ്യോഗസ്ഥരും തൊഴിലാളികളും സി.ഡി.എസ് അംഗങ്ങളും ഉൾപ്പെടുന്നതാണ് ജനറൽബോഡി. ഉദ്യോഗസ്ഥതല മേൽനോട്ടത്തിനായി പ്രൊജക്ട് കോർഡിനേറ്റർ ആയി ഹെഡ് ക്ലർക്കിനെയും ഫീൽഡ് കോർഡിനേഷനുവേണ്ടി ഒരു ഗ്രാമജ്യോതി വോളന്റിയറെയും ചുമതലപ്പെടുത്തിയിട്ടുണ്ട്. ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്, പ്രൊജക്ട് കോർഡിനേറ്റർ, ഫീൽഡ് കോർഡിനേറ്റർ എന്നിവരുടെ പേരിലുള്ള ജോയിന്റ് അക്കൗണ്ട് കൈകാര്യം ചെയ്യുന്നതിനും വരവ് ചെലവ് കണക്കുകൾ രേഖപ്പെടുത്തുന്നതിനുമായി സി.ഡി.എസ് അക്കൗണ്ടന്റിന്റെ സേവനം ഉപയോഗപ്പെടുത്തുന്നു. എല്ലാ സാമ്പത്തിക ഇടപാടുകളും ബാങ്ക് വഴിയാണ് നിർവഹിക്കുന്നത്.



കേന്ദ്ര ഹരിത ട്രിബ്യൂണൽ തെരഞ്ഞെടുത്ത മലപ്പുറം ജില്ലയിലെ 3 മോഡൽ ഗ്രാമപഞ്ചായത്തുകളിൽ ഒന്നാണ് തുവ്വൂർ. പ്രധാനമായും ഗ്രാമജ്യോതി ഖരമാലിന്യ സംസ്കരണപദ്ധതിയാണ് ഇതിനാധാരമായത്. പദ്ധതി വിജയകരമായി നടക്കുമ്പോഴും തുവ്വൂർ പോലെ പാവപ്പെട്ട ജനങ്ങൾ താമസിക്കുന്ന ഒരു പ്രദേശത്ത് യൂസർഫീയായി ലഭിക്കുന്ന പണംകൊണ്ട് പദ്ധതിയുടെ 60 ശതമാനം ചെലവ് നിർവഹിക്കാനെ കഴിയുന്നുള്ളുവെന്നും ഇതുപോലെ മാതൃകാപരമായ ഒരു പദ്ധതി മുന്നോട്ടു കൊണ്ടുപോകാൻ സർക്കാരിന്റെ ഭാഗത്തു നിന്ന് അകമഴിഞ്ഞ പിന്തുണ ഉണ്ടാകണം എന്ന് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് തെറ്റത്ത് ബാലകൃഷ്ണൻ അഭിപ്രായപ്പെടുന്നു.

□

ലേഖകൻ മലപ്പുറം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറാണ്

മാതൃക

വാരപ്പെട്ടിയിൽ മരം ഒരു വരം

■ നിർമ്മല മോഹനൻ

തരിശുഭൂമിയിൽ പച്ചപ്പൊരുക്കുക എന്ന നൂതനാശയത്തിന്റെ ചുവടുപിടിച്ച് പഞ്ചായത്തിന്റെ പരിധിയിൽ വരുന്ന മൂന്ന് വ്യത്യസ്ത പ്രദേശങ്ങളിൽ ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി ഹരിതാഭവും നയനമനോഹരവുമായ പച്ചത്തുരുത്തുകളാണ് ഇവിടെ ഒരുക്കിയിരിക്കുന്നത്.

ഫലവൃക്ഷങ്ങളും ഔഷധസസ്യങ്ങളും വിവിധോദ്ദേശ മരങ്ങളും അന്യംനിന്നു പോകുവാൻ സാധ്യതയുള്ള ജൈവവൈവിധ്യങ്ങളും നട്ടുപിടിപ്പിച്ച് പരിസ്ഥിതി സംരക്ഷണം ഉറപ്പുവരുത്തി കാലാവസ്ഥാവ്യതിയാനം പോലുള്ള പുത്തൻ വെല്ലുവിളികളെ നേരിടുന്നതിൽ എറണാകുളം ജില്ലയിലെ വാരപ്പെട്ടി ഗ്രാമപഞ്ചായത്ത് മാതൃകയാവുന്നു.

തരിശുഭൂമിയിൽ പച്ചപ്പൊരുക്കുക എന്ന നൂതനാശയത്തിന്റെ ചുവടുപിടിച്ച് പദ്ധതിയുടെ ആദ്യഘട്ടം എന്ന നിലയിൽ പഞ്ചായത്തിന്റെ പരിധിയിൽ വരുന്ന മൂന്ന് വ്യത്യസ്ത പ്രദേശങ്ങൾ കണ്ടെത്തി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി ഹരിതാഭവും നയനമനോഹരവുമായ പച്ചത്തുരുത്തുകളാണ് ഇവിടെ ഒരുക്കിയിരിക്കുന്നത്. ഇഞ്ചൂർ ഗവ.ടി.എച്ച്.എസ് പരിസരത്തെ 50 സെന്റ്, ഇളങ്ങവം ജി.എൽ.പി.എസ് പരിസരത്തുള്ള 5 സെന്റ്, കോഴിപ്പിള്ളി ജി.എൽ.പി.എസ് പരിസരത്തുള്ള 5 സെന്റ് വസ്തുവിലുമാണ് പഞ്ചായത്ത് പച്ചത്തുരുത്തുകൾ ഒരുക്കിയത്.

കൃഷി വകുപ്പിന്റെയും ബയോഡൈവേഴ്സിറ്റി മാനേജ്മെന്റ് കമ്മിറ്റിയുടെയും തൊഴിലുറപ്പ് തൊഴിലാളികളുടെയും സന്നദ്ധ സംഘടനാ പ്രവർത്തകരുടെയും അഭ്യുദയാകാംക്ഷികളുടെയും കൂട്ടായ ശ്രമഫലമായാണ് ആദ്യഘട്ടം പദ്ധതി നടപ്പിലാക്കിയത്. കണ്ടെത്തിയ മൂന്ന് സ്ഥലങ്ങളിലും തൊഴിലുറപ്പ് തൊഴിലാളികളെ ഉപയോഗിച്ച് മണ്ണിര കമ്പോസ്റ്റ് ഉൾപ്പെടെയുള്ള ജൈവ വളപ്രയോഗത്തിലൂടെ നിലമൊരുക്കി നടീലിന് അനുയോജ്യമാക്കിയിരുന്നു. ജലസേചന സൗകര്യവും ഉറപ്പുവരുത്തിയിട്ടുണ്ട്.

ഗുണമേന്മയുള്ള നടീൽ വസ്തുക്കൾ നേര്യമംഗലം സർക്കാർ ഫാമിൽ നിന്നും ഏലൂർ സോഷ്യൽ ഫോറസ്ട്രി തോട്ടത്തിൽ

നിന്നുമാണ് വാങ്ങിയത്. അന്യംനിന്നു പോകുവാൻ സാധ്യതയുള്ള തനത് ഇനങ്ങളെ പഞ്ചായത്തിന്റെ വിവിധ പ്രദേശങ്ങളിൽ നിന്നും കണ്ടെത്തുകയും ചെയ്തു. സസ്യങ്ങൾക്ക് സൂര്യപ്രകാശവും വളവും വേരോട്ടവും നന്നായി ലഭ്യമാകത്തക്ക രീതിയിൽ ക്രമീകരിച്ചാണ് തൈകൾ നട്ടത്. തുടർ പരിപാലനവും സംരക്ഷണവും കീടരോഗബാധ നിയന്ത്രണവും പച്ചത്തുരുത്ത് സംരക്ഷിക്കേണ്ടതിന്റെ ആവശ്യകതയും സംബന്ധിച്ച് കൃഷി വകുപ്പിന്റെ സഹായത്തോടെ സമീപവാസികൾക്ക് അവബോധ ക്ലാസുകൾ നല്കി. പച്ചത്തുരുത്തിന് സമീപം ആമ്പൽക്കുള നിർമ്മാണവും പുരോഗമിക്കുന്നു.

പച്ചത്തുരുത്തിന്റെയും ചുറ്റുമുള്ള പ്രദേശങ്ങളുടെയും സംരക്ഷണവും പരിപാലനവും പ്രദേശത്തുള്ള വിദ്യാർത്ഥികൾ, സന്നദ്ധ പ്രവർത്തകർ, സംഘടനകൾ, റസിഡൻസ് അസോസിയേഷനുകൾ, പ്രകൃതി സ്നേഹികൾ എന്നിവരുടെ സഹകരണത്തോടുകൂടി ഭംഗിയായി നടത്തി വരുന്നു.

പരിസ്ഥിതിക്ക് അനുയോജ്യവും ജൈവവൈവിധ്യ സംരക്ഷണത്തിന് ഉതകുന്നതും ഔഷധസസ്യ ഇനത്തിലുമുള്ള 225 തരം സസ്യങ്ങളാണ് പച്ചത്തുരുത്തിൽ പരിപാലിച്ചു വരുന്നത്. അവയിൽ ഔഷധ സസ്യ പ്രധാനമായ കച്ചോലം (പനി, തലവേദന, വേദനസംഹാരി, മൂത്രവർദ്ധകം, കഫനിവാരണി), കറ്റാർവാഴ (മുടികൊഴിച്ചിൽ, ആർത്രൈറ്റിസ്, ഡയബറ്റിസ്), കുറുന്തോട്ടി (വാതം, ദഹനേന്ദ്രിയാരോഗ്യം, അസ്ഥിസ്രവം, ടി.ബി), തിപ്പലി (രക്താതിമർദ്ദം കുറയ്ക്കൽ, ഉറക്കമില്ലായ്മ, പൈൽസ്), തഴുതാമ (വയറിനുണ്ടാകുന്ന അസുഖങ്ങൾ, മൂത്രാശയരോഗങ്ങൾ, ഹൃദ്രോഗം), ശതാവരി (മഞ്ഞപിത്തം, മൂത്രതടസം, മൂത്രകല്ല്, വയറുസംബന്ധിച്ച രോഗങ്ങൾ), ഗ്രാമ്പു (സുഗന്ധവ്യഞ്ജനം, ദന്തരോഗം, വായ്നാറ്റം, ദഹനം), കശുമാവ് (നാണ്യവിള, വിറ്റാമിൻ സി, സ്കർവി, ബാലഗ്രഹണി), ഞാവൽ (ഡയബറ്റിസ്, രക്താതിമർദ്ദം, കൊളസ്ട്രോൾ), മണിമരുത് (ചർമ്മം), ദന്തപ്പാല (സോറിയാസിസ്, കേശ സംരക്ഷണം), വാക (വിഷസംഹാരി, ഉറക്കമില്ലായ്മ), നീരമൃത് (ഹൃദ്രോഗം, ആസ്മ, പ്രമേഹം, ക്ഷയരോഗം), ആടലോടകം (ചുമ, പനി, രക്തസ്രാവം, രക്തപിത്തം, കഫക്കെട്ട്), തുളസി (ചുമ, സർവ്വരോഗസംഹാരി), ആറ്റുവഞ്ചി (വിഷസംഹാരി, സന്ധിവാതം, വന്ധ്യത, കുഷ്ഠം), കുടംപുളി (ശരിയായ ദഹന പ്രക്രിയയ്ക്ക്), ഇലഞ്ഞി (അമിതവിയർപ്പ് തടയുന്നതിന്, ബുദ്ധി ഉണ്ടാവാൻ, മോണവീക്കം), അശോകം (കഷായം, അർശ്ശസ്, ത്വക്ക് രോഗങ്ങൾ), പുന്ന (സന്ധിവാതം, തിമിരം), വേങ്ങ (പ്രമേഹം, ആർത്തവരോഗം, പീനസം) താന്നി (ദഹനകുറവ്), പയ്യാനി (ത്വക് രോഗം), നെല്ലി (ജീവകങ്ങൾ ലഭ്യമാക്കുന്നു, കൊളസ്ട്രോൾ, ആസ്മ ഇവ തടയുന്നു), കാഞ്ഞിരം (പൈൽസ്, മാനസികരോഗം, ആസ്മ, കഫക്കെട്ട്), പുളി (സന്ധിവാതം, ഹൃദ്രോഗം, മലേറിയ),

ഗുണമേന്മയുള്ള നടീൽ വസ്തുക്കൾ നേര്യമംഗലം സർക്കാർ ഫാമിൽ നിന്നും ഏലൂർ സോഷ്യൽ ഫോറസ്ട്രി തോട്ടത്തിൽ നിന്നുമാണ് വാങ്ങിയത്. അന്യംനിന്നു പോകുവാൻ സാധ്യതയുള്ള തനത് ഇനങ്ങളെ പഞ്ചായത്തിന്റെ വിവിധ പ്രദേശങ്ങളിൽ നിന്നും കണ്ടെത്തുകയും ചെയ്തു.

കുമ്പിൾ (വേദനസംഹാരി, വാതം, ജ്വരം), അമ്പഴം (കർണിരോഗങ്ങൾ, വിഷചികിത്സ, ഗൊണേറിയ), മന്ദാരം (നേത്രരോഗങ്ങൾ), പേര (രക്തസമ്മർദ്ദം, ദന്തരോഗങ്ങൾ), അകിൽ (കുഷ്ഠം, ചൊറി, അരിമ്പാറ, ആണിരോഗം), ചടച്ചി (ആന്റിഓക്സിഡന്റുകൾ- അകാലവാർദ്ധക്യം തടയുന്നു), ഇലവ് (രക്തദോഷം, രക്തവാതം) എന്നിവയും ഫലവൃക്ഷയിനത്തിൽപ്പെട്ട കുളമാവ്, അമ്പഴം, പേര, പ്ലാവ്, മാവ്, റമ്പൂട്ടാൻ, മാങ്കോസ്റ്റിൻ തുടങ്ങിയവയും നാണ്യങ്ങൾ നേടി തരുന്ന പുന്ന, പുളി, മരുത്, കുമ്പിൾ.അകിൽ, ചന്ദന വയമ്പ്, ചടച്ചി, ഇലവ് മുതലായവയും നന്നായി തുടർപരിചരണം നല്കി സംരക്ഷിച്ചു വരുന്നു.

നമ്മുടെ നാടിന്റെ നഷ്ടപ്രതാപമായ ചെറുകാടുകൾ തിരികെ കൊണ്ടു വരുന്നതിനും ജൈവ വേലി കെട്ടി സംരക്ഷിക്കുന്നതിനും മണ്ണൊലിപ്പ് തടയുന്നതിനും പച്ചത്തുരുത്ത് നിർമ്മിച്ചതിലൂടെ കഴിയുന്നു. ജീവജാലങ്ങളുടെ സ്വാഭാവികമായ ആവാസ വ്യവസ്ഥ നിലനിർത്തുന്നതിലൂടെ വരും തലമുറയ്ക്ക് തനിമയോടെ കാത്തുസൂക്ഷിച്ചു നല്കുവാൻ കഴിയുന്ന ഏറ്റവും മികച്ച പദ്ധതി തന്നെയാണ് മരം ഒരു വരം എന്ന ആപ്തവാക്യത്തെ അന്വർത്ഥമാക്കുന്ന പച്ചത്തുരുത്ത് എന്ന് നിസ്സംശയം പറയാം.

□

ലേഖിക വാരപ്പെട്ടി ഗ്രാമപഞ്ചായത്ത് പ്രസിഡന്റാണ്

പദ്ധതി വിശേഷം

ദിശ-സമഗ്ര വിദ്യാഭ്യാസ പരിപാടി

പഠന ഗുണനിലവാരമുയർത്തുന്നതിനുള്ള വടവുകോട് മാതൃക

■ **പി.കെ. വേലായുധൻ**

പഞ്ചായത്തിലെ 9 വിദ്യാലയങ്ങളിൽ തയ്യാറാക്കിയ അക്കാദമിക് മാസ്റ്റർ പ്ലാനുകളിൽനിന്ന് അധ്യാപക കൂടിയിരിപ്പിൽ തെരഞ്ഞെടുത്ത ഘടകങ്ങൾ ഉൾപ്പെടുത്തിയാണ് പദ്ധതിക്ക് രൂപം നല്കിയത്. ഓരോ ക്ലാസിലും കുട്ടി നേടേണ്ട പാഠ്യപദ്ധതി ലക്ഷ്യങ്ങൾ നേടിയെന്ന് ഉറപ്പുവരുത്തുകയായിരുന്നു പദ്ധതിയുടെ പ്രധാനലക്ഷ്യം.

പൊതുവിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കുക എന്ന ലക്ഷ്യത്തോടെ വടവുകോട് പുത്തൻകുരിശ് ഗ്രാമ പഞ്ചായത്ത് തനതായി ആവിഷ്കരിച്ച് നടപ്പാക്കിയ ദിശ 2018-19 ഫലപ്രദമായ പ്രാദേശിക ഇടപെടലിന്റെ മാതൃകയാകുന്നു. സന്നദ്ധപ്രവർത്തകരുടെ പങ്കാളിത്തം, അധികസമയം ജോലി ചെയ്യാനുള്ള അദ്ധ്യാപകരുടെ സന്നദ്ധത, പഞ്ചായത്ത് ഭരണ സമിതിയുടെ തുടർച്ചയായ മേൽനോട്ടം എന്നിവ പദ്ധതിയെ വിജയിപ്പിച്ച പ്രധാന ഘടകങ്ങളാണ്.

പഞ്ചായത്തിലെ 9 വിദ്യാലയങ്ങളിൽ തയ്യാറാക്കിയ അക്കാദമിക് മാസ്റ്റർ പ്ലാനുകളിൽനിന്ന് അധ്യാപക കൂടിയിരിപ്പിൽ തെരഞ്ഞെടുത്ത ഘടകങ്ങൾ ഉൾപ്പെടുത്തിയാണ് പദ്ധതിക്ക് രൂപം നല്കിയത്. ഓരോ ക്ലാസിലും കുട്ടി നേടേണ്ട പാഠ്യപദ്ധതി ലക്ഷ്യങ്ങൾ നേടിയെന്ന് ഉറപ്പുവരുത്തുകയായിരുന്നു പദ്ധതിയുടെപ്രധാനലക്ഷ്യം.

വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ സി. എ. സന്തോഷ് പങ്കെടുത്ത അദ്ധ്യാപക സംഗമത്തിൽ പദ്ധതിനിർവ്വഹണത്തിന്റെ വിശദാംശങ്ങൾ സൂക്ഷ്മമായി ആസൂത്രണം ചെയ്തു. 3 മുതൽ 7 വരെ ക്ലാസുകളിലെ മുഴുവൻ കുട്ടികൾക്കുമായി പ്രീടെസ്റ്റ് നടത്തുകയും പിന്നാക്കക്കാർക്ക് വേണ്ടി പരിഹാരബോധനം സംഘടിപ്പിക്കുകയും ചെയ്തു. കുഞ്ഞു മലയാളം വായനാകാർഡുകൾ ഇതിനായി ഉപയോഗപ്പെടുത്തി. വായനാകാർഡുകൾ 150 എണ്ണം വീതം ഓരോ സ്കൂളിനും നല്കിയിരുന്നു.

അദ്ധ്യാപക പരിശീലനങ്ങൾ ആവശ്യാധിഷ്ഠിതമായി നടത്താൻ കഴിഞ്ഞത് വിജയമായി. ഇംഗ്ലീഷ്, ഐ.റ്റി, ഗണിതം, ശാസ്ത്രപരീക്ഷണങ്ങൾ, പരിഹാരബോധനം എന്നീ വിഷയങ്ങളിൽ 7 ദിവസങ്ങളിലായി പരിശീലനം നടത്തി. അവധി ദിവസങ്ങളാണ് ഇതിനായി ഉപയോഗപ്പെടുത്തിയത്. സംഗീതം, ചിത്രകല, കായികവിദ്യാഭ്യാസം, കൗൺസലിംഗ് എന്നിവയ്ക്കായി പ്രത്യേകാധ്യാപകരെ താല്ക്കാലികമായി നിയമിച്ചത് സ്കൂൾ അന്തരീക്ഷത്തെ ഗുണകരമായി സ്വാധീനിച്ച ഘടകമാണ്. പഠനാഭിമുഖ്യം, സ്കൂളിനോടുള്ള മമത,

ആന്തരിക അച്ചടക്കം എന്നിവ വർദ്ധിപ്പിക്കാൻ പ്രത്യേകാധ്യാപകരുടെ പ്രവർത്തനം സഹായിച്ചിട്ടുണ്ട്. ഇവർ പഞ്ചായത്തിലെ സ്കൂളുകളിൽ നിശ്ചിത ഷെഡ്യൂളിന്റെ അടിസ്ഥാനത്തിൽ മാറിമാറിപോകുന്നു.

സ്കൂൾ ക്ലബുകൾ

വിവിധ സ്കൂൾ ക്ലബുകൾ ശക്തിപ്പെടുത്തുക എന്നത് പ്രോജക്ടിന്റെ ലക്ഷ്യമായിരുന്നു. പരിസ്ഥിതി, സയൻസ്, സാമൂഹ്യശാസ്ത്രം, ഗണിതം, ആരോഗ്യം എന്നിവയ്ക്കാണ് സ്കൂൾ ക്ലബുകൾ രൂപീകരിക്കാൻ നിർദ്ദേശിച്ചത്. ശാസ്ത്രപ്രോജക്ടുകൾ, ദിനാചരണങ്ങൾ, ക്വിസ്, ജനപ്രതിനിധികളുമായി അഭിമുഖം, ജീവകാരുണ്യ പ്രവർത്തനങ്ങൾ, ശുചിത്വ വിദ്യാലയം, ജൈവവൈവിധ്യ ഉദ്യാനം തുടങ്ങിയ പ്രവർത്തനങ്ങൾ സ്കൂളുകളിൽ നടത്തുകയുണ്ടായി.

കുട്ടികളിൽ പഠനകൗതുകം വളർത്തുക, അന്വേഷണ ശേഷി വികസിപ്പിക്കുക എന്നീ ലക്ഷ്യങ്ങളോടെയാണ് സ്വതന്ത്രാന്വേഷണ പ്രവർത്തനങ്ങൾ പ്രോജക്ടിൽ ഉൾപ്പെടുത്തിയത്. ഓരോ കുട്ടിയും ഒരു വർഷം 4-5 ലഘു പ്രോജക്ടുകൾ ചെയ്യാൻ നിർദ്ദേശിച്ചിരുന്നു. സ്കൂളുകളിൽനിന്നും തെരഞ്ഞെടുക്കപ്പെട്ട പ്രോജക്ടുകളുടെ അവതരണം പഞ്ചായത്തുതല സെമിനാറിൽ നടത്തുകയും അവ വിലയിരുത്തി പ്രോത്സാഹന സമ്മാനങ്ങൾ നല്കുകയും ചെയ്തു.

ഇംഗ്ലീഷ് ഫെസ്റ്റ്

ഇംഗ്ലീഷ് ഭാഷാ മികവ് വളർത്താനുദ്ദേശിച്ചുള്ള ഇംഗ്ലീഷ് ഫെസ്റ്റ് ശ്രദ്ധേയമായി. 10 മത്സര ഇനങ്ങളാണ് ഇതിൽ ഉൾപ്പെട്ടത്. സ്കിറ്റ് അവതരണം, മീറ്റിംഗ് നടത്തൽ, അഭിമുഖം നടത്തൽ, കഥപറയൽ, സ്പെല്ലിംഗ്ബീ, കഥ-ലേഖനം-കവിത എഴുത്ത്, പ്രസംഗം, ക്വിസ് എന്നിവയായിരുന്നു ഇനങ്ങൾ. LP, UP ഇനങ്ങളിലായി 167 കുട്ടികൾ ഇംഗ്ലീഷ് ഫെസ്റ്റിൽ പങ്കെടുത്തു. വിജയികൾക്ക് ട്രോഫികളും പങ്കെടുത്ത എല്ലാവർക്കും ഇംഗ്ലീഷ് പുസ്തകങ്ങളും സമ്മാനമായി നല്കി.

മുഴുവൻ കുട്ടികൾക്കും വ്യക്തിഗത ഫയൽ നല്കി. ക്ലാസ്റൂം ഉല്പന്നങ്ങൾ, വർക്ക് ഷീറ്റുകൾ, മികവുകൾ എന്നിവ വ്യക്തിഗത വിവരങ്ങളോടൊപ്പം ഫയലിൽ സൂക്ഷിക്കുന്നു. രക്ഷിതാക്കൾക്ക് PTAയുടെ സമയത്ത് ഫയൽ പരിശോധിക്കാവുന്നതാണ്. രക്ഷാകർത്തൃ ബോധവല്ക്കരണമാണ് ദിശയുടെ മറ്റൊരു പ്രവർത്തനം. ദിശ പദ്ധതിയുടെ പ്രവർത്തനങ്ങളിൽ രക്ഷകർത്താക്കളുടെ പങ്കാളിത്തം വർദ്ധിപ്പിക്കുകയായിരുന്നു ലക്ഷ്യം. അതോടൊപ്പം കുട്ടികളുടെ വിദ്യാഭ്യാസത്തിൽ രക്ഷിതാക്കളുടെ പങ്ക് എന്ന ക്ലാസും സ്കൂളുകളിൽ നടത്തി.

വിവിധ വിഷയങ്ങളിൽ അധികപരിശീലനം ലഭിക്കുന്നതിനായി കുട്ടികൾക്ക് വർക്ക്ഷീറ്റുകൾ തയ്യാറാക്കി നല്കി. അതത് വിഷയങ്ങൾ പഠിപ്പിക്കുന്ന അദ്ധ്യാപകർ തയ്യാറാക്കിയ വർക്ക് ഷീറ്റുകൾ DTP ചെയ്ത് ആവശ്യമായ കോപ്പികൾ സ്കൂളുകൾ നല്കുന്നു. പൂർത്തിയാക്കിയ വർക്ക് ഷീറ്റുകൾ വ്യക്തിഗത ഫയലിൽ സൂക്ഷിക്കുന്നു.

യോഗാ പരിശീലനം, മികവുത്സവം, പഞ്ചായത്തുതല സപ്ലിമെന്റ് പ്രകാശനം എന്നിവയും ദിശയുടെ ഭാഗമായി നടന്നു. പ്രീപ്രൈമറികൾക്ക് ധനസാമഗ്രികൾ, സ്കൂളുകൾക്ക് കായികോപകരണങ്ങൾ എന്നിവയും നല്കുകയുണ്ടായി.

ഡിസംബർ മാസത്തിൽ ISA സ്റ്റേറ്റ് കൺസൾട്ടന്റ് ഡോ. ടി.പി. കലാധരൻ പങ്കെടുത്ത അധ്യാപക സംഗമത്തിൽ പദ്ധതിയുടെ അവലോകനം നടത്തുകയുണ്ടായി.

> രക്ഷാകർത്തൃ ബോധവല്ക്കരണമാണ് ദിശയുടെ മറ്റൊരു പ്രവർത്തനം. ദിശ പദ്ധതിയുടെ പ്രവർത്തനങ്ങളിൽ രക്ഷകർത്താക്കളുടെ പങ്കാളിത്തം വർദ്ധിപ്പിക്കുകയായിരുന്നു ലക്ഷ്യം.

ദിശയുടെ ഏറ്റവും ശ്രദ്ധേയമായ ഘടകം ഫലപ്രദമായ മോണിറ്ററിംഗാണ്. വിരമിച്ച അദ്ധ്യാപകർ, ഉദ്യോഗസ്ഥർ, വിദ്യാഭ്യാസ പ്രവർത്തകർ എന്നിവരുൾപ്പെട്ട മോണിറ്ററിംഗ് ടീം പ്രത്യേകമായി യോഗങ്ങൾ ചേർന്ന് വ്യക്തമായ ആസൂത്രണത്തോടെ സ്കൂളുകൾ സന്ദർശിക്കുകയും പ്രവർത്തനങ്ങൾ പരിശോധിക്കുകയും ആവശ്യമായ പിന്തുണ നല്കുകയും ചെയ്തു. മോണിറ്ററിംഗിന് വ്യക്തമായ ഫോർമാറ്റുകൾ ഉപയോഗിച്ചു.

പദ്ധതിയുടെ സമാപനഘട്ടത്തിൽ സോഷ്യൽ ഓഡിറ്റിംഗ് നടത്തുകയുണ്ടായി. പഞ്ചായത്തംഗം, PTA പ്രതിനിധി, മോണിറ്ററിംഗ് ടീം എന്നിവർ ഉൾപ്പെടുന്ന സംഘം സ്കൂളിലെത്തി പോസ്റ്റ് ടെസ്റ്റ് നടത്തുകയും കുട്ടികളുമായി സംവദിക്കുകയും ചെയ്തു. പ്രീ ടെസ്റ്റിനെ അപേക്ഷിച്ച് പോസ്റ്റ്ടെസ്റ്റിൽ അടിസ്ഥാനശേഷികൾ ഉറയ്ക്കാത്ത കുട്ടികളുടെ എണ്ണത്തിൽ ഗണ്യമായ കുറവ് കാണുകയുണ്ടായി.

പഞ്ചായത്തുതല നിർവ്വഹണസമിതിയിൽ ഹെഡ്മിസ്ട്രസ്സുമാർ, വിദ്യാഭ്യാസ പ്രവർത്തകർ, മോണിറ്ററിംഗ് സമിതി അംഗങ്ങൾ, PTA പ്രസിഡന്റുമാർ, പഞ്ചായത്ത് വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റിയംഗങ്ങൾ എന്നിവർ ഉൾപ്പെടുന്നു. നിർവ്വഹണസമിതിയോഗങ്ങൾ ഓരോ മാസവും ചേരാറുണ്ട്. നടത്തിയ പ്രവർത്തനങ്ങളുടെ അവലോകനവും ഭാവി പ്രവർത്തനങ്ങളുടെ ആസൂത്രണവും ഈ യോഗത്തിൽ വച്ച് നടത്തുന്നു.

☐

ലേഖകൻ വടവുകോട്
പുത്തൻ കരിശ് ഗ്രാമപഞ്ചായത്ത്
പ്രസിഡന്റാണ്.

പദ്ധതി വിശേഷം

ചേലേമ്പ്രയിൽ പ്രഥമശുശ്രൂഷാ സാക്ഷരതയ്ക്ക് മിഷൻ ഫസ്റ്റ് എയിഡ്

■ സി. രാജേഷ്

അടിയന്തര സാഹചര്യങ്ങളിൽ പ്രഥമ ശുശ്രൂഷ നല്കുന്നതിലുള്ള അജ്ഞത കാരണമുണ്ടാകുന്ന അത്യാഹിതങ്ങൾ തടയുന്നതിനും വിലപ്പെട്ട ജീവനുകൾ സംരക്ഷിക്കുന്നതിനും ജനങ്ങളെ പ്രഥമ ശുശ്രൂഷാ സാക്ഷരരാക്കുക എന്ന ലക്ഷ്യത്തോടെ ചേലേമ്പ്ര ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ മിഷൻ ഫസ്റ്റ് എയിഡ് എന്ന നൂതന പദ്ധതി ജനശ്രദ്ധയാകർഷിക്കുന്നു.

പ്രഥമശുശ്രൂഷാ സാക്ഷരത നേടുന്ന ഇന്ത്യയിലെ ആദ്യത്തെ ഗ്രാമപഞ്ചായത്തായി ചേലേമ്പ്ര മാറുകയാണ്. അടിയന്തര സാഹചര്യങ്ങളിൽ പ്രഥമ ശുശ്രൂഷ നല്കുന്നതിലുള്ള അജ്ഞത കാരണമുണ്ടാകുന്ന അത്യാഹിതങ്ങൾ തടയുന്നതിനും വിലപ്പെട്ട ജീവനുകൾ സംരക്ഷിക്കുന്നതിനും ജനങ്ങളെ പ്രഥമ ശുശ്രൂഷാ സാക്ഷരരാക്കുക എന്ന ലക്ഷ്യത്തോടെ ചേലേമ്പ്ര ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ മിഷൻ ഫസ്റ്റ് എയിഡ് എന്ന നൂതന പദ്ധതി ജനശ്രദ്ധയാകർഷിക്കുന്നു.

പഞ്ചായത്തിൽ പ്രവർത്തിക്കുന്ന ദേവകിയമ്മ മെമ്മോറിയൽ കോളേജ് അധികൃതർ മുന്നോട്ട് വെച്ച പ്രഥമ ശുശ്രൂഷാ സാക്ഷരത എന്ന നവീന ആശയം മിഷൻ ഫസ്റ്റ് എയിഡ് എന്ന പേരിൽ പഞ്ചായത്ത് സർവ്വാത്മനാ ഏറ്റെടുക്കുകയായിരുന്നു. പഞ്ചായത്ത് സെക്രട്ടറിയാണ് പ്രോജക്ടിന്റെ നിർവ്വഹണ ഉദ്യോഗസ്ഥൻ. ഇ ടെൻഡറിലൂടെ ഹീലിംഗ് ഹാൻഡ്സ് ഫൗണ്ടേഷൻ എന്ന സ്ഥാപനവുമായി 5,64,000 രൂപയ്ക്ക് പഞ്ചായത്ത് കരാറിൽ ഏർപ്പെട്ടു. പ്രോജക്ട് നിർവ്വഹണത്തിന് മുന്നോടിയായി പഞ്ചായത്ത് തലത്തിൽ വിപുലമായ സ്വാഗത സംഘം രൂപീകരിച്ചു. തുടർന്ന് അയൽസഭകൾ, ഗ്രാമസഭകൾ, കുടുംബശ്രീ, അയൽക്കൂട്ടങ്ങൾ, ക്ലബുകൾ, റസിഡൻഷ്യൽ അസോസിയേഷനുകൾ, വായനശാലകൾ, സ്കൂളുകൾ-വ്യാപാര സ്ഥാപനങ്ങൾ തുടങ്ങിയ സ്ഥലങ്ങളിലും വീടു വീടാന്തരവും വിപുലമായ പരിശീലന പരിപാടി നടത്തി.

വാർഡുതലത്തിൽ 82 ക്ലാസുകളിലായി 4127 പേർക്കും വ്യവസായ, വിദ്യാഭ്യാസ സ്ഥാപനങ്ങളിലായി 1949 പേർക്കും വായനശാലകളിലും മറ്റ് സ്ഥലങ്ങളിലുമായി 237 പേർക്കും വീട് വീടാന്തരമുള്ള പരിശീലന പരിപാടികളിൽ 3553 പേർക്കും ഗ്രാമസഭകൾ വഴി 1327 പേർക്കും ചേർത്ത് ആകെ 11193 പേർക്ക് പരിശീലനം നൽകി

കഴിഞ്ഞു.

പരിശീലകർക്കുള്ള വേതനവും പരിശീലന പ്രചരണ സാമഗ്രികൾക്കുമായി 3,52,340 രൂപ ചെലവഴിച്ചു. കൂടാതെ ഹൃദയാഘാതം ഉണ്ടാവുന്ന വ്യക്തിക്ക് അടിയന്തരമായി ഉപയോഗിക്കാവുന്ന ജീവൻ രക്ഷാ ഉപകരണമായ AED മെഷീൻ (ആട്ടോമേറ്റഡ് എക്സ്റ്റേർണൽ ഡിഫിബ്രിലേറ്റർ) 1,37,500 രൂപ മുടക്കി വാങ്ങിയിട്ടുണ്ട്.

പരിശീലനം ലഭിച്ചവർ സന്തുഷ്ടരാണ്. അവർ അത് നിർണ്ണായക ഘട്ടങ്ങളിൽ ഉപയോഗപ്പെടുത്തുന്ന വാർത്തകൾ പുറത്തു വന്നുകൊണ്ടിരിക്കുന്നു. പരിശീലനം നൽകിയ ആത്മവിശ്വാസവും അറിവും ഉപയോഗിച്ച് ഷോക്കേറ്റ് മരണാസന്നനായ വ്യക്തിയെ ജീവിതത്തിലേക്ക് തിരിച്ചു കൊണ്ടുവന്ന മുൻജനപ്രതിനിധികൂടിയായ പുറ്റാട്ട് ശാന്തയും ഭർത്താവിന്റെ അമ്മ ഭക്ഷണം തൊണ്ടയിൽ കുരുങ്ങി ശ്വാസം കിട്ടാതെ പിടയുമ്പോൾ മനസ്സാന്നിധ്യം വിടാതെ പുതുജീവിതത്തിലേക്ക് കൈ പിടിച്ചു കയറ്റിയ മെമ്പർ സുജിതയും ഈ പദ്ധതി അനിവാര്യവും വിജയവുമാണ് എന്നതിന്റെ അടയാളങ്ങളാണ്.

പദ്ധതിയുടെ രണ്ടാം ഘട്ടത്തിലും ചരിത്രം കുറിക്കാനുള്ള പ്രവർത്തനങ്ങൾ ഏറ്റെടുക്കാനുള്ള ശ്രമത്തിലാണ് പഞ്ചായത്ത്. അത്യാഹിതങ്ങളെ നേരിടാൻ പ്രാപ്തമായ സമൂഹമായി ജനങ്ങളെ മാറ്റിയെടുക്കുക എന്നതാണ് മിഷൻ ഫസ്റ്റ് എയിഡിലൂടെ പഞ്ചായത്ത് ലക്ഷ്യമിട്ടിരുന്നത്. പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ ഇന്ത്യയിലെ ആദ്യത്തെ ERS (Emergency Respond System) ഉള്ള പഞ്ചായത്തായി ചേലേമ്പ്രയെ മാറ്റാനാണ് ലക്ഷ്യമിടുന്നത്. AED മെഷീൻ കൂടുതൽ ഉപയോഗപ്രദമാകണമെങ്കിൽ അത് ഏത് അർദ്ധരാത്രിയിലും ആവശ്യക്കാരന് എളുപ്പം ലഭ്യമാക്കുന്നതിന് കഴിയണം. ഒരു Emergency Toll Free Number എല്ലാവരിലുമെത്തിച്ച് അത്യാവശ്യ ഘട്ടങ്ങളിൽ 30 മിനിറ്റുകൾക്കകം പഞ്ചായത്തിലെ എല്ലാ ഭാഗങ്ങളിലേക്കും ആമ്പുലൻസിന്റെയും പാരാമെഡിക്കൽ സ്റ്റാഫിന്റെയും സേവനം ഉറപ്പാക്കി രോഗിക്ക് പ്രഥമ ശുശ്രൂഷ നൽകുന്നതിനും തൊട്ടടുത്തുള്ള ആശുപത്രിയിൽ എത്തിക്കുന്നതിനുമുള്ള പദ്ധതിയാണിത്. ഫലപ്രദമായും ശാസ്ത്രീയമായും ഇടപെടാൻ കഴിയുന്ന പൊതുജന കൂട്ടായ്മകൾ ഓരോ പ്രദേശത്തും സൃഷ്ടിക്കാൻ നമുക്ക് ആവണം..തീർച്ചയായും നമ്മുടെ ഉത്തരവാദിത്തം കൂടുകയാണ്.

അത്യാഹിതങ്ങളെ നേരിടാൻ പ്രാപ്തമായ സമൂഹമായി ജനങ്ങളെ മാറ്റിയെടുക്കുക എന്നതാണ് മിഷൻ ഫസ്റ്റ് എയിഡിലൂടെ പഞ്ചായത്ത് ലക്ഷ്യമിട്ടിരുന്നത്. പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ ഇന്ത്യയിലെ ആദ്യത്തെ ERS (Emergency Respond System) ഉള്ള പഞ്ചായത്തായി ചേലേമ്പ്രയെ മാറ്റാനാണ് ലക്ഷ്യമിടുന്നത്.

□

ലേഖകൻ ചേലേമ്പ്ര ഗ്രാമപഞ്ചായത്ത് പ്രസിഡന്റാണ്.

മാതൃക

മാലിന്യ സംസ്കരണം
അടിമാലി മാതൃക

ഗ്രീൻ അടിമാലി ക്ലീൻ ദേവിയാർ എന്ന സമഗ്ര പദ്ധതിയുടെ രണ്ടാം ഘട്ടമായി ഗ്രീൻ പ്രോട്ടോക്കോളും എയ്റോബിക് കമ്പോസ്റ്റും പ്ലാസ്റ്റിക് ഷ്രെഡിംഗ് യൂണിറ്റും സ്കൂളുകൾ വഴി പ്ലാസ്റ്റിക് ശേഖരിക്കുന്ന മൈ പ്ലാസ്റ്റിക് പദ്ധതിയും വിജയകരമായി ഇവിടെ നടപ്പിലാക്കി വരുന്നു.

ഉറവിട മാലിന്യസംസ്കരണവും പ്ലാസ്റ്റിക് ക്യാരിബാഗുകളുടെ നിരോധനവും ഒപ്പം സമഗ്ര ശുചിത്വ സംവിധാനവും ഏർപ്പെടുത്തി ഇടുക്കി ജില്ലയിലെ അടിമാലി ഗ്രാമപഞ്ചായത്ത് മാതൃകയാകുന്നു. ദിനംപ്രതി 5 മുതൽ 10 ടൺ വരെ മാലിന്യം നീക്കം ചെയ്തിരുന്ന പഞ്ചായത്തിൽ ഇപ്പോൾ മാലിന്യങ്ങളൊന്നും നീക്കം ചെയ്യാനില്ല. ടൗൺ വൃത്തിയാക്കുമ്പോൾ ഉണ്ടാകുന്ന തുച്ഛമായ പ്ലാസ്റ്റിക്കും പേപ്പറും സംസ്കരിക്കുന്ന ജോലി മാത്രമാണ് ഇപ്പോഴുള്ളത്. സമസ്ത വിഭാഗം ജനങ്ങളെയും സംഘടനകളെയും രാഷ്ട്രീയ പാർട്ടികളെയും വിശ്വാസത്തിലെടുത്തും അവരുമായി കൂടിയാലോചനകൾ നടത്തിയും മാലിന്യങ്ങൾ അത് ഉത്പാദിപ്പിക്കുന്നവർ തന്നെ സംസ്കരിക്കണം എന്ന ധാരണയിലെത്തിയുമാണ് പഞ്ചായത്ത് ഈ ലക്ഷ്യം കൈവരിച്ചത്. “ഗ്രീൻ അടിമാലി ക്ലീൻ ദേവിയാർ” എന്ന സമഗ്ര പദ്ധതിയുടെ രണ്ടാം ഘട്ടമായി ഗ്രീൻ പ്രോട്ടോക്കോളും എയ്റോബിക് കമ്പോസ്റ്റും പ്ലാസ്റ്റിക് ഷ്രെഡിംഗ് യൂണിറ്റും സ്കൂളുകൾ വഴി പ്ലാസ്റ്റിക് ശേഖരിക്കുന്ന മൈ പ്ലാസ്റ്റിക് പദ്ധതിയും വിജയകരമായി ഇവിടെ നടപ്പിലാക്കി വരുന്നു.

പ്ലാസ്റ്റിക് ഉൾപ്പെടെയുള്ള മാലിന്യങ്ങൾ കൈകാര്യം ചെയ്യുന്നതുമായി ബന്ധപ്പെട്ട വിശദമായ വിജ്ഞാപനങ്ങൾ പുറപ്പെടുവിച്ചു കൊണ്ടായിരുന്നു തുടക്കം. 50 മൈക്രോ ണിൽ താഴെയുള്ള പ്ലാസ്റ്റിക് ക്യാരിബാഗുകളുടെ നിരോധനം, 50 മൈക്രോണിൽ കൂടുതലുള്ളവ വില്ക്കുന്നവരിൽ നിന്നും പ്രതിമാസം വില്പനയ്ക്കനുസരിച്ച് ഫീസ്, വിജ്ഞാപനം ലംഘിക്കുന്നവർക്ക് 5000 രൂപ പിഴ, മാലിന്യ നിക്ഷേപം അറിയിക്കുന്നവർക്ക് 2500 രൂപ പാരിതോഷികം തുടങ്ങിയ നടപടികൾ ജനങ്ങളിൽ വലിയ പ്രതികരണം സൃഷ്ടിച്ചു. വിജ്ഞാപനം ബാധകമായ 2016 ഡിസംബർ ഒന്നു മുതൽ കർശന പരിശോധനയും സാമഗ്രികൾ പിടിച്ചെടുക്കലും പിഴ ഈടാക്കലും നടത്തിയതോടൊപ്പം നിയമ ലംഘകരെ നടപടികൾക്ക് വിധേയരാക്കുകയും ചെയ്തു. 2016 ഡിസംബർ മുതൽ പ്ലാസ്റ്റിക് ക്യാരിബാഗുകൾ ഉപയോഗിക്കുകയോ വില്പന നടത്തുകയോ ചെയ്യുന്നില്ല. കൂടാതെ പൊതു സ്ഥലങ്ങളിലും പൊതു നിരത്തുകളിലും യാതൊരു വിധത്തിലുള്ള മാലിന്യങ്ങളും

ഇപ്പോൾ ആരും നിക്ഷേപിക്കുന്നുമില്ല.

ഉറവിട മാലിന്യസംസ്കരണം

സമ്പൂർണ്ണ ഉറവിട മാലിന്യസംസ്കരണ ബോധം ജനങ്ങളിൽ വളർത്തുന്നതിന് ഒട്ടേറെ മുന്നൊരുക്കങ്ങളാണ് പഞ്ചായത്ത് നടത്തിയത്. 2016-17, 2017-18 വാർഷിക പദ്ധതികളിലായി 1070 കുടുംബങ്ങളിൽ രണ്ട് വീതം റിംഗ് കമ്പോസ്റ്റുകളും 105 കുടുംബങ്ങൾക്ക് ബയോഗ്യാസ് പ്ലാന്റും നല്കി. ടൗൺ കേന്ദ്രീകൃത പ്രദേശങ്ങളിലെ സ്ഥലപരിമിതിയുള്ള വീടുകൾക്കാണ് മുൻഗണന നല്കിയത്. നിലവിൽ 100 ച. മീറ്ററിന് താഴെ വിസ്തൃതിയുള്ള വീടുകൾ ഒഴികെ എല്ലാ കെട്ടിടങ്ങളിലും ഖര, ദ്രവ മാലിന്യങ്ങൾ സംസ്കരിക്കുന്നതിനുള്ള മതിയായ ഏതെങ്കിലും സംവിധാനം ആറു മാസത്തിനുള്ളിൽ ഏർപ്പെടുത്തിയിരിക്കണമെന്നും പുതിയതായി നിർമ്മിക്കുന്ന കെട്ടിടങ്ങളിൽ ഇവ നിർബന്ധമായും ഏർപ്പെടുത്തണമെന്നും വിജ്ഞാപനം ചെയ്തു. ഖര, ദ്രവ മാലിന്യ സംസ്കരണ സംവിധാനങ്ങൾക്കൊപ്പം മഴവെള്ള സംഭരണിയോ കിണർ റീ ചാർജ്ജിംഗോ (ഏതെങ്കിലും ഒന്ന്) ഏർപ്പെടുത്തിയ കെട്ടിടങ്ങൾക്ക് മാത്രമാണ് പഞ്ചായത്ത് കെട്ടിട നമ്പർ നല്കുന്നത്.

പൊതുസ്ഥലത്ത് മാലിന്യം നിക്ഷേപിച്ചതിന് പിഴ ഈടാക്കിയ ഇനത്തിൽ ഒരു ലക്ഷത്തിലധികം രൂപ പഞ്ചായത്തിനു ലഭിച്ചു. ഗ്രീൻ പ്രോട്ടോക്കോൾ പഞ്ചായത്തിലാകെ നടപ്പിലാക്കി. ഡിസ്പോസിബിൾ പ്ലേറ്റ്, തെർമ്മോക്കോൾ പ്ലേറ്റ് തുടങ്ങി യാതൊരുവിധ ഡിസ്പോസിബിൾ വസ്തുക്കളും പഞ്ചായത്തിലെ ഓഡിറ്റോറിയങ്ങളിൽ ഉപയോഗിക്കുന്നില്ല. മികച്ചയിനം തുണി ബാഗുകൾ പ്രാദേശികമായി തുന്നിയെടുത്ത് ശുചിത്വ സന്ദേശവും ലോഗോയും സഹിതം സഹായനിരക്കിൽ വിവിധ യോഗങ്ങളിലും വ്യാപാര സ്ഥാപനങ്ങളിലും കുടുംബശ്രീ വഴി നല്കിവരുന്നു. ടൗണിലെ ഖരമാലിന്യ സംസ്കരണത്തിന് സ്ഥല പരിമിതിയുള്ളവർക്കായി രണ്ടിടത്ത് എയ്റോബിക് കമ്പോസ്റ്റ് സ്ഥാപിച്ചിട്ടുണ്ട്. ലൈഫ് ഭവന പദ്ധതി പ്രകാരം നിർമ്മിച്ച ഫ്ലാറ്റിൽ 16 യൂണിറ്റുകളുള്ള എയ്റോബിക് കമ്പോസ്റ്റ് യൂണിറ്റും നല്ല രീതിയിൽ പ്രവർത്തിക്കുന്നു. പഞ്ചായത്ത് മാർക്കറ്റിൽ മത്സ്യ, മാംസ മാലിന്യങ്ങൾ സംസ്കരിക്കുന്നതിനു ഗോബർദ്ധൻ മോഡൽ എയ്റോബിക് കമ്പോസ്റ്റ് യൂണിറ്റിന്റെ നിർമ്മാണം പൂർത്തിയായി വരുന്നു. ശേഖരിക്കുന്ന പ്ലാസ്റ്റിക്ക് സംസ്കരിക്കുന്ന ഷ്രെഡിംഗ് യൂണിറ്റിന്റെ പ്രവർത്തനവും ഭംഗിയായി നടക്കുന്നു. ഇതുവരെ 5780 കിലോ ഷ്രഡ് ചെയ്ത പ്ലാസ്റ്റിക് റോഡ് ടാറിംഗിനായി വില്പന നടത്തി.

പഞ്ചായത്തിലെ രണ്ട് ദേശീയ പാതയോരവും പ്ലാസ്റ്റിക്, മാലിന്യരഹിതമാണ്. മാലിന്യ സംസ്കരണ ശുചിത്വ സന്ദേശങ്ങൾ ടൗണിലെ പ്രധാന ഭാഗങ്ങളിൽ മനോഹരമായി മതിലെഴുത്ത് നടത്തിയിട്ടുണ്ട്. സന്ദേശബോർഡ് സ്ഥാപിച്ചും പൊതുജന സഹകരണത്തോടെയും ടൂറിസ്റ്റുകൾ നടത്തിയിരുന്ന മാലിന്യ നിക്ഷേപം വലിയൊരളവുവരെ ഇല്ലാതാക്കാൻ കഴിഞ്ഞു. പൊതുനിരത്തിൽ മാലിന്യം ഇല്ലാതായതോടെ തെരുവ് നായ്ക്കളുടെ എണ്ണവും കുറഞ്ഞു. ഗ്രീൻ അടിമാലി ക്ലീൻ ദേവിയാർ, ഹരിത കേരളം എന്നീ വാട്സ് ആപ്പ് ഗ്രൂപ്പ് രൂപീകരിച്ച് തല്പരരായവരെ ഉൾപ്പെടുത്തി പ്രവർത്തിച്ച് വരുന്നു.

ക്ലീൻ ദേവിയാർ

പഞ്ചായത്തിന്റെ ഹൃദയഭാഗത്തിലൂടെ 30 കി. മീ. ഒഴുകി പെരിയാറിൽ എത്തിച്ചേരുന്ന ദേവിയാർ പുഴ പുനരുജ്ജീവിപ്പിക്കുന്നതിന് കൂട്ടായ ശ്രമമാണ് നടന്നുവരുന്നത്. ദേശീയ തൊഴിലുറപ്പ് പദ്ധതിയിൽ 2500 തൊഴിൽ ദിനങ്ങൾ സൃഷ്ടിച്ച് പുഴയിലെ മാലിന്യങ്ങൾ കോരിമാറ്റി സംസ്കരിച്ചു. പുഴയിലേക്കുള്ള അഴുക്ക് ചാലുകൾ അടപ്പിച്ചു. ദേവിയാർ പുഴയിലൂടെ ശുദ്ധമായ ജലം ഒഴുകുന്ന മാലിന്യമില്ലാത്ത പുഴ എന്ന ക്ലീൻ ദേവിയാർ ലക്ഷ്യം ഈ വർഷം കൈവരിക്കും.

> പഞ്ചായത്തിന്റെ ഹൃദയഭാഗത്തിലൂടെ 30 കി. മീ. ഒഴുകി പെരിയാറിൽ എത്തിച്ചേരുന്ന ദേവിയാർ പുഴ പുനരുജ്ജീവിപ്പിക്കുന്നതിന് കൂട്ടായ ശ്രമമാണ് നടന്നുവരുന്നത്. ദേശീയ തൊഴിലുറപ്പ് പദ്ധതിയിൽ 2500 തൊഴിൽ ദിനങ്ങൾ സൃഷ്ടിച്ച് പുഴയിലെ മാലിന്യങ്ങൾ കോരിമാറ്റി സംസ്കരിച്ചു. .

സമ്പൂർണ്ണ മാലിന്യരഹിത പഞ്ചായത്ത് എന്ന ലക്ഷ്യം നേടിക്കഴിഞ്ഞ പഞ്ചായത്ത്, പ്രകൃതി വിഭവങ്ങളെ പുനരുജ്ജീവിപ്പിക്കുന്നതിനുള്ള തീവ്ര ശ്രമത്തിലാണ് ഇപ്പോൾ. ഇതിന്റെ ഭാഗമായി കൃഷിഭവനോട് ചേർന്ന് കുടുംബശ്രീയുടെ നേതൃത്വത്തിൽ ഒരു ഫലവൃക്ഷ പച്ചക്കറി നേഴ്സറി ആരംഭിച്ചു കഴിഞ്ഞു. ഇവിടെ നിന്നും പഞ്ചായത്തിനും മറ്റ് പഞ്ചായത്തുകൾക്കും പൊതുജനങ്ങൾക്കും മികച്ച ഇനം തൈകൾ വിലകുറച്ച് നല്കി വരുന്നു. ജൂൺ അഞ്ചാം തീയതി പഞ്ചായത്തിലെ രണ്ട് ദേശീയ പാതയോരങ്ങളിലും സൗജന്യമായി ലഭിച്ച 300 വാളൻ പുളി തൈകൾ നടുകയുണ്ടായി. എല്ലാ തൈകളും കൂട നിർമ്മിച്ചും പരിചരണം ഉറപ്പാക്കിയും പരിപാലിച്ച് വരുന്നു. ഇവയുടെ പരിചരണം പ്രദേശത്തെ സ്ഥാപനങ്ങൾ/ സംഘടനകൾ, വീടുകൾ എന്നിവരെ രേഖാമൂലം ഏല്പിച്ചു. കൂടാതെ സോഷ്യൽ ഫോറസ്ട്രി വഴി ലഭ്യമാക്കിയ 16 ഇനം വൃക്ഷ തൈകൾ മറ്റ് പൊതു, സ്വകാര്യ ഇടങ്ങളിൽ നട്ട് പരിപാലിക്കുന്നു.

സ്കൂളുകളിലും പഞ്ചായത്ത് വക സ്ഥലങ്ങളിലും ഔഷധ സസ്യങ്ങൾ വച്ച് പിടിപ്പിക്കുന്നതിന് വാർഷിക പദ്ധതിയിൽ 8.5 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. തൈകൾ സ്കൂളുകൾക്ക് കൈമാറി കഴിഞ്ഞു. പഞ്ചായത്തിലെ വിവിധ പ്രദേശങ്ങളിൽ വിവിധ സ്ഥാപനങ്ങളുടെയും സ്കൂളുകളുടെയും സന്നദ്ധ പ്രവർത്തകരുടെയും സഹായത്തോടെ പച്ചതുരുത്ത് പദ്ധതിയിൽ ജൈവ സമ്പത്തുകൾ വച്ച് പിടിപ്പിക്കുന്ന പ്രവർത്തനവും പുരോഗമിക്കുന്നു.

ശുചിത്വബോധം പൊതുജനങ്ങളിൽ വളർത്തി മാലിന്യസംസ്കരണവും പരിസ്ഥിതി സംരക്ഷണവും ജനപങ്കാളിത്തത്തോടെ വിജയകരമായി നടപ്പിലാക്കുന്നതിന്റെ ഉദാത്ത മാതൃകയാണ് അടിമാലി ഗ്രാമപഞ്ചായത്ത്.

□

വിവരങ്ങൾക്ക് കടപ്പാട്:
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ,
ഇടുക്കി.

ചൂർണ്ണിക്കരയിൽ വിളകൾക്ക് ആരോഗ്യകേന്ദ്രം

■ മാലതി കെ.വി.

കാർഷികവിളകളുടെ പരിപാലനത്തിന് പ്രാഥമിക വിള ആരോഗ്യകേന്ദ്രങ്ങൾ സ്ഥാപിച്ചും തരിശുഭൂമിയിൽ നെൽകൃഷി ഇറക്കിയും മഹാപ്രളയത്തിൽ അടിഞ്ഞുകൂടിയ എക്കൽ, കൃഷിക്ക് ഉപയുക്തമാക്കിയും മാതൃകയാവുകയാണ് എറണാകുളം ജില്ലയിലെ ചൂർണ്ണിക്കര ഗ്രാമപഞ്ചായത്ത്.

പ്രാഥമിക വിള ആരോഗ്യകേന്ദ്രം

കേരളത്തിലാദ്യമായി വിളസംരക്ഷണത്തിനായി നടപ്പിലാക്കിയ നൂതന കാർഷിക പദ്ധതിയാണ് പ്രാഥമിക വിള ആരോഗ്യകേന്ദ്രം. വിളകൾക്ക് വരുന്ന രോഗ-കീട ബാധകൾ കൃഷി ഓഫീസർ ശാസ്ത്രീയമായി നിർണ്ണയം നടത്തി പരിഹരിക്കാനാവശ്യമായ മരുന്നുകൾ സൗജന്യമായി നൽകുന്നു. കൃത്യ സമയത്ത് കൃത്യമായ അളവിൽ മരുന്ന് ലഭ്യമാക്കുന്നതിലൂടെ കീടനാശിനികളുടെ ദുരുപയോഗം തടയാനും വിളസംരക്ഷണം നടത്തുവാനും കർഷകർക്ക് സാധിക്കുന്നു. പഞ്ചായത്തിൽ പ്രവർത്തിക്കുന്ന കാർഷിക കർമ്മ സേനയിലൂടെ സ്പ്രേയറുകൾ ഇല്ലാത്ത കർഷകർക്ക് മരുന്ന് തളിച്ച് കൊടുക്കുന്നതിനുള്ള സംവിധാനവും ഇവിടെ ഒരുക്കിയിട്ടുണ്ട്. എങ്ങനെയാണോ ആരോഗ്യ മേഖലയിൽ പ്രാഥമിക ആരോഗ്യ കേന്ദ്രം പ്രവർത്തിക്കുന്നത് അതേ മാതൃകയിൽ തന്നെയാണ് ഇവിടെ കർഷകരുടെ വിള സംരക്ഷണത്തിനായി കൃഷിഭവന്റെ മേൽനോട്ടത്തിൽ പ്രാഥമിക വിള ആരോഗ്യകേന്ദ്രവും പ്രവർത്തിക്കുന്നത്.

ചവർ പാടം നെൽകൃഷി

കൃഷിവകുപ്പിന്റെ ആത്മ പദ്ധതിയിലൂടെയും ജനകീയാസൂത്രണ പദ്ധതിയിലൂടെയും 20 വർഷത്തോളം തരിശ്ശും മാലിന്യ കൂമ്പാരവുമായി കിടന്ന 30 ഏക്കർ സ്ഥലം അടയാളം പുരുഷ സ്വയം സഹായ സംഘമെന്ന സന്നദ്ധ സംഘടനയുടെ മേൽനോട്ടത്തിൽ കൃഷിയോഗ്യമാക്കിയ പദ്ധതിയാണിത്.

ശാസ്ത്രീയമാർഗ്ഗങ്ങളിലൂടെ മാലിന്യങ്ങൾ പൂർണ്ണമായും നീക്കം ചെയ്ത് മണ്ണുപരിശോധന നടത്തി ഇവിടെ നെൽകൃഷി നടപ്പിലാക്കി. കഴിഞ്ഞ 2 വർഷമായി ഹെക്ടറിന് 10 ടൺ വിളവാണ് ലഭിച്ചുകൊണ്ടിരിക്കുന്നത്. അരി ചൂർണ്ണിക്കര കുത്തരി എന്ന പേരിൽ വിപണിയിലിറക്കി. പാടത്തിന് ചുറ്റും ബന്ദിപ്പൂക്കളും കുറ്റിപ്പയറും നട്ട് പാരിസ്ഥിതിക എഞ്ചിനീയറിങ്ങിലൂടെ കീടനിയന്ത്രണം സാധ്യമാക്കിയത് വളരെയധികം ജനശ്രദ്ധ പിടിച്ചുപറ്റി. ഇതിലൂടെ കീടനാശിനിപ്രയോഗം ഒഴിവാക്കാനും കഴിഞ്ഞു.

ചൂർണ്ണിക്കര കാർഷിക പാക്കേജ്

2018 ആഗസ്റ്റ് മാസത്തിലെ മഹാപ്രളയം പഞ്ചായത്തിലെ 18 വാർഡുകളിൽ 16 വാർഡുകളെയും രൂക്ഷമായി ബാധിച്ചിരുന്നു. പ്രളയത്തിലൂടെ പഞ്ചായത്തിലെ വിവിധ സ്ഥലങ്ങളിൽ അടിഞ്ഞു കൂടിയ എക്കൽ,ശാസ്ത്രീയമായ മണ്ണ് പരിശോധനയുടെയും ശാസ്ത്രജ്ഞരുടെ ഫീൽഡ് പരിശോധനയുടെയും അടിസ്ഥാനത്തിൽ തെങ്ങ്, നെല്ല്, പച്ചക്കറി എന്നീ വിളകളുടെ പുനരുദ്ധാരണത്തിനായി ഉപയോഗിക്കുന്നതിന് നടപ്പിലാക്കിയ നൂതന പദ്ധതിയാണിത്. ഇതിലൂടെ 5000 തെങ്ങുകൾക്ക് തടമെടുത്ത് വായുസഞ്ചാരം വർദ്ധിപ്പിച്ചു. കമ്പോസ്റ്റ് വളം, ഡോളോമൈറ്റ്, മഗ്നീഷ്യം സൾഫേറ്റ്, ബോറോൺ എന്നിവ സൗജന്യമായി നൽകി. കുമ്പചീയൽ രോഗം തടയുന്നതിനായി കേന്ദ്ര തോട്ടവിള ഗവേഷണ കേന്ദ്രത്തിന്റെ പുതിയ സാങ്കേതിക വിദ്യയായTCPC (Trichoderma Coir Pith Cake) കർഷകർക്ക് സൗജന്യമായി നൽകി. തടമെടുക്കൽ, TCPCഎന്നിവ ചൂർണ്ണിക്കര കാർഷിക കർമ്മസേന മുഖേനയും വളം വിതരണം തായിക്കാട്ടുകര നാളികേര ഉല്പാദക സംഘം വഴിയും നടപ്പിലാക്കി.

എക്കൽ അടിഞ്ഞുകൂടിയ 5 ഏക്കർ സ്ഥലത്ത് ജൈവ പച്ചക്കറികൃഷി നടപ്പിലാക്കി. ഇതിനാവശ്യമായ ഉല്പാദനോപാധികൾ സൗജന്യമായി കർഷകർക്ക് നൽകി. കൂടാതെ 100 കുടുംബങ്ങളിലേക്ക് ഗ്രോബാഗുകളും അവ പരിപാലിക്കാൻ ആവശ്യമായ ഉല്പാദനോപാധികളും 95 ശതമാനം സബ്സിഡി നിരക്കിൽ നൽകി. 22 വർഷത്തോളം തരിശായി കിടന്ന കട്ടേപ്പാടം പാടശേഖരത്തിലെ 15 ഏക്കർ സ്ഥലത്ത് നെൽകൃഷി ആരംഭിച്ചു. വിളനഷ്ടം സംഭവിച്ച കർഷകർക്ക് പകരം തൈകൾ നൽകി. മാത്രമല്ല ജലസേചനത്തിനായുള്ള മോട്ടോർ പമ്പുസെറ്റ് നഷ്ടപ്പെട്ട കർഷകർക്ക് പകരം മോട്ടോർ പമ്പുസെറ്റ് നൽകാനും സാധിച്ചു. □

ലേഖിക എറണാകുളം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറാണ്.

കില ന്യൂസ്

ജില്ലാപദ്ധതികളെക്കുറിച്ച് കിലയിൽ സംഘടിപ്പിച്ച ദേശീയ കൂടിയാലോചനാശില്പ ശാലയിൽ മുൻ ചീഫ് സെക്രട്ടറി എസ്.എം. വിജയാനന്ദ് മുഖ്യപ്രഭാഷണം നടത്തുന്നു.

ജില്ലാപദ്ധതികളെക്കുറിച്ച് കിലയിൽ ദേശീയശില്പശാല

കേന്ദ്ര പഞ്ചായത്ത് രാജ് മന്ത്രാലയത്തിന്റെ സഹകരണത്തോടെ ജില്ലാപദ്ധതികളെക്കുറിച്ച് കില നടത്തുന്ന പഠനവുമായി ബന്ധപ്പെട്ട് രണ്ടുദിവസത്തെ ദേശീയ കൂടിയാലോചനാശില്പശാല കിലയിൽ സംഘടപ്പിച്ചു. മുൻ ചീഫ് സെക്രട്ടറി എസ്.എം. വിജയാനന്ദ് മുഖ്യപ്രഭാഷണം നടത്തി. കില ഡയറക്ടർ ഡോ.ജോയ് ഇളമൺ സ്വാഗതമാശംസിച്ചു.ബീഹാർ വിദ്യാപീഠം ചെയർമാൻ വിജോയ് പ്രകാശ് ഐ.എ.എസ്, കെ.എസ്.ഡി.പി. വൈസ് ചെയർമാൻ വി.വൈ.ഖോർപടെജി, കേന്ദ്ര പഞ്ചായത്ത് രാജ് മന്ത്രാലയം കൺസൽട്ടന്റ് ഡോ. പി.പി.ബാലൻ, ഉദയ്പൂരിലെ ടി.എ.ഡി.സി. ഡയറക്ടർ സുധീർ ദാവ്, എസ്.ഐ.ഡി.ബി.ഐ സ്റ്റേറ്റ് ചെയർമാൻ യോഗേഷ് മഹോർ, കജാരി മിശ്ര, സംസ്ഥാന റിസോഴ്സ് ഗ്രൂപ്പ് കൺവീനർ വി.എസ് ബിജു, കില പ്രോജക്ട് കോർഡിനേറ്റർ ഡോ. ജെ.ബി.രാജൻ എന്നിവർ സംസാരിച്ചു. പതിനൊന്നു സംസ്ഥാനങ്ങളിൽ ജില്ലാ പദ്ധതികളെക്കുറിച്ച് സാമ്പിൾ പഠനം നടത്താൻ തീരുമാനിച്ചു.കേരളത്തിനുപുറമെ പശ്ചിമബംഗാൾ, ആസാം, സിക്കിം, ബീഹാർ, കർണാടക, തമിഴ്നാട്, രാജസ്ഥാൻ, മധ്യപ്രദേശ്, മഹാരാഷ്ട്ര, ഒഡീഷ എന്നീ സംസ്ഥാനങ്ങളിൽനിന്നുള്ള 24 പ്രതിനിധികൾ ശില്പശാലയിൽ പങ്കെടുത്തു.

ജമ്മുകാശ്മീരിലെ ജനപ്രതിനിധികൾ കിലയിൽ

ജമ്മുകാശ്മീരിലെ ലേ ജില്ലയിൽനിന്നുള്ള 26 ഹർഖ പഞ്ചായത്ത്(ഗ്രാമപഞ്ചായത്ത്) പ്രസിഡന്റുമാരും 5 ഉദ്യോഗസ്ഥരുമടങ്ങുന്ന സംഘം കില സന്ദർശിച്ചു. കേരളത്തിലെ പഞ്ചായത്ത് രാജ് സംവിധാനത്തെക്കുറിച്ച് പഠിക്കാനാണ് സംഘമെത്തിയത്. കിലയിൽ അവർക്കു രണ്ടു ദിവസത്തെ പരിശീലനം നൽകി. കില ഡയറക്ടർ ജോയ് ഇളമൺ ആമുഖപ്രഭാഷണം നടത്തി. കടപ്പുറം ഗ്രാമപഞ്ചായത്തും ആലപ്പുഴ ജില്ലാപഞ്ചായത്തും സംഘം സന്ദർശിച്ചു. ലേ ബി.ഡി.ഒ അബ്ദുൾ ഖയൂമാണ് സംഘത്തെ നയിച്ചത്.

ശുചിത്വ– മാലിന്യ പരിപാലനം: നഗരസഭാ കൗൺസിലർമാർക്കു പരിശീലനം

ശുചിത്വ- മാലിന്യ പരിപാലനവുമായി ബന്ധപ്പെട്ട് നഗരസഭകളിലെ കൗൺസിലർമാർക്കും ഉദ്യോഗസ്ഥർക്കുമുള്ള മൂന്നുദിവസത്തെ പരിശീലനപരിപാടി കില ഡയറക്ടർ ഡോ. ജോയ് ഇളമൺ ഉദ്ഘാടനം ചെയ്തു. ഓരോ നഗരസഭയിൽനിന്നും എട്ടുപേർ വീതമാണ് പങ്കെടുത്തത്. ശുചിത്വ-മാലിന്യ പരിപാലനം-കേരള കാഴ്ചപ്പാട്, ഖരമാലിന്യ പരിപാലനം, ദ്രവമാലിന്യ പരിപാലനം, അജൈവ മാലിന്യപരിപാലനം, ഹരിതകർമ്മസേനയുടെ രൂപീകരണവും പ്രവർത്തനവും മാലിന്യ പരിപാലനത്തിനുള്ള സാങ്കേതികവിദ്യയും പ്രവർത്തനവും മാലിന്യപരിപാലനത്തിന്റെ ഫീൽഡ് സ്റ്റഡി, മാലിന്യപരിപാലനവുമായി ബന്ധപ്പെട്ട നിയമ വ്യവസ്ഥയും നഗരസഭകളുടെ ചുമതലകളും ജീവിതശൈലിയും മാലിന്യപരിപാലനവും, ഹരിതനിയമങ്ങളുടെ നടപടിക്രമങ്ങൾ, കർമ്മപരിപാടി തയ്യാറാക്കൽ എന്നീ വിഷയങ്ങളിലായിരുന്നു പരിശീലനം. പരിശീലനത്തിന്റെ ഭാഗമായി പഠന പര്യടനവും സംഘടിപ്പിച്ചിരുന്നു.

പന്തളം, വൈക്കം, കൊണ്ടോട്ടി, തിരൂർ, തിരൂരങ്ങാടി, മഞ്ചേരി, മാനന്തവാടി, കോട്ടയ്ക്കൽ, ഇരിഞ്ഞാലക്കുട, പയ്യോളി നഗരസഭകളിൽനിന്നുള്ളവരാണ് പരിശീലനത്തിൽ പങ്കെടുത്തത്. ഇതോടെ എട്ടു ബാച്ചുകളുടെ പരിശീലനം പൂർത്തിയായി.

ദുരന്തമേഖലയിലെ വികസനപ്രവർത്തനങ്ങൾക്കു പ്രത്യേക പരിശീലനപരിപാടി

ലേയിൽനിന്നുള്ള ജനപ്രതിനിധികളെയും ഉദ്യോഗസ്ഥരെയും കില ഡയറക്ടർ ഡോ. ജോയ് ഇളമൺ അഭിസംബോധന ചെയ്യുന്നു.

ദുരന്തമേഖലയിൽ വികസനപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നതിനു കിലയിൽ സംഘടിപ്പിച്ച ശില്പശാല.

ദുരന്തസാധ്യത ഉൾക്കൊണ്ടുകൊണ്ട് പ്രാദേശിക സർക്കാരുകൾക്കു വികസനപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നതിനുള്ള പരിശീലനപരിപാടിക്കു കില രൂപം നൽകി. വിവിധ വികസനമേഖലകളുമായി ബന്ധപ്പെട്ട് മുൻഗണനാടിസ്ഥാനത്തിൽ ഏറ്റെടുക്കേണ്ട പ്രോജക്ടുകളെക്കുറിച്ച് പ്രാദേശികസർക്കാരുകൾക്കു ശാസ്ത്രീയമായ ദിശാബോധം നൽകുന്നതിനുള്ള പരിശീലനപരിപാടി ആവിഷ്ക്കരിച്ച് നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്. റഡാർ ഇന്ത്യ എന്ന എൻജിനീയർമാരുടെ സന്നദ്ധസംഘടനയും കിലയും സംയുക്തമായാണ് ഇതിനു നേതൃത്വം നൽകുക. ഇതിന്റെ ഭാഗമായി വിവിധ വകുപ്പുകളുടെ ജില്ലാതല ഉദ്യോഗസ്ഥർ, വിദഗ്ധർ എന്നിവരുടെ ഏകദിന ശില്പശാല കിലയിൽ സംഘടിപ്പിച്ചു.

കൃഷി, മൃഗസംരക്ഷണം, മത്സ്യബന്ധനം, കുടിവെള്ളം, ആരോഗ്യം, ശുചിത്വം, വിദ്യാഭ്യാസം, വനം തുടങ്ങിയ വിവിധ മേഖലകളിൽ ദുരന്ത സാധ്യത ഉൾക്കൊണ്ടുള്ള വികസനാസൂത്രണ പ്രവർത്തനങ്ങൾക്കു നേതൃത്വം നൽകാൻ പ്രാദേശിക സർക്കാരുകളെ പ്രാപ്തരാക്കുക എന്നതാണ് പരിശീലനപരിപാടിയുടെ ലക്ഷ്യം. ഇതിനായി വിവിധ മേഖലകളിലെ വിദഗ്ധരുടെ പാനൽ രൂപീകരിക്കും. ഈ വിദഗ്ധ പാനലിന്റെ നേതൃത്വത്തിൽ പരിശീലന മൊഡ്യൂൾ, ലെസൺ പ്ലാൻ എന്നിവ തയ്യാറാക്കി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികൾക്കും ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കും വിശദമായ പരിശീലനം നൽകും. കിലയും റഡാറും പരിശീലനത്തിനു നേതൃത്വം നൽകും. സ്ഥായിയായ വികസനാസൂത്രണ പ്രവർത്തനങ്ങളിലൂടെ കേരളത്തിലെ പ്രാദേശിക സർക്കാരുകൾ ദുരന്ത സാധ്യത ഉൾക്കൊണ്ടുള്ള പ്രായോഗിക വികസനപരിപാടികൾക്കു രൂപം നൽകും.

പച്ചത്തുരുത്ത് വനവൽക്കരണത്തിന്റെ നൂതന ആശയം: പരിശീലനം തുടങ്ങി

പരിപാലനത്തിന്റെ അഭാവം മൂലമാണ് നട്ടുപിടിപ്പിച്ച വൃക്ഷതൈകൾ നശിക്കുന്നതെന്ന് ജില്ലാ കലക്ടർ ടി.വി. അനുപമ. ഹരിതകേരളം മിഷനും കിലയും സംയുക്തമായി സംഘടിപ്പിച്ച പച്ചത്തുരുത്ത് പരിശീലനപരിപാടിയിൽ മുഖ്യപ്രഭാഷണം നടത്തുകയായിരുന്നു അവർ. വനവൽക്കരണത്തിന്റെ നൂതന ആശയമാണ് പച്ചത്തുരുത്ത്. തദ്ദേശഭരണസ്ഥാപനങ്ങളുടെ കീഴിൽ പല കാരണങ്ങളാൽ ഉപയോഗിക്കാൻ കഴിയാത്ത സ്ഥലങ്ങൾ പച്ചത്തുരുത്തിനായി ഉപയോഗിക്കണം. ചെലവില്ലാതെ പ്രകൃതിക്കു കൊടുക്കാൻ കഴിയുന്ന വലിയ സംഭാവനയാണ് പച്ചത്തുരുത്ത്. എല്ലാ സംയോജിത സാദ്ധ്യതകളും ഉൾപ്പെടുത്തിയാണ് ഇതു നടപ്പിലാക്കേണ്ടതെന്നു കലക്ടർ പറഞ്ഞു.

നമ്മുടെ ഇടപെടൽ കൊണ്ടാണ് ആവാസവ്യവസ്ഥയിലും ജൈവവൈവിധ്യ മേഖലയിലും പ്രശ്നങ്ങൾ ഉണ്ടാകുന്നതെന്ന് ഉദ്ഘാടനം നിർവഹിച്ച ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് മേരി തോമസ് പറഞ്ഞു. അന്തരീക്ഷവും പ്രകൃതിയും മലീമസമാക്കുന്നതു നാം തന്നെയാണെന്നും ഇവിടെയാണ് പച്ചത്തുരുത്തുകളുടെ അനിവാര്യതയെന്നും അവർ വ്യക്തമാക്കി.

മുരിയാട് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് സരള വിക്രമൻ അദ്ധ്യക്ഷയായിരുന്നു. ജില്ലയിലെ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിലെ അദ്ധ്യക്ഷന്മാർ, സെക്രട്ടറിമാർ, മഹാത്മാഗാന്ധി ഗ്രാമീണതൊഴിലുറപ്പ പദ്ധതിയിലെ എഞ്ചിനിയർമാർ, കൃഷി ഓഫീസർമാർ, പഞ്ചായത്തുതല ഹരിതകേരളം മിഷൻ റിസോഴ്സ് പേഴ്സൺമാർ, പരിസ്ഥിതി പ്രവർത്തകർ എന്നിവരാണ് പരിശീലനപരിപാടിയിൽ പങ്കെടുത്തത്. പച്ചത്തുരുത്തുകൾ ഒരുക്കാൻ താൽപര്യം പ്രകടിപ്പിച്ച തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്കാണ് ആദ്യഘട്ടത്തിൽ പരിശീലനം നൽകുന്നത്.

ടെക്നിക്കൽ അസിസ്റ്റന്റുമാർക്കു ഹാർഡ്വെയർ ക്ലിനിക്കിൽ പരിശീലനം

സംസ്ഥാനത്തെ ഗ്രാമപഞ്ചായത്തുകളിലെ ടെക്നിക്കൽ അസിസ്റ്റന്റുമാർക്കു ഹാർഡവെയർ ക്ലിനിക്കിൽ പരിശീലനം തുടങ്ങി. തൃശ്ശൂർ ജില്ലയിലെ ഗ്രാമപഞ്ചായത്തുകളിൽനിന്നുള്ള ഇരുപതുപേർക്കാണ് ആദ്യബാച്ചിൽ പരിശീലനം നൽകിയത്. കമ്പ്യൂട്ടറുകളുടെ അസംബ്ലിംഗിലും മറ്റു അറ്റകുറ്റ പണികളിലുമാണ് പരിശീലനം.

ഗ്രാമപഞ്ചായത്തുകളിലെ ടെക്നിക്കൽ അസിസ്റ്റന്റുമാർക്കു കിലയിൽ സംഘടിപ്പിച്ച ഹാർഡ്വെയർ ക്ലിനിക്കിൽ പരിശീലനം.

വാർത്തകൾ വിശേഷങ്ങൾ

സിനിമ ടിക്കറ്റുകൾക്ക് വിനോദ നികുതി ഏർപ്പെടുത്തി ഉത്തരവായി

നൂറ് രൂപയിൽ കുറവുള്ള സിനിമ ടിക്കറ്റുകൾക്ക് അഞ്ച് ശതമാനവും 100 രൂപയിൽ കൂടുതലുള്ള ടിക്കറ്റുകൾക്ക് 8.5 ശതമാനവും വിനോദ നികുതി സെപ്റ്റംബർ ഒന്നു മുതൽ ഈടാക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകി സർക്കാർ ഉത്തരവായി. ഇ ടിക്കറ്റിംഗ് നിലവിൽ വരുന്നതുവരെ ടിക്കറ്റുകൾ തദ്ദേശസ്ഥാപനങ്ങളിൽ കൊണ്ടുപോയി സീൽ ചെയ്യേണ്ട. ഇതിനു പകരം ചരക്ക് സേവന നികുതി ഒടുക്കുന്ന ടിക്കറ്റുകളുടെ എണ്ണത്തിന് അനുസൃതമായി തൊട്ടടുത്ത മാസം മൂന്നാം തീയതിക്കകം പിരിച്ച നികുതി തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽ ഒടുക്കണം. ഹൈക്കോടതിയുടെ ഇടക്കാല ഉത്തരവ് പരിഗണിച്ചും സിനിമ രംഗത്തെ സംഘടനകളുമായി സർക്കാർ നടത്തിയ ചർച്ചയുടെ അടിസ്ഥാനത്തിലുമാണ് നേരത്തെയിറക്കിയ ഉത്തരവ് ഭേദഗതി വരുത്തി തദ്ദേശസ്വയംഭരണ വകുപ്പ് ഇറക്കിയത്.

(സ.ഉ.(കൈ) നം.112/2019/തസ്വഭവ,തീയതി 31.8.2019)

ലൈഫ് മിഷൻ- പരാതികൾ ഓൺലൈനിൽ നല്കാം

പൊതുജനങ്ങൾക്ക് ലൈഫ് മിഷനിൽ നല്കേണ്ട പരാതികൾ ഇനി മുതൽ അക്ഷയ കേന്ദ്രങ്ങൾ വഴിയോ, www.edistrict.kerala.gov.in പോർട്ട് സൗകര്യം ഉപയോഗിച്ചോ ഓൺലൈൻ വഴി സമർപ്പിക്കാം. കേരള സ്റ്റേറ്റ് ഐ.ടി. മിഷൻ ഇ-ഡിസ്ട്രിക്ട് പദ്ധതിയിലൂടെയാണ് സേവനം ലഭ്യമാക്കുന്നത്.

ലൈഫ് മിഷന്റെ സംസ്ഥാന ഓഫീസിലും ജില്ലാ ഓഫീസുകളിലേക്കുമുള്ള പരാതികൾ ഇതുവഴി സമർപ്പിക്കാം. പരാതിക്ക് മറുപടി തയ്യാറാവുന്നതോടെ മൊബൈലിലേക്ക് മെസ്സേജ് ലഭിക്കും. അക്ഷയസെന്ററിൽ നിന്നോ വെബ് പോർട്ട് ഉപയോഗിച്ചോ ഇത് പരിശോധിക്കാൻ സൗകര്യവുമുണ്ട്. കേരള സ്റ്റേറ്റ് ഐ.ടി. മിഷന്റെ നേതൃത്വത്തിൽ ലൈഫ് മിഷൻ ഉദ്യോഗസ്ഥർക്ക് ആവശ്യമായ പരിശീലനം നല്കിയിട്ടുണ്ട്. ജില്ലകളിൽ നിയമിച്ചിട്ടുള്ള ഹാൻഡ് ഹോൾഡ് സപ്പോർട്ട് എൻജിനീയർ മുഖേന ബന്ധപ്പെട്ട പഞ്ചായത്ത് ഉദ്യോഗസ്ഥർക്കുള്ള പരിശീലനം പുരോഗമിക്കുന്നു. പദ്ധതിയുടെ ഔദ്യോഗിക ഉദ്ഘാടനം തദ്ദേശ സ്വയംഭരണ മന്ത്രി എ.സി.മൊയ്തീൻ നിർവഹിച്ചു. കേരള സ്റ്റേറ്റ് ഐ.ടി. മിഷൻ ഡയറക്ടർ ഡോ.ചിത്ര, ലൈഫ് മിഷൻ സി.ഇ.ഒ യു.വി.ജോസിന് ലോഗിൻ ക്രെഡൻഷ്യൽ കൈമാറി.

നിലവിൽ നിരവധി സേവനങ്ങൾ ഈ പോർട്ടലിൽ ലഭ്യമാണ്. റവന്യൂ വകുപ്പിൽ നിന്നും ലഭിക്കുന്ന 25 തരം സർട്ടിഫിക്കറ്റുകൾ, റവന്യൂ കോടതി കേസുകൾ, പൊതു പരാതി പരിഹാര അദാലത്തുകൾ, വനം വകുപ്പിൽ നിന്നും ലഭിക്കുന്ന വന്യ ജീവി ആക്രമണം മൂലമുണ്ടാകുന്ന നാശനഷ്ടങ്ങൾക്കുള്ള നഷ്ടപരിഹാരം, വിവിധ വകുപ്പുകളുടെ യൂട്ടിലിറ്റി പണമിടപാടുകൾ, കാലിക്കറ്റ് യൂണിവേഴ്സിറ്റി ഫീസുകൾ, വിവിധ ക്ഷേമനിധി പണമിടപാടുകൾ, പോലീസ് വകുപ്പിന്റെ ഇ-ചലാൻ തുടങ്ങിയ സേവനങ്ങൾ ലഭ്യമാണ്.

ശുചിത്വ സർവ്വേയിൽ അഭിപ്രായം രേഖപ്പെടുത്താൻ മൊബൈൽ ആപ്ലിക്കേഷൻ

രാജ്യത്തെ എല്ലാ ജില്ലകളെയും ഗ്രാമപഞ്ചായത്തുകളിലെ വിവിധ ശുചിത്വഘടകങ്ങളുടെ അടിസ്ഥാനത്തിൽ വിലയിരുത്തി റാങ്ക് നല്കുന്നതിന് കേന്ദ്ര ശുചിത്വ കുടിവെള്ള മന്ത്രാലയം സ്വച്ഛ് സർവ്വേക്ഷൻ (ഗ്രാമീൺ) 2019ന് തുടക്കമായി. പൊതുജനങ്ങൾക്ക് അവരുടെ ജില്ലയിലെ പഞ്ചായത്തുകളിലെ പൊതുശുചിത്വത്തെ പറ്റി മൊബൈൽ ആപ്ലിക്കേഷനിലൂടെ അഭിപ്രായം രേഖപ്പെടുത്താം. ഇതിനായി ഗൂഗിൾ പ്ലേ സ്റ്റോറിൽ എസ്.എസ്.ജി.2019 എന്ന ആപ്ലിക്കേഷൻ ഡൗൺലോഡ് ചെയ്ത് അതിൽ ഉൾപ്പെടുത്തിയിരിക്കുന്ന നാല് ചോദ്യങ്ങൾക്കാണ് ഉത്തരം നല്കേണ്ടത്.

സ്കൂളുകൾ, അങ്കണവാടികൾ, പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങൾ, ചന്തകൾ, പഞ്ചായത്തുകൾ മുതലായ പൊതുഇടങ്ങളുടെ ശുചിത്വം, വൃത്തിയുടെ കാര്യത്തിൽ പൊതുജനങ്ങളുടെ കാഴ്ചപ്പാടിൽ സ്വച്ഛ് ഭാരത് മിഷൻ പദ്ധതി മെച്ചപ്പെടുത്തുന്നതിൽ അവരുടെ നിർദ്ദേശങ്ങൾ എന്നിങ്ങനെയുള്ള മത്സരാധിഷ്ഠിത മാനദണ്ഡങ്ങൾ അടിസ്ഥാനമാക്കി നടത്തുന്ന ജില്ലാതല സർവ്വേയിലൂടെയാണ് റാങ്കിംഗ് നിശ്ചയിക്കുന്നത്. മെച്ചപ്പെട്ട പ്രവർത്തനം കാഴ്ചവയ്ക്കുന്ന സംസ്ഥാനങ്ങൾക്കും ജില്ലകൾക്കും കേന്ദ്രസർക്കാർ അവാർഡ് നല്കും. കേരളത്തിൽ ആഗസ്റ്റ്-സെപ്റ്റംബർ മാസങ്ങളിലായാണ് സർവ്വേ.

ഹരിതചട്ടം: തനതു ഫണ്ട് ഉപയോഗിക്കാൻ അനുമതി നൽകിയും സർക്കാർ ഉത്തരവായി

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ സംഘടിപ്പിക്കുന്ന പൊതു പരിപാടികളിൽ ഹരിതചട്ടം പാലിക്കണമെന്ന് കർശന നിർദ്ദേശം നൽകിയും സഹായകമായ ചട്ടം കാര്യക്ഷമമായി നടപ്പിലാക്കാൻ കഴുകി ഉപയോഗിക്കാൻ കഴിയുന്ന ഗ്ലാസുകളും പാത്രങ്ങളും ആവശ്യത്തിനനുസരിച്ച് വാങ്ങാൻ തനതുഫണ്ട് വിനിയോഗിക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകി സർക്കാർ ഉത്തരവായി.

തദ്ദേശസ്വയംഭരണവകുപ്പുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവുകൾ, സർക്കുലറുകൾ, ഗസറ്റ് വിജ്ഞാപനങ്ങൾ എന്നിവയുടെ പൂർണരൂപം www.lsgkerala.gov.in, www.dop.lsgkerala.gov.in എന്നീ വെബ്സൈറ്റുകളിൽ ലഭ്യമാണ്

ഗുണമേന്മയുള്ള ആരോഗ്യസേവനം ചെമ്മരുതി മാതൃക

നവകേരളം കർമ്മപദ്ധതിയുടെ ഭാഗമായി പൊതുജനാരോഗ്യ മേഖലയെ ശക്തിപ്പെടുത്തുന്നതിനാരംഭിച്ച ആർദ്രം മിഷന്റെ ലക്ഷ്യങ്ങൾ ചെമ്മരുതിയിൽ സാക്ഷാത്കരിക്കുന്നു

തിരുവനന്തപുരം ജില്ലയിലെ ചെമ്മരുതി ഗ്രാമപഞ്ചായത്തിലെ കുടുംബാരോഗ്യ കേന്ദ്രത്തിൽ ചികിത്സതേടി എത്തുന്നവരുടെ എണ്ണത്തിൽ വൻ വർദ്ധനവ്. മെച്ചപ്പെട്ട രോഗീസൗഹൃദ അന്തരീക്ഷം നിലനില്ക്കുന്ന ഈ കേന്ദ്രത്തിൽ കഴിഞ്ഞ ജൂലൈ മാസം ചികിത്സതേടി എത്തിയത് പന്ത്രണ്ടായിരത്തോളം പേരാണ്. ആശുപത്രിയിൽ എത്തി പേര് രജിസ്റ്റർ ചെയ്യുന്നതു മുതൽ ഡോക്ടർ നിർദ്ദേശിക്കുന്ന ടെസ്റ്റുകൾ ലാബിൽ ചെയ്ത് മരുന്നു വാങ്ങുന്നതുവരെ സാധാരണ ജനം അനുഭവിക്കുന്ന പ്രായോഗിക ബുദ്ധിമുട്ടുകൾ ഇവിടെ പഴങ്കഥ മാത്രം. ഒരു കുടുംബത്തിലെ എല്ലാ അംഗങ്ങളുടെയും അടിസ്ഥാന ആരോഗ്യാവശ്യങ്ങൾ നിറവേറ്റാൻ വേണ്ട എല്ലാ സൗകര്യങ്ങളും ഈ കേന്ദ്രത്തിൽ ഒരുക്കിയിട്ടുണ്ട്. സ്വകാര്യ ആശുപത്രികളെ സമീപിച്ചിരുന്നവരും സമീപ പഞ്ചായത്തിലെ ജനങ്ങളും വിവിധ ആരോഗ്യ സേവനം തേടി ഇവിടെ എത്തുന്നു.

ആരോഗ്യ വകുപ്പിന്റെ ചികിത്സാ മാർഗ്ഗരേഖ പ്രകാരം ഗുണമേന്മയാർന്ന ചികിത്സയും പരിചരണവും നല്കാൻ സദാസന്നദ്ധത പ്രകടിപ്പിക്കുന്ന ഡോക്ടർമാരും പാരാമെഡിക്കൽ ജീവനക്കാരുമാണ് ഈ കുടുംബാരോഗ്യകേന്ദ്രത്തെ കൂടുതൽ ജനസൗഹൃദ

മാക്കുന്നത്. ഡോ. അൻവർ അബ്ബാസ്, ഡോ. അരുൺ, ഡോ. അബ്ദുൾകലാം, ഡോ. സുജ എന്നിവർ ഇവിടെ വിവിധ ക്ലിനിക്കുകൾക്ക് നേതൃത്വം നല്കുന്നു. ഇൻസുലിൻ ഉൾപ്പടെയുള്ള വിലയേറിയ മരുന്നുകൾ രോഗികൾക്ക് സൗജന്യമായി നല്കുന്നതോടൊപ്പം സ്ഥിരമായി മരുന്നുകൾ കഴിക്കേണ്ട രോഗികൾക്ക് ഒരു മാസത്തെ മരുന്ന് സൗജന്യമായി ഒരുമിച്ച് കൊടുക്കുന്ന സൗകര്യവും ഇവിടെയുണ്ട്. സാധാരണ രോഗങ്ങൾക്കുള്ള ചികിത്സയ്ക്കു പുറമേ പ്രത്യേക രോഗങ്ങൾക്കുള്ള ക്ലിനിക്കുകളും ഇവിടെ പ്രവർത്തിക്കുന്നു.

ജിറിയാട്രിക്ക് ക്ലിനിക്ക്

വയോജനങ്ങൾക്കായി ജിറിയാട്രിക്ക് ക്ലിനിക്ക് പ്രവർത്തിക്കുന്നു. വയോജനങ്ങൾക്ക് പ്രത്യേക വിശ്രമകേന്ദ്രവും ആധുനിക സൗകര്യങ്ങളോടുകൂടിയ ഫിസിയോതെറാപ്പി സെന്ററും ഇവിടെ സജ്ജീകരിച്ചിട്ടുണ്ട്.

ആശ്വാസ് ക്ലിനിക്ക്

ശ്വാസംമുട്ടൽ ബാധിച്ചവർക്ക് വേണ്ടി ആരംഭിച്ച ആശ്വാസ് ക്ലിനിക്കിൽ വിദഗ്ധ ചികിൽസയും ഇൻഹെലറുകളും മരുന്നുകളും സൗജന്യമാണ്.

വിഷാദരോഗികൾക്കും ആത്മഹത്യാ പ്രവണതയും അമിത ഉത്കണ്ഠയും ഉള്ളവർക്കും വേണ്ടി ആരംഭിച്ച ക്ലിനിക്കിൽ നിരവധിപേർ സേവനം തേടി എത്തുന്നുണ്ട്.

കൗമാരക്കാർക്ക് കൗൺസിലിംഗ് നടത്തുന്നതിനായി ആരംഭിച്ച അഡോളസെന്റ്സ് ക്ലിനിക്ക് & കൗൺസിലിംഗ് സെന്റർ രക്ഷിതാക്കളും വിദ്യാർത്ഥികളും പ്രയോജനപ്പെടുത്തുന്നുണ്ട്.

നയനാമൃതം ക്ലിനിക്ക്

കണ്ണിനെ ബാധിക്കുന്ന ഡൈബറ്റിക് റെറ്റിനോപതിയെയും റെറ്റിനയെ ബാധിച്ച് അന്ധതയിലേക്ക് നയിക്കുന്ന നേത്രരോഗങ്ങളെയും ആരംഭത്തിലെ തിരിച്ചറിഞ്ഞ് ചികിത്സിക്കുന്നതിന് ആധുനിക ഉപകരണങ്ങളുടെ സഹായത്തോടെ ആരംഭിച്ച നയനാമൃതം ക്ലിനിക്ക് നേത്രരോഗികൾക്കും ഡൈബറ്റിക് രോഗികൾക്കും വലിയ ആശ്വാസമേകുന്നു.

അനുയാത്ര പദ്ധതി

കുഞ്ഞുങ്ങളിലെ ഓട്ടിസം, സെറിബ്രൽ പാഴ്സി, മെന്റൽ റിറ്റാർഡേഷൻ തുടങ്ങിയ അസുഖങ്ങൾ കണ്ടെത്തി ചികിത്സിക്കാൻ പീഡിയാട്രീഷനും ചൈൽഡ് സൈക്കോളജിസ്റ്റും സ്പീച്ച് തെറാപ്പിസ്റ്റും അടങ്ങുന്ന മെഡിക്കൽ ടീം നടത്തിവരുന്ന അനുയാത്ര പദ്ധതി കുഞ്ഞുങ്ങൾക്കും രക്ഷകർത്താക്കൾക്കും ഏറെ പ്രയോജനപ്രദമാണ്.

മാറിടത്തിലെ ക്യാൻസർ ആരംഭത്തിലെ കണ്ടെത്തുന്നതിനായി ആർ.സി.സിയിൽ നിന്നും പരിശീലനം സിദ്ധിച്ച ഡോക്ടർമാരും നഴ്സുമാരും അടങ്ങുന്ന ടീമിന്റെ പ്രത്യേക ക്ലിനിക്കും ഇവിടെ നടത്തിവരുന്നു. സ്ത്രീകൾക്ക് ഹെൽത്ത് ഫിറ്റ്നസ്, യോഗ സെന്ററും ഇവിടെ പ്രവർത്തിക്കുന്നു. കുടുംബാരോഗ്യ കേന്ദ്രം അണുവിമുക്തമാക്കി സൂക്ഷിക്കാൻ വിപുലമായ സൗകര്യങ്ങളാണ് ഇവിടെ ഏർപ്പെടുത്തിയിട്ടുള്ളത്. ക്ലീൻ എഫ്.എച്ച്.സി, ഗ്രീൻ

ലൈഫ് സമ്പൂർണ്ണതയിലേക്ക്

ചെമ്മരുതി ഗ്രാമപഞ്ചായത്ത് ലൈഫ് ഭവന പദ്ധതിയുടെ ഒന്നും രണ്ടും ഘട്ടങ്ങളുടെ നടത്തിപ്പിലും അഭിമാനാർഹമായ പുരോഗതി കൈവരിച്ചു. ഒന്നാം ഘട്ടത്തിൽ നിർമ്മാണം പൂർത്തീകരിക്കാനുണ്ടായിരുന്ന മുഴുവൻ വീടുകളും സമയബന്ധിതമായി പൂർത്തീകരിക്കുവാൻ കഴിഞ്ഞു. രണ്ടാംഘട്ടത്തിൽ അർഹത നേടിയ 43 ഗുണഭോക്താക്കളിൽ ഭൂരിഭാഗം പേരും നിർമ്മാണം പൂർത്തീകരിച്ചു കഴിഞ്ഞു. രണ്ടാംഘട്ടത്തിൽ ജില്ലയിലെ ആദ്യ വീട് പൂർത്തീകരിച്ചത് ചെമ്മരുതി ഗ്രാമപഞ്ചായത്തിലാണ്. നിർമ്മാണ പുരോഗതിക്ക് അനുസരിച്ച് സമയബന്ധിതമായി ഫണ്ട് ലഭ്യമായതോടെ വിചാരിച്ചതിലും മുമ്പ് തന്നെ പദ്ധതി വേഗത്തിലാക്കാൻ കഴിഞ്ഞു. നാലു ലക്ഷം രൂപയ്ക്ക് പുറമെ 12000 രൂപ കക്കൂസ് നിർമ്മാണത്തിനും മഹാത്മാ ഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതി പ്രകാരം അധിക ധനസഹായവും ഗുണഭോക്താക്കൾക്ക് നല്കി. കൂടാതെ ഗുണഭോക്താക്കൾക്ക് കോഴിക്കൂട്, ആട്ടിൻകൂട്, കമ്പോസ്റ്റ് പിറ്റ്, സോക്ക് പിറ്റ്, കാലിത്തൊഴുത്ത് തുടങ്ങിയ ആനുകൂല്യങ്ങളും നല്കുന്നുണ്ട്. പദ്ധതിയുടെ മൂന്നാം ഘട്ടമായ ഭൂമിയും വീടും നല്കുന്നതിലുള്ള ലിസ്റ്റിൽ 400 ഗുണഭോക്താക്കൾ ഉൾപ്പെട്ടിട്ടുണ്ട്. അതിന്റെ അർഹതാ പരിശോധന നടന്നുകൊണ്ടിരിക്കുന്നു.

എഫ്.എച്ച്.സി എന്നീ ആശയവും ഇവിടെ പ്രാവർത്തികമാക്കിയിട്ടുണ്ട്. ദിവസേന നൂറിൽപ്പരം ആളുകൾ ആശ്രയിക്കുന്ന ലബോറട്ടറിയും ഇ.സി.ജി സെന്ററും ഈ കേന്ദ്രത്തിന്റെ പ്രത്യേകതയാണ്. അംഗപരിമിതർക്കുവേണ്ടി പ്രത്യേക ടോയ്ലറ്റുകൾ, റാമ്പുകൾ എന്നിവ ഈ കേന്ദ്രത്തിൽ സ്ഥാപിച്ചിട്ടുണ്ട്.

രോഗപ്രതിരോധപ്രവർത്തനങ്ങളുടെ ഭാഗമായി പഞ്ചായത്തിലെ അഞ്ച് കുടുംബക്ഷേമകേന്ദ്രങ്ങളും (സബ്ബ് സെന്റർ) സർവ്വീസ് ഡെലിവറി സെന്ററായി ഉയർത്തി ആഴ്ചയിൽ ആറ് ദിവസവും

ഇവിടെ രോഗപ്രതിരോധ ക്ലിനിക്കുകൾ നടപ്പിലാക്കി വരുന്നതായി ഹെൽത്ത് ഇൻസ്പെക്ടർ കെ.ആർ. ഗോപകുമാർ പറഞ്ഞു.

കിടപ്പുരോഗികൾക്കും അവരുടെ കുടുംബാംഗങ്ങൾക്കും ഏറെ ആശ്വാസം പകരുന്ന പാലിയേറ്റീവ് കെയർ യൂണിറ്റ് ആംബുലൻസ് സൗകര്യത്തോടെ ഇവിടെ പ്രവർത്തിച്ചു വരുന്നു. ആശാ വോളന്റിയർമാർ ഈ കേന്ദ്രത്തിന്റെ ദൈനംദിന പ്രവർത്തനങ്ങളിൽ സജീവ പങ്കാളിത്തം വഹിക്കുന്നുണ്ട്.

കേരളത്തിൽ രോഗപ്രതിരോധ കുത്തിവയ്പ്പുകൾക്ക് ഏറ്റവും കൂടുതൽ കുട്ടികൾ എത്തുന്ന കുടുംബാരോഗ്യകേന്ദ്രമായി മാറാനും ഈ കേന്ദ്രത്തിന് കഴിഞ്ഞതായി മെഡിക്കൽ ഓഫീസർ ഡോ. അരുൺ പറഞ്ഞു. ആർദ്രം പദ്ധതിയിലൂടെ ഒരു മെഡിക്കൽ ഓഫീസർ, രണ്ട് സ്റ്റാഫ് നഴ്സ്, ഒരു ഫാർമസിസ്റ്റ്, ഒരു ലാബ് ടെക്നീഷ്യൻ എന്നീ പുതിയ അഞ്ച് തസ്തികകൾ കൂടി സർക്കാർ ഈ സ്ഥാപനത്തിന് അനുവദിച്ചിട്ടുണ്ട്. ചെമ്മരുതി ഗ്രാമപഞ്ചായത്തിൽ നിന്നും ഒരു ഡോക്ടറുടെ സേവനം കൂടി ഈ കേന്ദ്രത്തിൽ ലഭ്യമാക്കിയിട്ടുണ്ട്. അഡ്വ. വി. ജോയി എം.എൽ.എയുടെയും പഞ്ചായത്ത് പ്രസിഡന്റ് എ.എച്ച് സലിമിന്റെയും ഭരണസമിതിയുടെയും ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റിയുടെയും നിരന്തര പരിശ്രമങ്ങളാണ് ഈ കുടുംബാരോഗ്യ കേന്ദ്രത്തെ മികവിന്റെ കേന്ദ്രമാക്കി മാറ്റിയത്. കേന്ദ്ര ഗവണ്മെന്റിന്റെ ഗുണമേന്മാ പുരസ്കാരവും

കായകല്പപുരസ്കാരവും കേരള ഗവണ്മെന്റിന്റെ അക്രഡിറ്റേഷൻ അവാർഡും പാലിയേറ്റീവ് കെയർ യൂണിറ്റിനുള്ള വിവിധ അവാർഡുകളും ഈ കേന്ദ്രത്തിന് ലഭിച്ചിട്ടുണ്ട്.

ആർദ്രം പദ്ധതിയുടെ ഭാഗമായി ചെമ്മരുതി പഞ്ചായത്ത് ഇവിടെ നടപ്പിലാക്കിയ വിവിധ ആരോഗ്യപ്രവർത്തനങ്ങൾ പഞ്ചായത്തിലെ ജനങ്ങൾക്ക് ചികിൽസയ്ക്കായി സ്വന്തം പോക്കറ്റിൽ നിന്നും പണം ചെലവാക്കേണ്ടി വരുന്നത് കുറയ്ക്കാൻ സഹായിച്ചിട്ടുണ്ടെന്നും മെച്ചപ്പെട്ട ചികിത്സ ഉറപ്പാക്കാൻ കഴിഞ്ഞിട്ടുണ്ടെന്നും പഞ്ചായത്ത് പ്രസിഡന്റ് എ.എച്ച്. സലീം പറഞ്ഞു.

□

പഞ്ചായത്ത് ന്യൂസ് സർവ്വീസ്

മാതൃക

വട്ടവട പഠിപ്പിക്കുന്ന പഞ്ചായത്ത് പാഠങ്ങൾ

■ കെ.വി. കുര്യാക്കോസ്

ദുഃസ്വപ്നങ്ങൾ മാത്രം കണ്ടുറങ്ങിയിരുന്ന ഒരു ജനത പുതിയ ആകാശവും പുതിയ ഭൂമിയും സ്വപ്നം കാണാൻ തുടങ്ങിയിരിക്കുന്നു. അവരുടെ മുഖച്ചുളിവുകൾക്കിടയിലെ കണ്ണീർച്ചാലുകൾ വറ്റിത്തുടങ്ങിയിരിക്കുന്നു. ഒരു ജനത സ്വാതന്ത്ര്യത്തിന്റെയും അറിവിന്റെയും പുതിയ പ്രഭാതത്തിലേക്ക് കണ്ണ് തുറക്കുകയാണ്.

കേരളത്തിലെ അപൂർവ്വസുന്ദരമായ ഗ്രാമപഞ്ചായത്താണ് വട്ടവട. ഈ പഞ്ചായത്തിന് ഇതര പഞ്ചായത്തുകളുമായി സമാനതകൾ ഏറെയില്ല. പ്രകൃതി, ജനജീവിതം, കാലാവസ്ഥ, ഭാഷ, വേഷം, കൃഷി, ഭക്ഷണം, യാത്ര എല്ലാം വ്യതിരിക്തം! സൗന്ദര്യത്തിൽ പ്രകൃതി ഇത്രത്തോളം ധാരാളിത്തം കാണിച്ചിട്ടുള്ള ഭൂപ്രദേശം വേറെയുണ്ടാകാനിടയില്ല. ഹരിതാഭമായ മലനിരകളും തവിട്ടുനിറമാർന്ന താഴ്‌വാരങ്ങളും അകലെക്കാഴ്ചയിൽ ചതുരക്കള്ളികൾ പോലെ തോന്നുന്ന തട്ടുതട്ടായുള്ള കൃഷിയിടങ്ങളും ഇവിടുത്തെ ജൈവവൈവിധ്യങ്ങളുടെ ചില പ്രതിഫലനങ്ങൾ മാത്രം! പച്ചക്കാടുകൾ... അവയ്ക്കു മീതെ കുടപിടിക്കുന്ന സാന്ദ്രമായ മഞ്ഞുപാളികൾ... ഒറ്റനോട്ടത്തിൽ ശതഗുണീഭവിച്ച് വിസ്മയം തീർക്കുന്ന ദൃശ്യഭംഗികൾ...!

വടക്കും കിഴക്കും തമിഴ്‌നാടുമായി അതിർത്തി പങ്കിടുന്ന ഈ താഴ്‌വാരഗ്രാമത്തിന് നൂറ്റാണ്ടുകളുടെ ജനവാസ പാരമ്പര്യമുണ്ട്. സംഘകാലത്ത് അനിഷേധ്യമായ രാജാധികാരത്തിന്റെ നേർക്ക് സ്വന്തം പയോദരം പറിച്ചെറിഞ്ഞ് മധുരാപുരിയെ വിറപ്പിച്ച കണ്ണകിയുടെ കാലം മുതലുള്ള പലായനമുണ്ട് ഇങ്ങോട്ട്. മധുരാപുരി വെന്തെരിഞ്ഞ ആ കാലത്ത് ഭയന്നോടിയ ചിലർ സഹ്യപർവ്വതത്തിന്റെ കൂർത്ത അരികുകൾ സാഹസികമായി കടന്ന് ഇവിടെ സ്ഥിരതാമസമാക്കിയത്രെ.

ആ തറവാടിത്തവും പാരമ്പര്യ സാംസ്കാരിക ബോധവും കയ്യൊഴിയാതെ അവരുടെ എട്ടാം തലമുറ വാഴുന്ന ഈ പ്രദേശത്ത് ഇന്നും ഭാഷയും ഭക്ഷണവും വേഷവുമൊക്കെ ദ്രാവിഡ ഗോത്ര രീതിയിൽ നിന്നും ഏറെ ഭിന്നമല്ല. ഇവിടുത്തെ ജനപദത്തിന്റെ സാംസ്കാരിക ഭൂമികയ്ക്ക് മഹാഭാരത ചരിത്രത്തോളം ദൂരമുണ്ട്. പാണ്ഡവർ വനവാസകാലത്ത് ഇവിടുത്തെ

കാടുകളിൽ ചുറ്റിത്തിരിഞ്ഞതിന്റെ അവശേഷിപ്പുകൾ വട്ടവടക്കാർ ആത്മാഭിമാനത്തോടെ ചൂണ്ടിക്കാണിക്കും.

രാജവാഴ്ചയുടെ കുളമ്പടിയൊച്ചകളെ ഓർമ്മകളിൽ ഇന്നും താലോലിക്കുന്നതുകൊണ്ടാകണം അവിടവിടെ കുതിരലായങ്ങൾ.... അശ്വഗന്ധമാർന്ന ഗലികളിൽ ചിതറുന്ന ചിനയ്യലുകൾ.....!

13 വാർഡുകളിലായി ചിതറിക്കിടക്കുന്ന വട്ടവട ഗ്രാമ പഞ്ചായത്തിന് 67.81 ച.കി.മീ. വിസ്തീർണ്ണമുണ്ട്. മഴയും തണുപ്പും ഗാഢമായ സൗഹൃദം പങ്കുവയ്ക്കുന്ന താഴ്വാരങ്ങളിൽ വിളയുന്ന പച്ചക്കറികൾക്ക് തികഞ്ഞ ജൈവസ്വഭാവമാണുള്ളത്. ഗ്രാമീണരുടെ നിഷ്കളങ്കത പോലെ പാഷാണരഹിതമായ പച്ചക്കറികൾ!

പ്രാകൃതവും പ്രാചീനവുമായ ഒരു ജീവിത സംസ്കാരത്തിൽ നിന്നും ഇന്ന് നാം കാണുന്ന വട്ടവടയിലേക്കുള്ള ദൂരം കേവല ഗണിതപ്പെരുക്കങ്ങൾ കൊണ്ടോ നിരർത്ഥകമായ വാചാലത കൊണ്ടോ രേഖപ്പെടുത്തേണ്ടതല്ല. ഒരു ജനതയുടെ ദൈന്യതയെ അഗാധമായി സ്പർശിച്ചതിന്റെ സ്നേഹസ്പന്ദനമായ ചരിത്രമുണ്ട് അതിനു പിന്നിൽ. ആ ചലനാത്മക ചരിത്രത്തെ ഉരുവപ്പെടുത്തിയതിലുള്ള ഇപ്പോഴത്തെ ഭരണസമിതിയുടെ പങ്ക് മിതമായി പറഞ്ഞാൽ അവിശ്വസനീയമാണ്.

വൃത്തിയുള്ള ടോയ്‌ലറ്റുകൾ

പൊതുനിരത്തുകളിൽ സ്വതന്ത്രമായി കാലുകുത്താൻ കഴിയാതിരുന്ന ഒരു കാലമുണ്ടായിരുന്നു വട്ടവടയ്ക്ക്. അത്രമാത്രം ശുചിത്വരഹിതമായിരുന്നു വീടും പരിസരവും പൊതുനിരത്തുകളും. ഇന്ന് അവർ താമസിക്കുന്ന വീടും പരിസരങ്ങളും പൊതുനിരത്തുകളും ടൈലുകൾ പതിച്ച് വൃത്തിയാക്കിയിരിക്കുന്നു. എല്ലാ കുടുംബങ്ങൾക്കും വൃത്തിയുള്ള ടോയ്‌ലറ്റുകൾ നിർമ്മിച്ചു നല്കിയിരിക്കുന്നു. കേവലം 14 ദിവസങ്ങൾകൊണ്ട് 282 ടോയ്‌ലറ്റുകൾ നിർമ്മിച്ച അതിദ്രുത പദ്ധതിക്കാണ് പഞ്ചായത്ത് രൂപം കൊടുത്തത്. പഞ്ചായത്തിന്റെ നേതൃത്വത്തിൽ ബോധവല്ക്കരണ ക്ലാസ്സുകളും പരിശീലന പരിപാടികളും സംഘടിപ്പിച്ചാണ് ഇത്തരം ടോയ്‌ലറ്റുകൾ ഉപയോഗിക്കാൻ അവരെ പരിശീലിപ്പിച്ചത്. ആധുനിക ടോയ്‌ലറ്റുകൾ ഉപയോഗിക്കുന്നത് ദൈവനിഷേധമാണെന്ന് കരുതിവന്ന ഒരു ജനതയുടെ ഉള്ളിലെ ഘോരമായ തമസ്സിനെയാണ് ഇപ്രകാരം മാറ്റിയെടുത്തത്.

ബോധവല്ക്കരണ ക്ലാസ്സുകളും പരിശീലന പരിപാടികളും സംഘടിപ്പിച്ചാണ് ഇത്തരം ടോയ്‌ലറ്റുകൾ ഉപയോഗിക്കാൻ അവരെ പരിശീലിപ്പിച്ചത്. ആധുനിക ടോയ്‌ലറ്റുകൾ ഉപയോഗിക്കുന്നത് ദൈവനിഷേധമാണെന്ന് കരുതിവന്ന ഒരു ജനതയുടെ ഉള്ളിലെ ഘോരമായ തമസ്സിനെയാണ് ഇപ്രകാരം മാറ്റിയെടുത്തത്.

പഞ്ചായത്ത് കെട്ടിടവും ഓഫീസ് പ്രവർത്തനങ്ങളും

ഇത്ര പരിമിതമായ സൗകര്യത്തിൽ ഒരു പഞ്ചായത്ത് ഓഫീസും കേരളത്തിൽ പ്രവർത്തിച്ചിട്ടുണ്ടാകില്ല. പ്രസിഡന്റിനും സെക്രട്ടറിക്കും ഇരിക്കാൻ രണ്ടു കുടുസ്സുമുറികൾ. രണ്ട് കസേരകൾ പോലും ഇടാൻ കഴിയാത്ത ദുരവസ്ഥ. ഓഫീസിലെത്തുന്ന പാവങ്ങളുടെ കാര്യം പറയേണ്ടതില്ലല്ലൊ. ഇത്തരമൊരവസ്ഥയിൽ നിന്നാണ് ഇന്നു കാണുന്ന ബഹുനില മന്ദിരത്തിലേക്ക് പഞ്ചായത്ത് മാറിയിട്ടുള്ളത്. മികച്ച ഒരു കോൺഫറൻസ് ഹാളിന് പുറമേ പ്രസിഡന്റ്, സെക്രട്ടറി, വൈസ് പ്രസിഡന്റ്, സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ ഇവർക്കെല്ലാം പ്രത്യേകം മുറികൾ. കുടുംബശ്രീക്കായി പ്രത്യേക സംവിധാനങ്ങൾ, ജീവനക്കാർക്ക് താമസിക്കാനുള്ള സൗകര്യങ്ങൾ വേറെ. ഇങ്ങനെ ഗ്രാമപഞ്ചായത്തിന്റെ ഭൗതിക സൗകര്യങ്ങളിലുണ്ടായിരിക്കുന്ന മാറ്റങ്ങൾ അതിശയിപ്പിക്കുന്നതാണ്.

ഓഫീസിലെത്തുന്ന നാട്ടുകാർക്ക് നിമിഷങ്ങൾക്കുള്ളിൽ കാര്യം സാധിച്ച്

മടങ്ങാം. തലക്കനമോ ജാടയോ ഇല്ലാത്ത ഭരണക്കാരും ഉദ്യോഗസ്ഥരും. സെക്രട്ടറിയുടെ വിനയവും കാര്യക്ഷമതയും ആളുകൾ കാര്യമായി ചർച്ച ചെയ്യുന്നുണ്ട്.

2017-18, 2018-19 വർഷങ്ങളിൽ 100% നികുതി പിരിച്ചെടുക്കാൻ കഴിഞ്ഞിരിക്കുന്നു. 2018 ൽ പദ്ധതിത്തുകയുടെ 100% വിനിയോഗവും പൂർത്തിയാക്കുകയുണ്ടായി.

ഐ.എസ്.ഒ അംഗീകാരവും റെക്കോർഡ് റൂമും

2018ലാണ് റെക്കോർഡ് റൂം സജ്ജീകരിച്ചത്. ഇവിടെ പിന്നീട് ഐ.എസ്.ഒ. മാർഗ്ഗനിർദ്ദേശങ്ങൾക്കനുസരിച്ച് റെക്കോർഡുകൾ പുനഃക്രമീകരിക്കുകയുണ്ടായി. ഇതിനായി കുടുംബശ്രീ അംഗങ്ങളുടെയും വിദ്യാഭ്യാസമുള്ള ചെറുപ്പക്കാരുടെയും സേവനം സ്വീകരിക്കുകയുണ്ടായി. 2018 മാർച്ചിൽ ഐ.എസ്.ഒ. അംഗീകാരം ലഭിച്ചു.

മൾട്ടി അമിനിറ്റീസ് ഹബ്ബ്

തദ്ദേശമിത്രം സ്കീമിലുൾപ്പെടുത്തി KLGSDP മുഖേന ലോക ബാങ്കിന്റെ സഹായത്തോടെ നിർമ്മിച്ചതാണ് മൾട്ടി അമിനിറ്റീസ് ഹബ്ബ്. 2 കോടി രൂപയാണ് ഇതിനായി ചെലവഴിച്ചിട്ടുള്ളത്. ഒട്ടേറെ വെല്ലുവിളികൾ അഭിമുഖീകരിച്ച് നടപ്പാക്കിയ ഈ പദ്ധതി മുഖേന പഞ്ചായത്തിന്റെ തനത് ഫണ്ട് വർദ്ധനവ് ലക്ഷ്യമിടുന്നുണ്ട്. വർദ്ധിച്ചുവരുന്ന ടൂറിസ്റ്റ് സാധ്യതകളെ മുന്നിൽക്കണ്ട് ഇവിടെ ഗസ്റ്റുകളെ പാർപ്പിക്കാൻ ഉദ്ദേശിക്കുന്നു. ഇപ്പോൾ ഇവിടെ ഒരു ആയുർവേദ ആശുപത്രി പ്രവർത്തിക്കുന്നുണ്ട്.

പച്ചക്കറികൃഷി

കൃഷിമന്ത്രി പലവട്ടം വട്ടവടയിലെത്തി ഇവിടുത്തെ കൃഷിരീതികൾ നിരീക്ഷിച്ചു. പച്ചക്കറിയുടെ വിപണനവും ഉപഭോഗവുമൊക്കെ ചർച്ചയായി. കൃഷിക്കാർക്ക് ഉയർന്ന വില ലഭിക്കുന്നതിനായി ഹോർട്ടി കോർപ്പ് പുനഃസംഘടിപ്പിച്ചു. കാബേജ്, ബീൻസ്, ഉരുളക്കിഴങ്ങ്, റാഗി, സൂചി ഗോതമ്പ്, മഞ്ഞപ്പുല്ല് ഉടങ്ങിയ കൃഷികൾ കൂടുതൽ ശാസ്ത്രീയമായി. വിളവുകൾ കേരളത്തിലെ മുഖ്യധാരാ കമ്പോളങ്ങളെ സജീവമാക്കി.

108 പട്ടികജാതി കുടുംബങ്ങൾക്കും 15 ജനറൽ കാറ്റഗറിയിൽപെടുന്നവർക്കും താമസിക്കാൻ കഴിയുന്ന ഒരു അപ്പാർട്ട്മെന്റ്. പഞ്ചായത്തിന്റെ തനതുഫണ്ടിൽ നിന്നോ പ്ലാൻ ഫണ്ടിൽ നിന്നോ ഒരു രൂപ പോലും വകയിരുത്താതെയുള്ള ഒന്നാംതരം പ്രോജക്ട്. ഇതിന് സർക്കാരിന്റെ അംഗീകാരം കിട്ടിയെന്ന് മാത്രമല്ല ഇതിനെ സംസ്ഥാനത്തിന്റെ ഒരു പൈലറ്റ് പ്രോജക്ടായി പ്രഖ്യാപിക്കുകയും ചെയ്തു.

വട്ടവട മോഡൽ വില്ലേജ്

11.52 കോടി രൂപയുടെ ഭവന നിർമ്മാണ പദ്ധതിയാണിത്. 108 പട്ടികജാതി കുടുംബങ്ങൾക്കും 15 ജനറൽ കാറ്റഗറിയിൽപെടുന്നവർക്കും താമസിക്കാൻ കഴിയുന്ന ഒരു അപ്പാർട്ട്മെന്റ്. പഞ്ചായത്തിന്റെ തനതുഫണ്ടിൽ നിന്നോ പ്ലാൻ ഫണ്ടിൽ നിന്നോ ഒരു രൂപ പോലും വകയിരുത്താതെയുള്ള മോഹിപ്പിക്കുന്ന ഒന്നാംതരം പ്രോജക്ട്. ഇതിന് സർക്കാരിന്റെ അംഗീകാരം കിട്ടിയെന്ന് മാത്രമല്ല ഇതിനെ സംസ്ഥാനത്തിന്റെ ഒരു പൈലറ്റ് പ്രോജക്ടായി പ്രഖ്യാപിക്കുകയും ചെയ്തു. ഈ സമുച്ചയത്തിൽ ഷോപ്പിംഗ് കോംപ്ലക്സ് തൊട്ട് മാലിന്യസംസ്കരണ പ്ലാന്റ് വരെയുണ്ട്. ഇതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ശരിയായ രീതിയിൽ പുരോഗമിച്ചു വരികയാണ്.

ഫാമിലി ഹെൽത്ത് സെന്ററിന് ഐ.എസ്.ഒ. അംഗീകാരം

സർക്കാരിന്റെ ആർദ്രം പദ്ധതിയിലുൾപ്പെടുത്തി വട്ടവട പിഎച്ച്സിയെ ഹെൽത്ത് സെന്റർ ആയി ഉയർത്തി. ജില്ലയിലെ ഏറ്റവും മികച്ച ബേബിഫ്രണ്ട്ലി ഇമ്മ്യൂണൈസേഷൻ റൂം നിർമ്മിക്കാനും പഞ്ചായത്തിന് സാധിച്ചു. മെഡിക്കൽ സൗകര്യങ്ങൾക്കായി കിലോമീറ്ററുകൾ താണ്ടി വരുന്ന തദ്ദേശവാസികൾക്ക് സൗകര്യപ്രദമായ ആശുപത്രിയും ഇസിജി, ലാബ് സൗകര്യവും ലഭ്യമാക്കി. ഡോക്ടറുടെ സാന്നിദ്ധ്യം എന്നും എപ്പോഴും ലഭ്യമായി. ഇതോടെ ഇടുക്കിയിൽ ആദ്യമായി ഐ.എസ്.ഒ. അംഗീകാരം നേടുന്ന ആശുപത്രിയായി വട്ടവട എഫ്.എച്ച്.സെന്റർ.

കേരളത്തിലെ ഏറ്റവും വലിയ പഞ്ചായത്ത് ലൈബ്രറി

ധീരരക്തസാക്ഷി അഭിമന്യുവിന്റെ പേരിൽ സ്ഥാപിതമായ ലൈബ്രറിയാണ് അഭിമന്യു മഹാരാജാസ് ലൈബ്രറി. ഇതിന്റെ ഉദ്ഘാടനം മുഖ്യമന്ത്രി പിണറായി വിജയൻ നിർവ്വഹിച്ചു. പുസ്തകങ്ങളുടെ എണ്ണത്തിലും മറ്റ് ഭൗതിക സാഹചര്യങ്ങളിലും ഏറെ മുന്നിലാണ് ഈ ലൈബ്രറി.

പൊതുവിദ്യാഭ്യാസവും പുരോഗതിയും

-2 മുതൽ +2 വരെയുള്ള വിദ്യാഭ്യാസ സൗകര്യങ്ങൾ വട്ടവടയിൽ ഇപ്പോഴുണ്ട്. പൊതുമേഖലയിലും സ്വകാര്യമേഖലയിലും പ്രവർത്തിക്കുന്ന സ്കൂളുകൾ ഇവിടെയുണ്ട്. കൂടാതെ ആദിവാസി മേഖലകളിൽ 2 ഏകാധ്യാപക സ്കൂളുകളും പ്രവർത്തിക്കുന്നുണ്ട്. ഇവിടെ 12 വരെയുള്ള സർക്കാർ സ്കൂൾ ഹൈടെക് സ്കൂളാണ്. സ്മാർട്ട് ക്ലാസ്സ് മുറികളിൽ ഇപ്പോൾ അത്യാധുനിക സൗകര്യങ്ങളുണ്ട്.

പകുതി കച്ചേരി

തിരുവിതാംകൂർ രാജാവിന്റെ കീഴിലുള്ള പകുതി കച്ചേരി ഇവിടെ പ്രവർത്തിച്ചിരുന്നു. ഇന്നത്തെ സബ്കോടതിക്കാണ് അന്നത്തെ പകുതിക്കച്ചേരി എന്നു പറയുന്നത്. പകുതി കച്ചേരി പ്രവർത്തിച്ചിരുന്ന കെട്ടിടം ഇന്നും ഇവിടെ കാണാം. പഞ്ചായത്ത് ഇതിനെ സ്മാരകമാക്കാൻ ഉദ്ദേശിക്കുന്നുണ്ട്. അതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നുണ്ട്.

ധീരരക്തസാക്ഷി അഭിമന്യുവിന്റെ പേരിൽ സ്ഥാപിതമായ ലൈബ്രറിയാണ് അഭിമന്യു മഹാരാജാസ് ലൈബ്രറി. പുസ്തകങ്ങളുടെ എണ്ണത്തിലും മറ്റ് ഭൗതിക സാഹചര്യങ്ങളിലും ഏറെ മുന്നിലാണ് ഈ ലൈബ്രറി.

അംഗീകാരങ്ങളും അവാർഡുകളും

2016-17 വർഷത്തിലെ മഹാത്മാ പുരസ്കാരം- രണ്ടാം സ്ഥാനം. തൊഴിലുറപ്പ് പ്രവർത്തന മികവിനായിരുന്നു അംഗീകാരം.

2017-18 ൽ തൊഴിലുറപ്പ് പ്രവർത്തന മികവിന് ജില്ലയിൽ ഒന്നാം സ്ഥാനവും മഹാത്മാ പുരസ്കാരവും.

വേറിട്ട പ്രവർത്തനങ്ങൾക്ക് സെക്രട്ടറിക്ക് പ്രതിഭാ പുരസ്കാരം.

ഇരവും പകലും ഒരേ പോലെ പണിയെടുക്കാൻ മനസ്സുള്ള ഭരണസമിതിയും ജീവനക്കാരും സമാനതകളില്ലാത്ത പദ്ധതികളാണ് ആവിഷ്കരിച്ചുകൊണ്ടിരിക്കുന്നത്. ദുഃസ്വപ്നങ്ങൾ മാത്രം കണ്ടുറങ്ങിയിരുന്ന ഒരു ജനത പുതിയ ആകാശവും പുതിയ ഭൂമിയും സ്വപ്നം കാണാൻ തുടങ്ങിയിരിക്കുന്നു. അവരുടെ മുഖച്ചുളിവുകൾക്കിടയിലെ കണ്ണീർച്ചാലുകൾ വറ്റിത്തുടങ്ങിയിരിക്കുന്നു. ഒരു ജനത സ്വാതന്ത്ര്യത്തിന്റെയും അറിവിന്റെയും പുതിയ പ്രഭാതത്തിലേക്ക് കണ്ണുതുറക്കുകയാണ്. നൂറ്റാണ്ടുകൾ പിന്നിട്ട അടിമബോധത്തിന്റെയും അസ്വാതന്ത്ര്യത്തിന്റെയും കട്ടപിടിച്ച ഇരുളറകളിൽ നിന്നും...! വട്ടവടയുടെ മലമുകളിൽ ഇപ്പോൾ ഉദിക്കുന്നത് കറുത്ത സൂര്യനല്ല. സപ്തവർണ്ണാശ്വങ്ങളെ പൂട്ടിക്കെട്ടിയ സ്വർണ്ണസൂര്യൻ! പ്രതീക്ഷയുടെ ഒരായിരം നക്ഷത്രവെട്ടങ്ങൾ...! □

ലേഖകൻ ഇടുക്കി പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറാണ്.

...എന്ന് വായനക്കാർ

പഞ്ചായത്തിന്റെ തിളങ്ങുന്ന നാക്ക്

കേരളം നൂറ്റാണ്ടിന്റെ ദുരന്തം 2018 ൽ വെള്ളപ്പൊക്കമായി അനുഭവിച്ചു. അതിന്റെ ദുരന്തത്തിൽ നിന്നും കരകയറി വരുന്ന ഘട്ടത്തിലാണ് സ്വപ്നങ്ങൾക്കും പ്രതീക്ഷകൾക്കും മേലെ അല്ലമഴ തിമിർത്ത് പെയ്ത് ജീവിതത്തെ വേദനകൾക്കിടയിലാക്കിയ രണ്ടാം ഘട്ടം 2019 ൽ ഉണ്ടായത്.

എന്നാൽ എല്ലാ തരത്തിലുമുള്ള അഭിപ്രായവ്യത്യാസങ്ങളും അപ്രസക്തമാക്കി ഐക്യത്തിന്റെ പുതുഗാഥ രചിച്ച കേരള ജനത മറ്റ് സംസ്ഥാനങ്ങൾക്ക് ഉത്തമ മാതൃകയായി. ഓരോ വ്യക്തിയുടെയും ജീവിതസ്പന്ദനം വ്യക്തമായി തിരിച്ചറിയുന്ന പഞ്ചായത്ത് സംവിധാനം അവസരത്തിനൊത്തുയർന്ന കാഴ്ച നാം കണ്ടു. പഞ്ചായത്തിന്റെ തിളങ്ങുന്ന നാക്കായ പഞ്ചായത്ത് രാജ് മാസിക ആഗസ്റ്റ് ലക്കം, വിപത്ഘട്ടത്തിൽ ജനങ്ങൾക്ക് വേണ്ടി ആത്മാർത്ഥമായും മികവോടെയും പ്രവർത്തിച്ച സർക്കാരിന്റെ സജീവ ഇടപെടലുകളാണ് വിളിച്ച് പറഞ്ഞത്.

മുഖ്യമന്ത്രിയുടെ പ്രാവർത്തികമായ ആശ്വാസവാക്കുകൾ മാസികയിൽ ഉൾപ്പെടുത്തിയത് ഉപകാരപ്രദമായി. വകുപ്പ് മന്ത്രി എ. സി. മൊയ്തീന്റെ നാം ഒന്നിച്ച് കുപ്രചരണങ്ങളെ തള്ളണമെന്ന ആഹ്വാനത്തിന് ഏറെ പ്രസക്തിയുണ്ട്. കുടുംബശ്രീയുടെ ദുരിതാശ്വാസ പ്രവർത്തനം മറക്കാവുന്നതല്ല. ആഗസ്റ്റ് ലക്കം മാസികയിൽ വന്ന തിടനാട്ടിലെ ബോട്ടിൽ ബൂത്തിന്റെ വാർത്ത എല്ലാവരും ശ്രദ്ധിക്കേണ്ടതാണ്. ലൈഫ് മിഷന്റെ പ്രവർത്തനം സജീവമായി മുന്നേറുന്നത് ഭവനരഹിതർക്കൊരു ആശ്വാസമാണ്. പ്രകൃതി സൗഹൃദ കൃഷിക്ക് മകുടോദാഹരണമായി മാറിയ കൊടുമൺ ഗ്രാമത്തെ കുറിച്ച്, പുതുപരിയാരം ഗ്രാമപഞ്ചായത്തിന്റെ ശുചിത്വമാതൃകയെ കുറിച്ചും പടിയിറങ്ങി പോയ പത്തായത്തിന്റെ സവിശേഷതകളെ പറ്റിയും (മുരളീധരൻ തഴക്കര) വായിക്കാൻ അവസരമൊരുക്കിയതിന് കൃതജ്ഞത രേഖപ്പെടുത്തുന്നു.

സുരേഷ്കുമാർ
നെയ്യാറ്റിൻകര

പഞ്ചായത്ത് രാജ് മാസികയിലേക്കുള്ള ലേഖനങ്ങളും കത്തുകളും prmdp2018@gmail.com എന്ന ഇ മെയിൽ വിലാസത്തിൽ അയയ്ക്കേണ്ടതാണ്.

പി.വി.സി ഫ്ലക്സ് നിരോധിച്ച് ഉത്തരവായി

ആരോഗ്യ-പാരിസ്ഥിതിക പ്രശ്നങ്ങൾ സൃഷ്ടിക്കുന്ന പോളി വിനൈൽ ക്ലോറൈഡ് (പി.വി.സി) ഉപയോഗിച്ചുള്ള ഫ്ലക്സ് സംസ്ഥാനത്ത് നിരോധിച്ച് തദ്ദേശ സ്വയംഭരണ വകുപ്പ് ഉത്തരവായി. ഇത് സംബന്ധിച്ച് പാലിക്കേണ്ട നടപടിക്രമങ്ങളും ഉത്തരവിൽ വിശദമാക്കിയിട്ടുണ്ട്.

സർക്കാർ പരിപാടികൾ, സ്വകാര്യ പരിപാടികൾ, മതപരമായ ചടങ്ങുകൾ, സിനിമ, തെരഞ്ഞെടുപ്പ് പ്രചാരണം, മറ്റു പരസ്യങ്ങൾ ഉൾപ്പെടെ യാതൊരു പ്രചാരണത്തിനും പി.വി.സി ഫ്ലക്സ് ഉപയോഗിക്കാനോ അച്ചടിക്കാനോ പാടില്ല. പകരം പരിസ്ഥിതി സൗഹൃദവും പുനഃചംക്രമണം ചെയ്യാൻ സാധിക്കുന്നതുമായ വസ്തുക്കൾ ഉപയോഗിച്ചുള്ള പ്രിന്റിംഗ് പ്രോത്സാഹിപ്പിക്കണം.

പി.വി.സി ഫ്ലക്സിന് പകരമായി തുണി, പേപ്പർ, പോളി എത്തലീൻ തുടങ്ങി പുനഃചംക്രമണം സാധ്യമായ വസ്തുക്കൾ ഉപയോഗിച്ച് അച്ചടിക്കുന്ന ബാനറുകളോ പരസ്യബോർഡുകളോ മാത്രമേ പരസ്യപ്രചാരണങ്ങൾക്ക് ഉപയോഗിക്കാവൂ. പ്ലാസ്റ്റിക് കോട്ടിങ് ഉള്ള ക്ലോത്ത് ഉപയോഗിക്കാൻ പാടില്ല.

ഇത്തരം വസ്തുക്കളിൽ അച്ചടിക്കുമ്പോൾ 'റീസൈക്ലബിൾ, പി.വി.സി ഫ്രീ' എന്ന ലോഗോയും ഉപയോഗം അവസാനിക്കുന്ന തീയതിയും പ്രിന്റ് ചെയ്യുന്ന സ്ഥാപനത്തിന്റെ പേരും പ്രിന്റിംഗ് നമ്പരും നിർബന്ധമായും ഉൾപ്പെടുത്തണം. പ്രിന്റ് ചെയ്യുന്ന ഉപഭോക്താവിന്റെ മുഴുവൻ വിവരവും സ്ഥാപനത്തിൽ സൂക്ഷിക്കണം. തീയതി വച്ചുള്ള പരിപാടി ബാനറുകൾക്ക് അത് അവസാനിക്കുന്ന തീയതി ഉപയോഗം അവസാനിക്കുന്ന തീയതിയായും തീയതി വയ്ക്കാത്ത സ്ഥാപനങ്ങളുടെയും മറ്റും പരസ്യങ്ങൾക്ക് പരമാവധി 90 ദിവസം പിന്നിട്ടുള്ള തീയതി ഉപയോഗം അവസാനിക്കുന്ന തീയതിയായും നിശ്ചയിക്കണം.

ഇങ്ങനെ പ്രദർശിപ്പിക്കുന്ന ബോർഡുകൾ/ബാനറുകൾ ഉപയോഗം അവസാനിക്കുന്ന തീയതിക്കുശേഷം പരമാവധി ഏഴ് ദിവസത്തിനുള്ളിൽ സ്ഥാപിച്ചവർ തന്നെ നീക്കം ചെയ്യണം. തദ്ദേശസ്ഥാപനങ്ങളുടെ അനുമതിയോടെ സ്ഥാപിച്ചിട്ടുള്ള നിലവിലുള്ള പരസ്യബോർഡുകൾക്കും ഈ വ്യവസ്ഥ ബാധകമായിരിക്കും. ഇതിന് വിരുദ്ധമായി പ്രവർത്തിക്കുന്ന ബോർഡ് സ്ഥാപിച്ചവരിൽനിന്ന് സ്ക്വയർഫീറ്റിന് 20 രൂപ നിരക്കിൽ പിഴയും ഡിസ്മാന്റലിംഗ് ചാർജ്ജും കൺവയൻസ് ചാർജ്ജും അതത് നഗരസഭ/ഗ്രാമപഞ്ചായത്ത് ഈടാക്കണം.

സംസ്ഥാനത്തെ മുഴുവൻ പരസ്യ പ്രിന്റിംഗ് സ്ഥാപനങ്ങളിലും പുനഃചംക്രമണം ചെയ്യാവുന്ന വസ്തുക്കൾ ഉപയോഗിച്ചുള്ള പ്രിന്റിംഗ് ജോലികൾ മാത്രമേ ഏറ്റെടുക്കുകയുള്ളൂ എന്ന് പൊതുജനശ്രദ്ധ ലഭിക്കും വിധം പ്രദർശിപ്പിക്കണം.

പി.വി.സി ഫ്ലക്സിൽ അച്ചടിക്കുന്ന ബാനർ/ബോർഡ് സ്ഥാപിക്കുന്ന വ്യക്തി/സ്ഥാപനത്തിന് നോട്ടീസ് നല്കും . അച്ചടിച്ചു നല്കിയ സ്ഥാപനത്തിന്റെ വിവരം ശേഖരിച്ച് അവരിൽനിന്ന് ആദ്യപടിയായി സ്ക്വയർഫീറ്റിന് 20 രൂപ നിരക്കിൽ തദ്ദേശസ്ഥാപനങ്ങൾ പിഴ ഈടാക്കാൻ നിർദ്ദേശിച്ചിട്ടുണ്ട്. ഇത്തരം നിയമവിരുദ്ധ പ്രവൃത്തികൾ തുടരുകയാണെങ്കിൽ അത്തരം സ്ഥാപനങ്ങളുടെ ലൈസൻസ് റദ്ദാക്കും. നടപടിക്രമങ്ങൾ പാലിക്കുന്നുണ്ടെന്ന് തദ്ദേശസ്ഥാപന സെക്രട്ടറിമാർ ഉറപ്പുവരുത്തണമെന്നും ഉത്തരവിൽ പറയുന്നു.

(സ.ഉ (കൈ.) നം. 111/2019/തസ്വഭവ, തീയതി 29.08.2019)

പരസ്യ നിരക്ക്

കവർ (അവസാന പുറം) കളർ	₹ 12000
കവർ (ഉൾവശം) കളർ	₹ 10000
കവർ (ഉൾവശം) ബ്ലാക്ക് & വൈറ്റ്	₹ 8000
മറ്റു പേജുകൾ (കളർ)	₹ 8000
മറ്റു പേജുകൾ (ബ്ലാക്ക് & വൈറ്റ്)	₹ 6000
അരപേജ് (കളർ)	₹ 5000
അര പേജ് (ബ്ലാക്ക് & വൈറ്റ്)	₹ 3000

പഞ്ചായത്ത്‌രാജ്

വാർഷിക വരിസംഖ്യ ₹ 120

PANCHAYAT RAJ (Monthly) September 2019
Annual Subscription ₹120, Published on 20 September 2019

RNI. No. : 7959/61
Postal Reg. No. KL/TV(N) 391/2018-20
Licensed to post without prepayment No. KL/TV(N) WPP/85/2018-20

അതിജീവനത്തിനായി കൈകോർക്കാം

പ്രളയത്തിൽ തകർന്ന മലപ്പുറത്തെ പുഴക്കാട്ടിരി ഗ്രാമപഞ്ചായത്ത്
16-ാം വാർഡിലെ പാതിരമണി നീലംതൊടി പത്മാവതി അമ്മയുടെ
വീട് പുനർനിർമ്മിച്ച ശേഷം.

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേയ്ക്ക് സംഭാവന ചെയ്യാം

Website: donation.cmdrf.kerala.gov.in
A/C No. 67319948232, A/C Name: Chief Ministers Distress Relief Fund,
Branch: SBI, City Branch, Thiruvananthapuram
IFSC: SBIN0070028, PAN: AAAGD0584M, SWIFT CODE: SBININBBT08
(google pay, phone pay, paytm, bhim) വഴിയും പണം അയയ്ക്കാം
CMDRF ലേയ്ക്കുള്ള സംഭാവന പൂർണ്ണമായും ആദായ നികുതി മുക്തമാണ്

STAND WITH KERALA

കേരള സർക്കാർ ഇൻഫർമേഷൻ-പബ്ലിക് റിലേഷൻസ് വകുപ്പ്

Connect with CM | fb.me/cmokerala twitter.com/cmokerala | PRD Live Mobile App /Keralainformation | PRD Media Handbook App

Printed & Published by Dr. B.S. Thirumeni IAS, Director, Dept. of Panchayats on behalf of Govt. of Kerala and
Printed at Gramalakshmi Mudralayam, Kanjikodu, Palakkad, Kerala and
Published at Directorate of Panchayats, Museum P.O., Thiruvananthapuram - 695 033, Kerala. Editor: Dr. B.S. Thirumeni IAS